കേരള സർക്കാർ

# സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

# 2008 - 2009

*(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23,*
*1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 25*
*എന്നിവ പ്രകാരം സമർപ്പിക്കുന്നത്*

**ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്**

# സമർപ്പണം

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 2008-09 സാമ്പത്തിക വർഷം ഓഡിറ്റ് ചെയ്ത് പുറപ്പെടുവിച്ച വിവിധ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും തിരഞ്ഞെടുത്ത ശ്രദ്ധേയമായപരാമർശങ്ങൾ ഉൾക്കൊള്ളിച്ച്, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 25 എന്നിവ പ്രകാരം തയ്യാറാക്കിയ 'സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2008-09' സംസ്ഥാന സർക്കാരിന് സമർപ്പിക്കുന്നു.

2008-09-ൽ വകുപ്പ് ഓഡിറ്റ് ചെയ്ത പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, തുടങ്ങിയ സ്ഥാപനങ്ങളെ സംബന്ധിച്ച് സർക്കാരിന്റേയും നിയമസഭയുടെയും ശ്രദ്ധയിൽപ്പെടുത്തേണ്ട ക്രമക്കേടുകളും അപാകതകളും അതോടൊപ്പം ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമാക്കാനുള്ള നിർദ്ദേശങ്ങളും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2008-09 സംസ്ഥാന സർക്കാരിന്റെ പരിശോധനയ്ക്കും അനന്തര നടപടികൾക്കുമായി സമർപ്പിക്കുന്നു.

**ടി.ഭാസി**
**ഡയറക്ടർ,**
**ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്**

തിരുവനന്തപുരം,
24.03.2011.

| ഉള്ളടക്കം | | |
|---|---|---|
| വിവരണം | ഖണ്ഡിക | പ്രേജ് |
| ആമുഖം | -- | 9 |
| **അദ്ധ്യായം -1**<br>**ഓഡിറ്റ് അവലോകനം** | **1.1 – 1.3** | **11 – 14** |
| വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിലെ കാലതാമസം | 1.1 | 12 |
| ഓഡിറ്റ് റിപ്പോർട്ടുകളുടെ തുടർനടപടി. | 1.2 | 13 |
| ചാർജ്ജ്/സർചാർജ്ജ് നടപടികൾ | 1.3 | 14 |
| **അദ്ധ്യായം -2**<br>**പ്രൊതുഅവലോകനം – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ** | **2.1 – 2.17** | **15 – 27** |
| വികേന്ദ്രീകൃതാസൂത്രണം | | 2.1 | 15 |
| ഗ്രാമസഭ/വാർഡ്സഭ | 2.2 | 15 |
| സ്റ്റാന്റിംഗ് കമ്മറ്റികൾ | 2.3 | 16 |
| *ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി* | *2.3.1* | *16* |
| *വികസന സ്റ്റാന്റിംഗ് കമ്മറ്റി* | *2.3.2* | *17* |
| *ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി* | *2.3.3* | *17* |
| അടിസ്ഥാന രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകത | 2.4 | 17 |
| ബജറ്റ് തയ്യാറാക്കുന്നതിലെ കാലവിളംബവും അലംഭാവവും | 2.5 | 18 |
| തനതു ഫണ്ടിന്റെ സംഭരണം | 2.6 | 19 |
| പദ്ധതി നിർവ്വഹണം | 2.7 | 20 |
| പെൻഷൻ/വേതന വിതരണത്തിലെ അപാകതകൾ | 2.8 | 21 |
| ഭവന പദ്ധതിയിലെ അപാകതകൾ | 2.9 | 21 |
| വികസന പ്രവർത്തനങ്ങൾ | 2.10 | 22 |
| *കാർഷിക മേഖല* | *2.10.1* | *22* |
| *ജലസംരക്ഷണ പ്രവർത്തനങ്ങൾ* | *2.10.2* | *23* |
| *സ്വയംതൊഴിൽ സംരംഭങ്ങൾ* | *2.10.3* | *23* |
| ഡെപ്പോസിറ്റ് വർക്കുകൾ. | 2.11 | 23 |
| മരാമത്ത് പ്രവൃത്തികൾ | 2.12 | 24 |
| സർവ്വകലാശാലകൾ | 2.13 | 25 |
| വികസന അതോറിറ്റികൾ | 2.14 | 25 |
| കേരളസ്റ്റേറ്റ് ഹൗസിംഗ്ബോർഡ് | 2.15 | 26 |
| ക്ഷേമനിധി ബോർഡുകൾ | 2.16 | 26 |
| നികുതി കുടിശിക 88.74 കോടി | 2.17 | 27 |

| ഉള്ളടക്കം | | |
|---|---|---|
| വിവരണം | ഖണ്ഡിക | പേജ് |
| **അദ്ധ്യായം -3**<br>**ഓഡിറ്റ് നിരീക്ഷണങ്ങൾ** | 3.1 – 3.11 | 28 – 77 |
| ***വരവിനങ്ങളിലെ നഷ്ടങ്ങൾ*** | ***3.1*** | **28** |
| പാണഞ്ചേരി ഗ്രാമപഞ്ചായത്ത് - തൃശ്ശൂർ ജില്ല | 3.1.1 | 28 |
| പാഞ്ഞാൾ ഗ്രാമ പഞ്ചായത്ത് -തൃശ്ശൂർ ജില്ല | 3.1.2 | 29 |
| മേലാറ്റൂർ ഗ്രാമപഞ്ചായത്ത് -മലപ്പുറം ജില്ല | 3.1.3 | 29 |
| പാലക്കാട് നഗരസഭ | 3.1.4 | 30 |
| എസ്.ഐ.ഇ.പി. | 3.1.5 | 31 |
| കേരളാ ഈറ്റ, കാട്ടുവള്ളി തഴതൊഴിലാളി ക്ഷേമനിധിബോർഡ് | 3.1.6 | 31 |
| കേരള കയർതൊഴിലാളി ക്ഷേമനിധിബോർഡ് | 3.1.7 | 31 |
| ***അനുവദിക്കപ്പെട്ട ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്നു*** | ***3.2*** | ***32*** |
| കൊല്ലം നഗരസഭ | 3.2.1 | 32 |
| പാലാ നഗരസഭ - കോട്ടയം ജില്ല | 3.2.2 | 33 |
| കോഴിക്കോട് നഗരസഭ | 3.2.3 | 34 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 3.2.4 | 34 |
| ***ഉത്തരവുകൾ പാലിക്കാതെയുള്ള നിയമനങ്ങളും, വേതനം നൽകലും*** | 3.3 | ***35*** |
| മഹാത്മാഗാന്ധി സർവ്വകലാശാല | 3.3.1 | 35 |
| കോഴിക്കോട് സർവ്വകലാശാല | 3.3.2 | 37 |
| എസ്.ഐ.ഇ.പി. | 3.3.3 | 38 |
| ***ഉത്തരവുകളും ചട്ടങ്ങളും ലംഘിച്ചുള്ള പ്രവൃത്തികൾ*** | ***3.4*** | ***38*** |
| പുത്തൂർ ഗ്രാമപഞ്ചായത്ത് -തൃശ്ശൂർ ജില്ല | 3.4.1 | 39 |
| നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് - കാസർഗോഡ് ജില്ല | 3.4.2 | 39 |
| പാലക്കാട് നഗരസഭ | 3.4.3 | 40 |
| കോഴിക്കോട് നഗരസഭ-കോഴിക്കോട് ജില്ല | 3.4.4 | 41 |
| വടകര നഗരസഭ-കോഴിക്കോട് ജില്ല | 3.4.5 | 41 |
| കേരള കാർഷിക സർവ്വകലാശാല-തൃശ്ശൂർ ജില്ല. | 3.4.6 | 43 |
| ***പദ്ധതി നടത്തിപ്പിലെ അപാകതകൾ/ക്രമക്കേടുകൾ*** | ***3.5*** | ***44*** |
| വെട്ടൂർ ഗ്രാമപഞ്ചായത്ത്-തിരുവനന്തപുരം ജില്ല | 3.5.1 | 44 |
| പുളിമാത്ത് ഗ്രാമപഞ്ചായത്ത് തിരുവനന്തപുരം ജില്ല | 3.5.2 | 45 |
| പെരിനാട് ഗ്രാമപഞ്ചായത്ത് - കൊല്ലം ജില്ല | 3.5.3 | 46 |
| കരീപ്ര ഗ്രാമപഞ്ചായത്ത്- കൊല്ലം ജില്ല | 3.5.4 | 47 |

| ഉള്ളടക്കം | | |
|---|---|---|
| വിവരണം | ഖണ്ഡിക | പേജ് |


| വിവരണം | ഖണ്ഡിക | പേജ് |
|---|---|---|
| കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് -ആലപ്പുഴ ജില്ല | 3.5.5 | 47 |
| പുന്നപ്രതെക്ക് പഞ്ചായത്ത് -ആലപ്പുഴ ജില്ല | 3.5.6 | 48 |
| ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്- ഇടുക്കി ജില്ല | 3.5.7 | 49 |
| പുത്തൂർ ഗ്രാമപഞ്ചായത്ത്-തൃശ്ശൂർ ജില്ല | 3.5.8 | 49 |
| കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത്-ആലപ്പുഴ ജില്ല | 3.5.9 | 50 |
| ആര്യാട് ബ്ലോക്ക്-ആലപ്പുഴ ജില്ല | 3.5.10 | 50 |
| വയനാട് ജില്ലാ പഞ്ചായത്ത് | 3.5.11 | 51 |
| തിരുവനന്തപുരം നഗരസഭ | 3.5.12 | 52 |
| കോഴിക്കോട് നഗരസഭ | 3.5.13 | 52 |
| കോഴിക്കോട് സർവ്വകലാശാല | 3.5.14 | 54 |
| കേരള കയർതൊഴിലാളി ക്ഷേമനിധിബോർഡ് | 3.5.15 | 54 |
| ***ലക്ഷ്യം കൈവരിക്കാത്ത പദ്ധതികൾ*** | ***3.6*** | ***55*** |
| പുതുക്കോട് ഗ്രാമപഞ്ചായത്ത്-പാലക്കാട് ജില്ല | 3.6.1 | 55 |
| ചേളന്നൂർ ഗ്രാമപഞ്ചായത്ത് - കോഴിക്കോട് ജില്ല | 3.6.2 | 56 |
| പൂതാടി ഗ്രാമപഞ്ചായത്ത് -വയനാട് ജില്ല | 3.6.3 | 56 |
| പനമരം ഗ്രാമപഞ്ചായത്ത് - വയനാട് ജില്ല | 3.6.4 | 57 |
| രാമന്തളി ഗ്രാമപഞ്ചായത്ത് - കണ്ണൂർ ജില്ല | 3.6.5 | 57 |
| റാന്നി ബ്ലോക്ക് പഞ്ചായത്ത് - പത്തനംതിട്ട ജില്ല | 3.6.6 | 58 |
| മതിലകം ബ്ലോക്ക് പഞ്ചായത്ത് - തൃശ്ശൂർ ജില്ല | 3.6.7 | 58 |
| തിരൂർ ബ്ലോക്ക് പഞ്ചായത്ത് - മലപ്പുറം ജില്ല | 3.6.8 | 59 |
| കൊല്ലം ജില്ലാ പഞ്ചായത്ത്- കൊല്ലം ജില്ല | 3.6.9 | 59 |
| കണ്ണൂർ നഗരസഭ | 3.6.10 | 60 |
| ***രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല/ഓഡിറ്റിന് ഹാജരാക്കുന്നില്ല*** | ***3.7*** | ***61*** |
| കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്-ആലപ്പുഴ ജില്ല | 3.7.1 | 62 |
| ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്- ഇടുക്കി ജില്ല | 3.7.2 | 62 |
| തൃശ്ശൂർ ജില്ല | 3.7.3 | 63 |
| കേരള സർവ്വകലാശാല | 3.7.4 | 63 |
| ***മുൻകൂർ തുകകൾ ക്രമീകരിക്കാത്തത്*** | ***3.8.*** | ***64*** |
| കൊല്ലം നഗരസഭ | 3.8.1 | 64 |
| ജി.സി.ഡി.എ | 3.8.2 | 64 |

| ഉള്ളടക്കം | | |
|---|---|---|
| വിവരണം | ഖണ്ഡിക | പേജ് |
| ***മുൻകൂർ തുക നൽകിയിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്ത പദ്ധതികൾ*** | ***3.9*** | ***65*** |
| കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് -എറണാകുളം ജില്ല | 3.9.1 | 65 |
| നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്- വയനാട് ജില്ല | 3.9.2 | 65 |
| തരിയോട് ഗ്രാമ പഞ്ചായത്ത്- വയനാട് ജില്ല | 3.9.3 | 66 |
| വൈത്തിരി ഗ്രാമപഞ്ചായത്ത് - വയനാട് ജില്ല | 3.9.4 | 66 |
| എടവക ഗ്രാമ പഞ്ചായത്ത് - വയനാട് ജില്ല | 3.9.5 | 67 |
| കോട്ടത്തറ ഗ്രാമ പഞ്ചായത്ത് - വയനാട് ജില്ല | 3.9.6 | 68 |
| തൃശൂർ ജില്ല | 3.9.7 | 68 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 3.9.8 | 70 |
| ***കൂടുതൽ അന്വേഷണം ശുപാർശ ചെയ്യുന്നത്*** | ***3.10*** | ***71*** |
| വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത്-തൃശ്ശൂർ ജില്ല | 3.10.1 | 71 |
| തിരൂർ ബ്ലോക്ക് പഞ്ചായത്ത് -മലപ്പുറം ജില്ല | 3.10.2 | 72 |
| കണ്ണൂർ നഗരസഭ | 3.10.3 | 72 |
| തൃശ്ശൂർ നഗരസഭ | 3.10.4 | 73 |
| ഹോർട്ടികൾച്ചർകോളേജ്, വെള്ളാനിക്കര- തൃശ്ശൂർ ജില്ല | 3.10.5 | 74 |
| ***ധനദുർവിനിയോഗം/പാഴ്ചെലവുകൾ*** | ***3.11*** | ***75*** |
| മേത്തല ഗ്രാമ പഞ്ചായത്ത്-തൃശ്ശൂർ ജില്ല | 3.11.1 | 75 |
| തിരുവനന്തപുരം നഗരസഭ | 3.11.2 | 75 |
| കോട്ടയം നഗരസഭ | 3.11.3 | 76 |
| കേരള കാർഷിക സർവ്വകലാശാല-തൃശ്ശൂർ ജില്ല. | 3.11.4 | 77 |

# ആമുഖം

*1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരം സർക്കാരിന് സമർപ്പിക്കുന്നതിനുവേണ്ടിയാണ് "സമാഹൃത ഓഡിറ്റ് റിപ്പോർട്ട്" തയ്യാറാക്കിയിട്ടുള്ളത്. സർക്കാരിന് സമർപ്പിക്കുന്ന പന്ത്രണ്ടാമത് റിപ്പോർട്ടാണിത്.*

*തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, ദേവസ്വം ബോർഡ്, ഹിന്ദുമത ധർമ്മസ്ഥാപനങ്ങൾ, സാംസ്കാരിക സ്ഥാപനങ്ങൾ തുടങ്ങി അയ്യായിരത്തിലധികം സ്ഥാപനങ്ങൾ വകുപ്പിന്റെ ഓഡിറ്റ് പരിധിയിലുണ്ട്.*

*2008-09 സാമ്പത്തിക വർഷം വകുപ്പ് പുറപ്പെടുവിച്ച വിവിധ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽനിന്നും തെരഞ്ഞെടുത്ത് സംഗ്രഹിച്ച ഖണ്ഡികകളാണ് ഉള്ളടക്കത്തിൽ പ്രധാനം. മുൻവർഷങ്ങളിൽ ഓഡിറ്റ് നടത്തിയതും എന്നാൽ വിവിധ കാരണങ്ങളാൽ മുൻറിപ്പോർട്ടുകളിൽ ചേർക്കാൻ വിട്ടുപോയതും ശ്രദ്ധേയവുമായ ഓഡിറ്റ് പരാമർശങ്ങളും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

*ഈ റിപ്പോർട്ടിന്റെ ഒന്നാമദ്ധ്യായത്തിൽ 2008-09 സാമ്പത്തികവർഷം വിവിധ സ്ഥാപനങ്ങളിൽ നടത്തിയ ഓഡിറ്റുമായി ബന്ധപ്പെട്ട ഒരു പൊതുവിവരണം നൽകിയിരിക്കുന്നു. രണ്ടാമദ്ധ്യായത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടത്തിയ പ്രവർത്തനങ്ങളുടെ അവലോകനമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. മൂന്നാമദ്ധ്യായത്തിൽ ത്രിതലപഞ്ചായത്തുകളിലെയും നഗരപാലികാ സ്ഥാപനങ്ങളിലെയും വകുപ്പിന്റെ ഓഡിറ്റ് പരിധിയിലുള്ള മറ്റു സ്ഥാപനങ്ങളിലെയും ശ്രദ്ധേയമായ ഓഡിറ്റ് നിരീക്ഷണങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.*

*മുൻവർഷങ്ങളിൽ ജില്ലാ അടിസ്ഥാനത്തിലാ ണ് ഖണ്ഡികകൾ ക്രമീകരിച്ചിരുന്നതെങ്കിൽ, ഈ വർഷം അനുവാചക സൗകര്യത്തിന് വിഷയാടിസ്ഥാനത്തിലാണ് ഖണ്ഡികകൾ ക്രമീകരിച്ചിട്ടുള്ളത്.*

*നിരീക്ഷണങ്ങളുടെ വിശദവിവരങ്ങൾക്ക് ഖണ്ഡികയോടൊപ്പം സൂചിപ്പിച്ചിട്ടുള്ള ഒറിജിനൽ റിപ്പോർട്ടുകൾ പരിശോധിയ്ക്കേണ്ടതാണ്.*

## അദ്ധ്യായം-1

# ഓഡിറ്റ് അവലോകനം

2008-2009 സാമ്പത്തികവർഷം കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് കേരളത്തിലെ ത്രിതല പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, നഗരസഭകൾ, സർവ്വകലാശാലകൾ, വിവിധ ക്ഷേമനിധി ബോർഡുകൾ, ദേവസ്വംബോർഡുകൾ, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് തുടങ്ങി ഓഡിറ്റ് |പരിധിയിലുള്ള വിവിധ സ്ഥാപനങ്ങളുടെ 5359.48 കോടി രൂപയുടെ വരവു കണക്കുകളും 5236.46 കോടി രൂപയുടെ ചെലവു കണക്കുകളും ഓഡിറ്റ് ചെയ്യുകയുണ്ടായി.

7.6 കോടി രൂപയുടെ വരവിനങ്ങളിലെ നഷ്ടവും 38.66 കോടി രൂപയുടെ ചെലവിനങ്ങളിലെ നഷ്ടവും കണ്ടെത്തിയിട്ടുണ്ട്. 239.41 കോടി രൂപയുടെ ചെലവുകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുമുണ്ട്. (വിശദാംശം|പട്ടികയിൽ)

2008-09 വർഷത്തിൽ 2849 ഓഡിറ്റ് റിപ്പോർട്ടുകൾ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ഓഡിറ്റ് പ്രത്യവലോകനം 2008-09**

(01.04.2008 മുതൽ 31.03.2009 വരെ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നുള്ള വിവരം) (തുക കോടിയിൽ)

| ക്രമ നമ്പർ | സ്ഥാപനം | ഓഡിറ്റ് ചെയ്ത സ്ഥാപനങ്ങളുടെ എണ്ണം | പരിഗണിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം | ആകെ വരവ് | ആകെ ചെലവ് | വരവിനങ്ങളിലെ നഷ്ടം | ചെലവ് നഷ്ടം/ നിരാകരിച്ച തുക | ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക |
|---|---|---|---|---|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് | 682 | 1832 | 2414.089 | 2226.059 | 1.568 | 27.175 | 97.283 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 90 | 198 | 377.077 | 295.587 | 0.117 | 2.903 | 34.331 |
| 3 | ജില്ലാ പഞ്ചായത്ത് | 13 | 27 | 472.232 | 390.278 | 0.001 | 1.753 | 41.778 |
| 4 | നഗരസഭ | 32 | 133 | 1341.022 | 1546.093 | 3.543 | 2.686 | 55.630 |
| 5 | സർവ്വകലാശാല | 6 | 7 | 529.284 | 525.130 | 0.998 | 2.846 | 5.396 |
| 6 | മറ്റു സ്ഥാപനങ്ങൾ | 562 | 652 | 225.777 | 253.311 | 1.379 | 1.300 | 4.997 |
| | ആകെ | 1385 | 2849 | 5359.481 | 5236.458 | 7.606 | 38.663 | 239.415 |

## ഓഡിറ്റ് നേരിടുന്ന പ്രശ്നങ്ങൾ

2008-09 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഓഡിറ്റ് പരിധിയിൽവരുന്ന ഇതര സ്ഥാപനങ്ങളുടെയും ഓഡിറ്റ് നടത്തിയതിൽ നേരിട്ടതും ശ്രദ്ധയിൽപെട്ടതുമായ പൊതുവായ കാര്യങ്ങൾ താഴെപറയുന്നു.

# 1.1. വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിലെ കാലതാമസം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1) വകുപ്പ് പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം ഓഡിറ്റ് പരിധിയിലെ സ്ഥാപനങ്ങൾ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ മിക്ക സ്ഥാപനങ്ങളും കണക്കുകൾ യഥാസമയം തയ്യാറാക്കി അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിക്കാത്തതിനാൽ സമയബന്ധിതമായി ഓഡിറ്റ് പൂർത്തിയാക്കുന്നതിന് കഴിയാതെവരുന്നു. സമയപരിധി കഴിഞ്ഞ് സമർപ്പിക്കപ്പെടുന്ന വാർഷിക ധനകാര്യ പത്രികകൾ അപാകതകൾ നിറഞ്ഞതും സ്ഥാപനത്തിലുള്ള രേഖകളുമായി പൊരുത്തപ്പെടുത്താത്തവയുമാണ്. അടിസ്ഥാന രജിസ്റ്ററുകളായ ക്യാഷ്ബുക്ക്, വരവ്ചെലവ് രജിസ്റ്ററുകൾ എന്നിവ പൂർത്തീകരിക്കാതെയാണ് വാർഷിക കണക്കുകൾ തയ്യാറാക്കുന്നത്.

കുടിശിക/തൻവർഷ ഡിമാന്റ് രജിസ്റ്ററുകൾ പൂർത്തിയാക്കാതെയാ ണ് മിക്കസ്ഥാപനങ്ങളിലും വാർഷികകണക്കുകളോടൊപ്പമുള്ള ഡി.സി.ബി. പത്രിക തയ്യാറാക്കിയിട്ടുള്ളത്. അടിസ്ഥാന രജിസ്റ്ററുകളിൽ ഇല്ലാത്ത ക്രമപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന വാർഷിക കണക്കുകൾ കാരണം കണക്കുകളുടെ ഫലപ്രദമായ പരിശോധന അസാദ്ധ്യമായിതീരുകയും ചെയ്യുന്നുണ്ട്.

ചെലവിന് ഉത്തരവാദികളായ അധികാ രികളും ഉദ്യോഗസ്ഥരും സ്ഥലം മാറിപോകുകയോ വിരമിക്കുകയോ ചെയ്തശേഷം ഓഡിറ്റ് നടക്കുമ്പോൾ നിലവിലുള്ള ഉദ്യോഗസ്ഥർ തങ്ങളുടെ കാലയളവല്ലെന്ന കാരണത്താൽ ഓഡിറ്റുമായി സഹകരിക്കാത്തത് ഓഡിറ്റിന് വളരെയേറെ പ്രയാസം ഉണ്ടാക്കുന്നുണ്ട്. ഇത് നേരിടുന്നതിന് പഞ്ചായത്ത് ഡയറക്ടർ പ്രത്യേക സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ആയതിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ഫലപ്രദമായ നടപടികളൊന്നും പഞ്ചായത്തുകളിൽ സ്വീകരിക്കുന്നതായി കാണുന്നില്ല. അതിനാൽ ഇത്തരം അപാകതകൾക്ക് അടിയന്തിരമായി പരിഹാരം ഉണ്ടാകേണ്ടതുണ്ട്.

| ഓഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ സമർപ്പിക്കാനുള്ള വാർഷിക കണക്കുകളുടെ വിവരം (31.03.2009 വരെ) | | | | | | | | |
|---|---|---|---|---|---|---|---|---|
| ക്രമ നം | സ്ഥാപനം | സ്ഥാ[illegible] | 2008-09-ൽ സമർപ്പിക്കുവാനുണ്ടാ യിരുന്ന വാർഷിക കണക്കുകളുടെ എണ്ണം(കുടിശ്ശിക ഉൾപ്പെടെ) | 2008-09-ൽ സമർപ്പിച്ച വാർഷിക കണക്കുകളുടെ എണ്ണം | 2008-09-ൽ വാർഷിക കണക്ക് - സമർപ്പിച്ച സ്ഥാ | 2008-09-ൽ ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളുടെ എണ്ണം | 2008-09-ൽ ഓഡിറ്റ് ചെയ്ത കണക്കുകളിന്മേൽ റിപ്പോർട്ടുകളുടെ എണ്ണം | 2008-09-ൽ [illegible]വിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം |
| 1 | ഗ്രാമപഞ്ചായത്ത് | 924 | 1251 | 1171 | 969 | 1622 | 370 | 1572 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 141 | 356 | 213 | 132 | 198 | 44 | 1678 |
| 3 | ജില്ലാ പഞ്ചായത്ത് | 12 | 20 | 16 | 13 | 20 | 6 | 25 |
| 4 | നഗരസഭ | 63 | 103 | 69 | 47 | 151 | 30 | 119 |
| 5 | സർവ്വകലാശാല | 7 | 10 | 7 | 5 | 10 | 6 | 8 |
| 6 | മറ്റു സ്ഥാപനങ്ങൾ | 1388 | 1820 | 635 | 587 | 664 | 571 | 745 |
| | **ആകെ** | **2535** | **3560** | **2111** | **1753** | **2665** | **1027** | **4147** |

## 1.2. ഓഡിറ്റ് റിപ്പോർട്ടുകളുടെ തുടർനടപടി.

ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾ വേണ്ടത്ര ജാഗ്രത പുലർത്തുന്നില്ല. ഒരു സ്ഥാപനത്തിൽ നടന്നിട്ടുള്ള പ്രവർത്തനങ്ങളുടെയും വരവുചെലവു കണക്കുകളുടെയും ആഭ്യന്തരഭരണ സംവിധാനങ്ങളുടെയും ഒരു സമഗ്ര റിപ്പോർട്ടാണ് ഓഡിറ്റ് റിപ്പോർട്ടിലൂടെ പുറപ്പെടുവിക്കുന്നത്. ഇങ്ങനെ പുറപ്പെടുവിക്കുന്ന റിപ്പോർട്ടുകൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഭരണസമിതി ചർച്ചചെയ്യാറില്ല. സ്ഥാപനങ്ങൾ സ്വീകരിച്ച നടപടിസഹിതം റിപ്പോർട്ടുകൾ ഗ്രാമ/വാർഡ് സഭകളിൽ ചർച്ച ചെയ്യപ്പെടുന്നില്ല.

ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചാൽ അനന്തര നട പടികൾ സ്വീകരിക്കാൻ സെക്രട്ടറിമാർ/ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ താല്പര്യം കാണിക്കാത്തതുകാരണം ഉത്തരവാദികളായ ഉദ്യോഗസ്ഥർക്ക് ഓഡിറ്റ് പരാമർശങ്ങൾക്ക് സമയബന്ധിതമായി മറുപടി നൽകുന്നതിന് സാധിക്കുന്നില്ല. ചാർജ്/സർചാർജ് നോട്ടീസ് കൈപ്പറ്റുമ്പോൾ മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥർ ഓഡിറ്റ് പരാമർശങ്ങളെപ്പറ്റി അറിയുന്നത് എന്നത് ഖേദകരമാണ്.

ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചാലുടൻതന്നെ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപെടുത്തുന്നതിനും യഥാസമയം മറുപടി നൽകുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും കർശന നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

# 1.3. ചാർജ്ജ്/സർചാർജ്ജ് നടപടികൾ

ഓഡിറ്റ് നടത്തിയ സ്ഥാപനത്തിനുണ്ടായ വരവ്/ചെലവ് നഷ്ടം, ചാർജ്/സർചാർജ് നടപടികളിലൂടെ ഈടാക്കുന്നതിന് 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 16-ാം വകുപ്പ് ഡയറക്ടർക്ക് അധികാരം നൽകുന്നു.

നഷ്ടത്തിനുത്തരവാദിയായ വ്യക്തിക്കോ വ്യക്തികൾക്കോ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 20 (2) പ്രകാരം ആദ്യം ചാർജ്/സർചാർജ് നോട്ടീസ് അയയ്ക്കുന്നു. നോട്ടീസ് ലഭിച്ച് ഉത്തരവാദിയായ വ്യക്തിയോ/വ്യക്തികളോ ഉണ്ടായ നഷ്ടം നികത്തുകയോ സ്വീകാര്യമായ വിശദീകരണം നൽകാതിരിക്കുകയോ ചെയ്യുന്നപക്ഷം ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 20(7) പ്രകാരം ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുന്നതാണ്.

ചാർജ്/സർചാർജ് നടപടികളിലൂടെ അംഗീകരിക്കപ്പെടുന്ന വ്യക്തമായ നഷ്ടം ഈടാക്കേണ്ടത് ബന്ധപ്പെട്ട സ്ഥാപനമാണ്. ചാർജ്/സർചാർജ് സർട്ടിഫിക്കറ്റിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള തുക ഒരു മാസത്തിനുള്ളിൽ നഷ്ടോത്തരവാദി അടയ്ക്കുകയോ ആ കാലയളവിനുള്ളിൽ ചാർജ്/സർചാർജ് നടപടിയ്ക്കെതിരെ ജില്ലാ കോടതിയെ സമീപിക്കുകയോ ചെയ്യാത്തപക്ഷം പ്രസ്തുത തുക കേരള റവന്യൂ റിക്കവറി നിയമപ്രകാരം ഈടാക്കാവുന്നതാണ്. 16.04.2005-ലെ സ.ഉ.(എം.എസ്)97/2005/ആർ.ഡി. പ്രകാരം റവന്യൂറിക്കവറി ആക്ടിലെ വകുപ്പുകൾ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് വ്യക്തികൾ തിരിച്ചടയ്ക്കേണ്ട തുകകൾക്കും ബാധകമാക്കിയെങ്കിലും നഷ്ടമായ തുക ഈടാക്കുന്നതിൽ സ്ഥാപനങ്ങൾ വ്യഗ്രതകാട്ടുന്നില്ല.

**2008-09-ൽ വകുപ്പ് സ്വീകരിച്ച ചാർജ്/സർചാർജ് നടപടികളുടെ വിവരം**

| വിവരണം | എണ്ണം | ചാർജ്/സർചാർജ് ചെയ്ത തുക (രൂപ) | ഈടാക്കിയ തുക |
|---|---|---|---|
| ചാർജ് നോട്ടീസ് | 33 | 8,49,193 | 47,229 |
| സർചാർജ് നോട്ടീസ് | 214 | 1,19,26,055 | 4,36,023 |
| ചാർജ് സർട്ടിഫിക്കറ്റ് | 18 | 20,82,780 | 2,300 |
| സർചാർജ് സർട്ടിഫിക്കറ്റ് | 111 | 54,06,385 | 1,56,513 |

❋❋❋❋❋

### അദ്ധ്യായം - 2

# പൊതു അവലോകനം – തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

73, 74 ഭരണഘടനാ ഭേദഗതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ യഥാർത്ഥ സ്വയംഭരണസ്ഥാപനങ്ങളാക്കി മാറ്റുന്നതിന് |ഒരുപരിധിവരെ സാധിച്ചിട്ടുണ്ട്. അധികാരം താഴെത്തട്ടിലെ ഉദ്യോഗസ്ഥരിൽനിന്ന് താഴെത്തട്ടിലെ ജനപ്ര തിനിധികൾക്ക് കൈമാറിയതിലൂടെ ജനാധി പത്യപരമായ അധികാരവികേന്ദ്രീകരണം നടപ്പിലാക്കുവാൻ പ്രസ്തുത ഭേദഗതികളിലൂടെ സാധിച്ചിട്ടുണ്ട്. എങ്കിലും ഭേദഗതികളിലൂടെ ലക്ഷ്യമിട്ട ജനപങ്കാളിത്തം വികസന പ്രക്രിയകളിൽ ഉറ പ്പുവരുത്തുവാൻ പ്രാദേശിക സർക്കാരുകൾ എന്നനിലയിൽ ത്രിതല പഞ്ചായത്തുകൾക്കും നഗരപാലികാ സ്ഥാപനങ്ങൾക്കും കഴിഞ്ഞിട്ടില്ല. മുഴുവൻ ജനങ്ങളെയും സഹകരിപ്പിച്ചുകൊണ്ട് പങ്കാളിത്ത ജനാധിപത്യത്തിലൂടെ വികസന രംഗത്ത് പുത്തൻ പന്ഥാവ് വെട്ടിത്തുറക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാകണം.

## 2.1. വികേന്ദ്രീകൃതാസൂത്രണം |

കേരള സംസ്ഥാന രൂപീകരണത്തിനുശേഷം ഈ സംസ്ഥാനത്ത് രൂപംകൊണ്ട വിപ്ലവ കരമായ പ്രക്രിയയാണ് ജനകീയാസൂത്ര ണം| ഇതുവരെ ഭരണസിരാകേന്ദ്രത്തിൽ കേന്ദ്രീകൃത മായിരുന്ന ആസൂത്രണ പ്രക്രിയയുടെ നേതൃത്വം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേയ്ക്ക് വിന്യസിക്കപ്പെട്ടു എന്നത് വികസനരംഗത്തെ വൻചുവടുവയ്പാണ്. മുൻകാലങ്ങളിൽ നിലനിന്ന ആസൂത്രണ പ്രക്രിയയിൽ സംസ്ഥാനത്തിന്റെ സമ്പത്തും വരുമാനവും വർദ്ധിപ്പിക്കാനാവശ്യമായ ഉത്പാദനമേഖല അവഗണിക്കപ്പെട്ടുകിടക്കുകയായിരുന്നു. സാമൂഹ്യ മേഖലയുടെ വികസനത്തിൽ ഒതുങ്ങിനിന്ന ആസൂത്രണ പ്രക്രിയയെ ഉൽപാദനമേഖലകളിലേയ്ക്ക് കൂടി വ്യാപിപ്പിച്ച് ഒരു പുത്തൻവികസന പരിപ്രേക്ഷ്യം സൃഷ്ടിക്കുവാൻജനകീയാസൂത്ര ണ പ്രക്രിയയ്ക്ക് കഴിഞ്ഞു. ജനകീയാസൂത്രണപ്രസ്ഥാനം ഇന്ന് ദേശവ്യാപകമായും അന്തർ ദ്ദേശീയവുമായും ചർച്ചചെയ്യ പ്പെടുന്നു എന്നത് അഭിമാനകരമായ വസ്തുതയാണ്.

## 2.2. ഗ്രാമസഭ/വാർഡ്സഭ

അധികാരവികേന്ദ്രീകരണത്തിലൂടെ അധികാരം ജനങ്ങളിലെത്തിച്ച് നാടിന്റെ വികസന പ്രവർത്തനങ്ങളിൽ അവരെ പങ്കാളികളാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച ഗ്രാമ/വാർഡ് സഭ എന്ന സംവിധാനം മിക്ക പഞ്ചായത്തുകളിലും നഗരസഭകളിലും ഫലപ്രദമായി പ്രവർത്തി ക്കുന്നില്ല. മൂന്നു മാസത്തിലൊരിക്കൽ ഗ്രാമ/വാർഡ്സഭ യോഗം ചേരണമെന്നും 10% ക്വാറം ഉണ്ടായിരിക്കണമെന്നുമുള്ള നിബന്ധനകൾ പാലിക്കുന്നതിൽ മിക്ക ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ശ്രദ്ധിക്കുന്നില്ല. പദ്ധതികൾ രൂപപ്പെടേണ്ട ഗ്രാമസഭകളുടെ പ്രവർത്തനംതന്നെ പരിതാപകരമാണ്. മിനിട്ട്സ് ബുക്കുകൾ വേണ്ടവിധം എഴുതി സൂക്ഷിക്കുകയോഅവ പരിശോധ നയ്ക്ക് ലഭ്യമാക്കുകയോ ചെയ്യുന്നില്ല. േ പരിനുവേണ്ടി മാത്രം വിളിച്ചുചേർക്കപ്പെടുന്ന ഗ്രാമസഭകളിൽ ജനപങ്കാളിത്തം ഉറപ്പാക്കാൻ ബന്ധപ്പെട്ടവർ താൽപര്യം കാണിക്കുന്നില്ല.

വ്യക്തിഗത ആനുകൂല്യങ്ങൾ കൊടുക്കുന്നതിനുള്ള ഗുണഭോക്താക്കളെപോലും ഗ്രാമസഭ മുഖാന്തിരം ശരിയായ രീതിയിൽ തെരഞ്ഞെടുക്കാറില്ല. പല പദ്ധതികളിലും ആനുകൂല്യങ്ങൾ നൽകിയതിനുശേഷം ഗുണഭോക്താക്കളെ അംഗീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ അരൂർ ഗ്രാമപഞ്ചായത്തിന്റെ 2005-06, 2006-07 പല പദ്ധതികളുടെയും ആനുകൂല്യവും ഗ്രാമസഭാ ലിസ്റ്റ് മറികടന്ന് പത്രപരസ്യത്തിലൂടെയും പ്രസിഡന്റ്/ഗ്രാമ പഞ്ചായ ത്തംഗങ്ങൾ എന്നിവരുടെ ശുപാർശവഴിയും ഗുണഭോക്താക്കളെ കണ്ടെത്തി ആനുകൂല്യം നൽകി യതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതികളുടെ ആസൂത്രണവും ചർച്ചകളും പ്രവർത്തന അവലോ കനവും പദ്ധതി പുരോഗതി മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും, ഓഡിറ്റ് റിപ്പോർട്ടുകളുടെ ചർച്ചകളും ഈ സഭകളുടെ ഉത്തരവാദിത്വമായിരിക്കേ വ്യക്തിഗത ആനുകൂല്യങ്ങൾ കൊടുക്കുന്ന തിനുള്ള ആളെകണ്ടെത്തുന്ന വേദിമാത്രമായി ഗ്രാമ/വാർഡ് സഭകൾ ചുരുങ്ങിയത് ഗൗരവമായി കാണേണ്ടതാണ്.

വൻതോതിലുള്ള ജന പങ്കാളിത്തം ഉറപ്പുവരുത്തി ഫലപ്രദമായ ചർച്ചകളിലൂടെ നാടിന്റെ വികസനത്തിനാവശ്യമായ പദ്ധതികൾ രൂപീകരിക്കുകയും നടപ്പാക്കുകയും ചെയ്തുകൊണ്ട് വികസനത്തിന്റെ ചാലകശക്തിയായി ഗ്രാമ/വാർഡ് സഭകൾ മാറേണ്ടതുണ്ട്.

## 2.3. സ്റ്റാന്റിംഗ് കമ്മറ്റികൾ

ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നപ്പോൾതന്നെ അധികാര വികേന്ദ്രീ കരണവും നടപ്പിലാക്കപ്പെട്ടു. അതിന്റെ ഫലമായി ഭരണപരമായ സൗകര്യത്തിനും വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഒന്നിലധികം സബ്കമ്മറ്റികൾ രൂപീകരിക്കപ്പെട്ടു. ധനപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ്കമ്മറ്റി, സാമൂഹ്യ വികസനത്തിന് വികസന സ്റ്റാന്റിംഗ്കമ്മറ്റി, ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എന്നിങ്ങനെ വിവിധ കമ്മറ്റികൾ. വികസനപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമാണ് ഇത്തരം സബ്കമ്മറ്റികൾ രൂപീകരിച്ചതെങ്കിലും ഇവയൊന്നുംതന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

### *2.3.1. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി*

ബജറ്റ് രൂപീകരണം മുതൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം തുടങ്ങുന്നു. മുൻവർഷത്തെ ബ്ജറ്റിൽ ഉണ്ടായ വ്യതിയാനം, വാർഷിക കണക്കുകൾ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുംചെലവുമായി പൊരുത്തപ്പെടാത്തത് എന്നീ കാര്യങ്ങളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ അടിയന്തിരശ്രദ്ധ അനിവാര്യമാ ണ്. യഥാർത്ഥ വരവുചെലവുകളെ മുൻകൂട്ടി കാണാതെയാണ് മിക്ക തദ്ദേശഭരണ സ്ഥാപനങ്ങളിലും ബജറ്റ് രൂപപ്പെടുത്തുന്നത്. എല്ലാമാസവും സ്റ്റാന്റിംഗ് കമ്മറ്റികൂടി വരവുചെലവുകൾ അംഗീകരിക്കുകയും നീക്കിയിരിപ്പു ശരിയാ ണോ എന്ന് പരിശോധിക്കേണ്ടതുമാണ്. എന്നാൽ പേരിനു കമ്മറ്റി കൂടുമെന്നല്ലാതെ വരവുചെലവു നീക്കിയിരിപ്പ് അനുബന്ധ രജിസ്റ്ററുകൾ പൂർണ്ണമാണോ, യഥാർത്ഥ വരുമാനങ്ങൾ, പുതുതായി എന്തെങ്കിലും ഉൾപ്പെടുത്താൻ കഴിയുമോ എന്നീ കാര്യങ്ങൾ ഒന്നും സ്റ്റാന്റിംഗ് കമ്മറ്റി

പരിശോധിക്കാറില്ല. സ്റ്റാന്റിംഗ് കമ്മറ്റിക്കും പൊതു കമ്മറ്റിക്കും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുള്ള വരവുകളെക്കുറിച്ചും എവിടെയെല്ലാം നിക്ഷേപിക്കുന്നു എന്ന കാര്യത്തേക്കുറിച്ചും അന്വേഷണമില്ല. അതിനാൽ ഗൗരവതരമായ വിശകലനങ്ങളും ദീർഘ വീക്ഷണത്തോടുകൂടിയുള്ള പ്രവർത്തനങ്ങളും ഈ കമ്മറ്റികൾ ഏറ്റെടുത്തു നടത്തേണ്ടതുണ്ട്.

### *2.3.2. വികസന സ്റ്റാന്റിംഗ് കമ്മറ്റി*

വാർഷിക പദ്ധതികളുടെ രൂപീകരണമാണ് വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രധാന ചുമതല. എങ്കിലും തീരുമാനിക്കപ്പെട്ട പദ്ധതികൾ യഥാസമയം നിർവ്വഹിച്ചു പൂർത്തീകരിക്കപ്പെടുന്നുണ്ടോ, തുടർപ്രവർത്തനങ്ങൾ ആവശ്യമായ പദ്ധതികൾ ഏതൊക്കെയാണ്, അവ യഥാവിധി നടത്തപ്പെടുന്നുണ്ടോ? ഉദ്ദേശലക്ഷ്യം കൈവരിക്കുന്നുണ്ടോ? പദ്ധതിയിൽ ഉൾപ്പെട്ട എല്ലാവരും ഉത്തരവാദിത്വത്തോടുകൂടി പ്രവർത്തി എടുക്കുന്നുണ്ടോ? എന്നീ കാര്യങ്ങളിലൊന്നും വികസന സ്റ്റാന്റിംഗ് കമ്മറ്റികൾ വിലയിരുത്തൽ നടത്താറില്ല. വിപുലമായ അധികാര അവകാശങ്ങളുള്ള ഈ കമ്മറ്റി അതിന്റെ ഉത്തരവാദിത്വങ്ങൾ പൂർണ്ണമായും ഏറ്റെടുക്കേണ്ടതാണ്.

### *2.3.3. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മി*

ജനങ്ങളുടെ വിശേഷിച്ചും സ്ത്രീകളുടേയും കുട്ടികളുടേയും വൃദ്ധരുടേയും സാമൂഹ്യ സുരക്ഷയെ സൂക്ഷ്മതയോടെ വീക്ഷിക്കേണ്ട ഒരു കമ്മറ്റിയാണ് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി. ഇവരുടെ ക്ഷേമത്തിന് ഈ സ്റ്റാന്റിംഗ് കമ്മറ്റിക്ക് ധാരാളം പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. ദിനംപ്രതി പുതിയപുതിയ പ്രതിസന്ധികളും വെല്ലുവിളികളുമാണ് സമൂഹത്തിൽ ഉയർന്നു വരുന്നത്. ഇത്തരം പ്രശ്നങ്ങളിൽ പ്രാദേശിക സർക്കാർ/അധികാരസ്ഥാനം എന്ന നിലയ്ക്ക് പഞ്ചായത്തിനും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്കും ഫലപ്രദമായി ഇടപെടുവാൻ കഴിയണം. പക്ഷെ ഇത്തരംകാര്യങ്ങളിൽ പഞ്ചായത്തിന്റെ ഉത്തരവാദിത്വം നിർവ്വഹിക്കുന്ന ഈ കമ്മറ്റി ക്രിയാത്മകവും മാതൃകാപരവുമായ യാതൊരു ചുവടുവെയ്പുകളും എടുക്കുന്നില്ല.

## 2.4. അടിസ്ഥാന രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകത

ധനകാര്യ വകുപ്പിന്റെ 12.06.03-ലെ സ.ഉ.(പി.)319/2003 പ്രകാരമുള്ള അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ നിഷ്ക്കർഷിച്ച രജിസ്റ്ററുകൾ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിൽ ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വേണ്ടത്ര ശ്രദ്ധപതിപ്പിക്കുന്നില്ല. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ പദ്ധതി മാർഗ്ഗരേഖ പ്രകാരം നിഷ്കർഷിക്കുന്ന രേഖകളായ ഗുണഭോക്താക്കളുടെ രജിസ്റ്റർ, പരിഷ്ക്കരണ പദ്ധതി, പുതുക്കിയ പൗരാവകാശരേഖ, വൈദ്യുതിമാപ്പ്, കുടിവെള്ള മാപ്പ്, റോഡ് മാപ്പ് തുടങ്ങിയവ മിക്ക സ്ഥാപനങ്ങളിലും എഴുതി സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ബിൽ രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ തുടങ്ങിയ പ്രധാന രജിസ്റ്ററുകൾ പല തദ്ദേശഭരണ സ്ഥാപനങ്ങളും എഴുതി സൂക്ഷിക്കുന്നില്ല. ആധികാരികമായ ഡെപ്പോസിറ്റ് രജിസ്റ്ററിന്റെ അഭാവത്തിൽ രസീതുകളുടെ പിൻബലത്തിൽ മാത്രം ഡെപ്പോസിറ്റ് റീഫണ്ട് നടത്തിയിരിക്കുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽ

വന്നിട്ടുണ്ട്. ഡിമാന്റ്/കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ എഴുതുകയോ മേലുദ്യോഗസ്ഥർ കണ്ടു സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. അനിവാര്യമായ രജിസ്റ്ററുകളും രേഖകളും കാലികമായി എഴുതി സൂക്ഷിക്കാത്തതുമൂലം വാർഷിക കണക്കുകൾ തയ്യാറാക്കുമ്പോൾ വരവിനങ്ങളുടെ കൃത്യമായ കണക്കു നൽകുവാൻ കഴിയുന്നില്ല. രേഖകളുംരജിസ്റ്ററുകളും കൃത്യമല്ലാത്തതും കണക്കുകൾ രജിസ്റ്ററുകളുമായി പൊരുത്തപ്പെടാത്തതും ഓഡിറ്റിന് നിരവധി പ്രശ്നങ്ങളു ണ്ടാക്കുന്നുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പുതിയ അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ ഭാഗമായി പരിഷ്കരിക്കപ്പെട്ട രജിസ്റ്ററുകൾ അ പൂർണ്ണമായാണ് രേഖപ്പെടുത്ത ലുകൾ വരുത്തിക്കാണുന്നത്. "രജിസ്റ്ററുകൾ യ ഥാവിധം എഴുതി സൂക്ഷിക്കുന്നു എന്നുറപ്പു വരുത്തുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കറക്റ്റീവ് ഓഡിറ്റ് വിഭാഗമായി പ്രവർത്തിക്കുന്ന പെർഫോർമൻസ് ഓഡിറ്റ്ടീം വേണ്ടത്ര ശുഷ്കാന്തി കാ ണിക്കുന്നില്ല. ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാൻ പെർഫോർമൻസ് ഓഡിറ്റ് വിഭാഗം ജാഗരൂകമാക്കേണ്ടതുണ്ട്."

പുതുതായി തദ്ദേശസ്ഥാപനങ്ങളിൽ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്ന അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ ഭാഗമായി വരവ്ചെലവ് കണക്കുകൾ ഡബിൾഎൻട്രിഅക്കൗണ്ടിംഗ് രീതിയിലേക്ക് മാറ്റപ്പെടുകയാണ്. ഇതിനായി ഇൻഫർമേഷൻ കേരള മിഷൻ 'സാംഖ്യ' എന്ന പേരിൽ വികസിപ്പിച്ച സോഫ്റ്റ്വെയറുമായി താദാത്മ്യപ്പെടുന്നതിന് ആവശ്യമായ |പരിശീലനം ജീവനക്കാർക്ക് നൽകിയാൽ അക്കൗണ്ടിംഗ് നവീകരണം ത്വരിതപ്പെടുത്തുവാനും ഓഡിറ്റിനു ണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാനും സാധിക്കും.

## 2.5. ബജറ്റ് തയ്യാറാക്കുന്നതിലെ കാലവിളംബവും അലംഭാവവും

1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ വകുപ്പ് 214(1) പ്രകാരം ഓരോ വർഷവും ജനുവരി 15-ാം തീയതിക്കുമുമ്പ് ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയുംഅടുത്തവർഷത്തെ എസ്റ്റിമേറ്റ്, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് നൽകേണ്ടതും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിനുമുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിച്ച് ചർച്ച ചെയ്യേണ്ടതുമാണ്.

ഭൂരിഭാഗം തദ്ദേശഭരണ സ്ഥാപനങ്ങളിലും ജനുവരി 15 -നകം ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽഅവതരി പ്പിക്കുകയോ മാർച്ച് ആദ്യവാരം ബജറ്റ് പ്രത്യേക ഭരണ സമിതി യോഗത്തിൽഅവതരി പ്പിക്കുകയോ ചെയ്യുന്നില്ല. മാർച്ച് മാസത്തോടുകൂടി മാത്രമേ അടുത്ത വർഷത്തെ ബജറ്റ് തയ്യാറാക്കൽ നടപടികൾ ആരംഭിക്കുന്നുള്ളൂ. വളരെ തിടുക്കത്തിൽ തയ്യാറാക്കുന്ന ഇത്തരം ബജറ്റുകളിൽ സ്ഥാ പനത്തിന്റെ പ്രതീക്ഷിത വരവുചെലവ് കണക്കുകൾ യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാത്തതായി പോകുന്നു. മുൻവർഷത്തെ ബജറ്റിൽ ഉണ്ടായ വ്യതിയാനം, യഥാർത്ഥ വരുമാനങ്ങൾ, പുതുതായി എന്തെങ്കിലും ഉൾപ്പെടുത്താൻ കഴിയുമോ എന്നീ കാര്യങ്ങൾ ഭൂരിപക്ഷം സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിക്കാറില്ല. തനതു

വരുമാനം എന്തൊക്കെയാണെന്നും അതിന്റെ വരുമാനം വർദ്ധിപ്പിക്കാൻ എന്തുചെയ്യണമെന്നും ഉള്ള ക്രിയാത്മകമായ യാതൊരു നീക്കങ്ങളും കമ്മിറ്റികളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. യാഥാർത്ഥ്യബോധത്തോടെ രേഖകളുടെ പിൻബലത്തോടെ ബജറ്റ് തയ്യാറാക്കാത്തതിനാൽ പ്രതീക്ഷിക്കുന്ന വരവുചെലവും യഥാർത്ഥ വരവുചെലവും തമ്മിൽ അന്തരം കാണപ്പെടുന്നു. ഏതാനും ഉദാഹരണങ്ങൾ പട്ടികയിൽ ചേർക്കുന്നു.

(തുക ലക്ഷത്തിൽ)

| ക്രമ നം | ഗ്രാമപഞ്ചായത്ത് | വർഷം | ബഡ്ജറ്റ് പ്രകാരമുള്ള | | യഥാർത്ഥ | |
|---|---|---|---|---|---|---|
| | | | വരവ് | ചെലവ് | വരവ് | ചെലവ് |
| I | **കൊല്ലം ജില്ല** | | | | | |
| 1 | പട്ടാഴി വടക്കേക്കര | 2003-04 | 332.47 | 318.29 | 100.86 | 103.87 |
| 2 | വെളിനല്ലൂർ | 2005-06 | 405.66 | 386.60 | 208.97 | 167.15 |
| 3 | നീണ്ടകര | 2006-07 | 211.03 | 199.60 | 116.92 | 114.57 |
| 4 | തൃക്കരുവാ | 2003-04 | 174.04 | 150.48 | 125.25 | 101.89 |
| 5 | വെളിയം | 2006-07 | 492.44 | 497.90 | 228.79 | 208.73 |
| II | **ക്ഷേമനിധി ബോർഡുകൾ** | | | | | |
| 1 | കർഷക തൊഴിലാളി | 2002-03 | 1656 | 1429 | 451 | 732 |
| 2 | കയർതൊഴിലാളി | 2002-03 | 2040 | 1758 | 778 | 417 |
| 3 | ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി | 2002-03 | 16 | 8 | 4 | 4.5 |

# 2.6. തനതു ഫണ്ടിന്റെ സംഭരണം

പ്രധാന വരുമാന സ്രോതസ്സുകൾ യഥാവിധി ചൂഷണംചെയ്ത് തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ മതിയായ പ്രാധാന്യം നൽകിയിട്ടില്ല. അധികാര വികേന്ദ്രീകരണവും അതിനെത ുടർന്ന് ജനകീയാസൂത്ര ണവും കേരള വികസന പദ്ധതിയും നടപ്പിലായതോടുകൂടി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിവിധ ഫണ്ടുകൾ ലഭിച്ചതിനാൽ തനതു ഫണ്ടിന്റെ സംഭരണം അവഗണിക്കപ്പെട്ടു. തനതുഫണ്ടുകളുടെ സ്രോതസ്സുകളായ കെട്ടിടനികുതി, തൊഴിൽനികുതി, മറ്റു നികുതിയിനങ്ങൾ, വാടക ഇവയൊന്നും യഥാസമയം ഡിമാന്റു ചെയ്യുകയോ പിരിച്ചെടുക്കാൻ ശുഷ്കാന്തി കാണിക്കുകയോ ചെയ്യുന്നില്ല. ഇക്കാരണത്താൽ വിവിധ വരവിനങ്ങളിൽ വൻതുക കുടിശ്ശികയായി അവശേഷിക്കുന്നു. കോഴിക്കോട് നഗര സഭയിൽ 2005-06 വർഷംമാത്രം വിവിധയിനങ്ങളിലായി മൊത്തം 17.46 കോടി രൂപ പിരിച്ചെടു ക്കാൻ അവശേഷിക്കുന്നു. ഗ്രാമ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കാലാകാലങ്ങളിൽ നടത്തേണ്ട കെട്ടിടനികുതി പരിഷ്ക്കരണങ്ങൾ സമയബന്ധിതമായി നടത്താത്തതുമൂലം അവയുടെ വരവിനത്തിൽ ഗണ്യമായ തുക നഷ്ടപ്പെടുന്നുണ്ട്. കോട്ടയം നഗരസഭയ്ക്ക് 24.03.99 മുതൽ പ്രാബല്യത്തിൽ വന്ന ഭേദഗതിയ്ക്കനുസൃതമായി നികുതി നിർണ്ണയിക്കാത്തതിനാൽ 1.29 കോടി രൂപയുടെ നഷ്ടം 2003-04-ൽ മാത്രം സംഭവിച്ചിട്ടുണ്ട്.

|പഞ്ചായത്ത്/മുനിസിപ്പാലിറ്റി പ്രദേശത്ത് പ്രവർത്തിക്കുന്ന കച്ചവട/വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് കൊടുക്കുന്ന കാര്യത്തിലും കുറ്റകരമായ അനാസ്ഥയാ ണ് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. വ്യാപാരശാലകളും വ്യവസായസ്ഥാപനങ്ങളും ഗണ്യമായി വർദ്ധിച്ചെങ്കിലും ലൈസൻസ് | ഫീസിനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല. ഡി & ഒ ലൈസൻസ് ഫീസ് മുഖ്യവരുമാന സ്രോതസ്സായുള്ള | |പഞ്ചായത്തുകളിലും നിശ്ചിത സമയ്പരിധിക്കുശേഷം സമർപ്പിക്കുന്ന അ |പക്ഷകളിന്മേൽ അധിക ഫീസ് ഈടാക്കുന്നതിലെഅലംഭാവം കാര ണവും നഷ്ടംസംഭവിക്കുന്നുണ്ട്. വ്യാപാര സ്ഥാപനങ്ങളുടെ ലിസ്റ്റ് വാർഷികമായി പരിഷ്ക്കരിച്ച് നിയമം അനുശാസിക്കുന്ന നിരക്കിൽ കൃത്യമായി ഫീസ് ഇടാക്കുന്നതിന് തദ്ദേശഭരണസ്ഥാ്പനങ്ങൾ പ്രത്യേക |പരിഗണന നൽകേണ്ടതാണ്.

വൻ പരസ്യബോർഡുകളും കമാനങ്ങളുംകൊണ്ട് കോർപ്പറേഷൻ/നഗരസഭ പ്രദേശങ്ങൾ തിങ്ങിനിറയുകയാണെങ്കിലും പരസ്യനികുതിയിനത്തിൽ കാര്യമായ വരുമാനം ലഭിക്കുന്നില്ല. നികുതി/നികുതിയിതര വരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിനുപകരം സർക്കാരിൽനിന്ന് ലഭിക്കുന്ന വിവിധയിനം | ഫണ്ടുകൾ ചെലവഴിക്കുന്നതിൽ മാത്രമാണ് മിക്ക സ്ഥാപനങ്ങളും ശ്രദ്ധ ചെലുത്തിയിരിക്കുന്നത്.

തനതു വരുമാനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും അനുബന്ധ രേഖകളും കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ തനതുവരുമാനത്തിലുണ്ടാകുന്ന നഷ്ടം നികത്തുന്നതിനും കഴിയാതെ വരുന്നു. വിവിധ ഇനങ്ങളുടെ ശരിയായ ഡിമാന്റും കളക്ഷനും നീക്കിയിരുപ്പും കണ്ടെത്താൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം കൊടുക്കേണ്ടതാണ്. തനതുവരുമാന സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേക ഊന്നൽ നൽകേണ്ടതുണ്ട്.

## 2.7. പദ്ധതി നിർവ്വഹണം

വികേന്ദ്രീകൃതാസൂത്രണ രംഗത്ത് ഒട്ടേറെ പുരോഗതി കൈവരിയ്ക്കാൻ കഴിഞ്ഞ തോടൊപ്പം അതിലൂടെ സംഭവിച്ച കോട്ടങ്ങളും നിരവധിയാ ണ്| പദ്ധതി ആസൂത്രണത്തെക്കാൾ നിർവ്വഹണരംഗത്താണ് |പാളിച്ചകൾ ഏറെയും സംഭവിക്കുന്നത്. പണിപൂർത്തീകരിക്കാതെ നീണ്ടു പോകുന്ന |പദ്ധതികൾ, ചെലവാകാതെ ലാപ്സാകുന്ന തുകകൾ, സേവനരംഗത്തും പദ്ധതികളിലെയും ഇടിയുന്ന ഗുണനിലവാരം എന്നിവ സാർവ്വത്രികമായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട സംഗതികളാണ്. ബജറ്റിൽ വകയിരുത്തുന്ന |പദ്ധതിപണത്തിന്റെ സിംഹഭാഗവും ധനകാര്യ വർഷത്തിന്റെ അവസാനമായ മാർച്ച് മാസത്തിലാ ണ് ചെലവഴിച്ചുതീർക്കുന്നത്. സാമ്പത്തിക വർഷാവസാനം ധൃതിപിടിച്ച് പണംചെലവാക്കുന്നത് പദ്ധതിയുടെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നു.

പദ്ധതി നിർവ്വഹണത്തിന് മൊബിലൈസേഷൻഅഡ്വാൻസ് സെക്യേർഡ് അഡ്വ ാൻസ് ഇനങ്ങളിൽ വൻതുകകൾ ഗുണഭോക്തൃ സമിതികൾക്ക് നൽകിയെങ്കിലും പദ്ധതി പൂർത്തീകരി

ക്കുകയോ അല്ലാത്ത പക്ഷം പലിശസഹിതം തുക ഈടാക്കുകയോ ചെയ്തുകാണുന്നില്ല. തൃശൂർ ജില്ലയിലെ കടങ്ങോട് ഗ്രാമപഞ്ചായത്തിൽ മാത്രം ഇത്തരത്തിൽ ഇരുപതോളം പ്രവൃത്തികൾ പൂർത്തീകരിക്കാതെ ബാക്കിനിൽക്കുന്നു. കൂടാതെ സെക്രട്ടറി നിർവ്വഹണാധികാരിയായിരിക്കെ കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റിയെ നിർവ്വഹണഏജൻസിയാക്കി നിശ്ചയിച്ച് പദ്ധതിപ്പണം കണക്കുമാറ്റി ചെലവഴിച്ച സംഭവങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം നടപടികൾ സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാണ്.

## 2.8. പെൻഷൻ/വേതന വിതരണത്തിലെ അപാകതകൾ

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായിട്ടാണ് പെൻഷൻ/വേതനവിതരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചിട്ടുള്ളത്. പെൻഷൻ/വേതനവിതരണം കൂടുതൽ കാര്യക്ഷമ മാക്കുന്നതിനുദ്ദേശിച്ചുകൊണ്ടു നടപ്പിലാക്കിയ ഈ നടപടി മിക്ക ഗ്രാമപഞ്ചായത്തുകളിലും ഉദ്ദേശിച്ച രീതിയിൽ ഫലവത്താകുന്നതായി കാണുന്നില്ല. വളരെ കാലങ്ങളായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിച്ചിട്ടുള്ള തൊഴിൽരഹിത വേതനം/പെൻഷൻ അപേക്ഷകൾ തീർപ്പാക്കാതെ അവശേഷിക്കുന്നതായി കാണുന്നു. വാർദ്ധക്യകാല പെൻഷൻ പോലെയുള്ള സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ അപേക്ഷകളിൽ തീർപ്പാക്കുന്നതിനുള്ള കാലതാമസം കാരണം അർഹരായ പലർക്കും പെൻഷൻ ലഭിക്കാത്ത സാഹചര്യം ഉണ്ടാകുന്നു. വിവിധ പെൻഷനുകളുടെയും തൊഴിൽരഹിത വേതനത്തിന്റെയും വിതരണം സംബന്ധിച്ച രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കാത്തതുവഴി പെൻഷൻ ചെലവുകൾ കൃത്യമായി കണക്കാക്കാൻ കഴിയാത്തഅവസ്ഥയും പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കാണാവുന്നതാണ്.

## 2.9. ഭവനപദ്ധതിയിലെ അപാകതകൾ

വലിയൊരു വിഭാഗജനങ്ങൾ സാമ്പത്തിക പിന്നോക്കാവസ്ഥ നേരിടുന്ന വയനാട് ജില്ലയിൽ ഭവനരഹിതരായ വ്യക്തികൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നൽകുന്നതിനായി വിവിധ പദ്ധതികൾ പ്രകാരം വൻതുകകൾ വയനാട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തിവരുന്നു. ഭവനരഹിതരായ വ്യക്തികളെ എസ്.സി/എസ്.ടി/ജനറൽ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുത്തിയാണ് ഇത്തരം പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിവരുന്നത്. ഗുണഭോക്താക്കൾക്ക് നേരിട്ട് തുകഅനുവദിച്ച് വിവിധ സന്നദ്ധ സംഘടനകൾ, സി.ഡി.എസ് കുടുംബശ്രീ യൂണിറ്റുകൾ മുഖേനയാണ് ഇത്തരം |പദ്ധതികൾ നടപ്പിലാക്കി വരുന്നത്. എന്നാൽ ഇത്തരത്തിൽ പ്രവർത്തനമാരംഭിച്ച പല പ്രവൃത്തികളും പൂർത്തിയാകാതെ അവശേഷിക്കുന്നു. ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ പരിശോധിച്ച് വിലയിരുത്തുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും ഇത്തരം സമിതികളുടെ പ്രവർത്തനം നിർജ്ജീവാവസ്ഥയിലാണ്. ഈ പ്രവണത ഇടനിലക്കാരുടെയും ബിനാമികളുടെയും കടന്നുകയറ്റത്തിന് വഴിയൊരുക്കുന്നു. വിവിധ സന്നദ്ധ സംഘടനകളും, സി.ഡി.എസ്, കുടുംബശ്രീ യൂണിറ്റുകളും നിർമ്മിച്ച ഭവനങ്ങൾ വളരെ പെട്ടെന്നുതന്നെ ഉപയോഗ ശൂന്യമായി മാറുന്ന സാഹചര്യവും കാണാൻ കഴിയുന്നു.

# 2.10.വികസന പ്രവർത്തനങ്ങൾ

മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വികസന ഫണ്ടിന്റെയും കേന്ദ്രാ വിഷ്കൃത ഫണ്ടിന്റെയും, മെയിന്റനൻസ് ഗ്രാന്റിന്റെയും ലഭ്യതയനുസരിച്ചുള്ള ആസൂത്രണപ്രവർത്തന ങ്ങളിൽ, ഉല്പാദനമേഖലയിലെ പോരായ്മകൾ നികത്തുന്നതിനോ ഗ്രാമ/നഗരസഭ പ്രദേശത്തെ വികസനത്തെ ദീർഘവീക്ഷണത്തോടെ മുന്നിൽകണ്ട് സമഗ്രപദ്ധതി രൂപീകരിക്കുന്നതിനോ ഉള്ള പരിശ്രമങ്ങൾ കുറവാണ്. നാടിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി പ്രാദേശിക തലത്തിൽ പദ്ധതികൾ രൂപകല്പനചെയ്ത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി നടപ്പാക്കുന്നതിനു വേണ്ടിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസനഫണ്ട്, ഗ്രാന്റുകൾ എന്നിവ അനുവദിക്കുന്നത്.

വികസനപ്രവർത്തനങ്ങൾ എന്നപേരിൽ ഗ്രാമീണ റോഡുകളുടെ റിപ്പയറിംഗിനും കോൺക്രീറ്റിംഗിനും മണ്ണ് ഫി ല്ലിംഗിനും വേണ്ടി ഓരോവർഷവും വൻതുകകൾ ചെലവഴിക്കു ന്നുണ്ടെങ്കിലും ഇപ്പോഴും റോഡുകളുടെ അവസ്ഥയിൽ കാര്യമായ മാറ്റമൊന്നുമുണ്ടായിട്ടില്ല.
പല വികസന പദ്ധതികളും ശരിയായ മോണിറ്ററിംഗ് സംവിധാനത്തിന്റെയോ തുടർ പ്രവർത്തന ങ്ങളുടെയോ അഭാവത്തിൽ ലക്ഷ്യ പ്രാപ്തി കൈവരിക്കാതെ പോകുന്ന പ്രവണത തുടരുന്നു. നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ പലപദ്ധതികളും പൂർത്തീകരിക്കാതെ വരുന്നതും വികസന പ്രക്രിയയെ സാരമായി ബാധിച്ചുവരുന്നു.

### *2.10.1.കാർഷിക മേഖല*

കാർഷിക മേഖലയുടെ വളർച്ചയ്ക്ക് ഉതകുന്ന ക്ഷേമപദ്ധതികൾ ആവിഷ്ക്കരിച്ച് കാർഷിക മേഖലയെ പുഷ്ടിപ്പെടുത്തേണ്ടത് തദ്ദേശഭരണകൂടത്തിന്റെ അനിവാര്യ ചുമതലയും ബാധ്യതയുമാണ്. എന്നാൽ കാർഷിക മേഖലയ്ക്ക് അർഹമായ പ്രാധാന്യം നൽകി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും വികസനോന്മുഖമായ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിലും ഏറ്റെടുത്തവ യഥാവിധി നിർവ്വഹിക്കപ്പെടുന്നു എന്നുറപ്പാക്കുന്നതിലും തദ്ദേശഭരണ സ്ഥാപന ങ്ങൾ വേണ്ടത്ര ശ്രദ്ധപുലർത്തുന്നില്ല.

നെല്ല്, തെങ്ങ് തുടങ്ങിയവ പ്രധാന വിളകളായ കാർഷികമേഖല പ്രധാനമായ ഗ്രാമപഞ്ചാ യത്തുകളിൽ ഈ വിളകളുടെ സംരക്ഷണത്തിനും ഉല്പാദന വർദ്ധനവിനുമായി എല്ലാ വർഷവും വികസന ഫണ്ടിൽനിന്ന് കൃഷിവകുപ്പ്വഴി ലക്ഷക്കണക്കിനു രൂപ ചെലവഴിക്കുന്നുണ്ടെങ്കിലും ആനുപാതികമായ ഉല്പാദന വർദ്ധനവ് ഉണ്ടാകുന്നില്ല. കാർഷിക യന്ത്രവൽക്കരണത്തിന്റെ ഭാഗമായുള്ള പ്രോജക്ടുകളിൽപ്പെടുത്തി വാങ്ങുന്ന കാർഷികോപകരണങ്ങൾ പലതും തദ്ദേശ സ്ഥാപനത്തിന്റെ യാതൊരു നിയന്ത്രണവുമില്ലാതെ അന്യാധീന പ്പെട്ടു പോകുന്ന സ്ഥിതിവിശേഷം ഉണ്ടായിക്കൊണ്ടിരിക്കുന്നു. വിവിധ പദ്ധതിപ്രകാരം പാടശേഖര സമിതികൾക്ക് ഉപകരണങ്ങൾ വാങ്ങിനൽകുന്നതിൽമാത്രം പ്രോജക്ട് നിർവഹണം പരിമിത പ്പെടുത്തുകയും തുടർന്ന് അവയുടെ പ്രവർത്തനം വിലയിരുത്താനോ, ഉപയോഗം പദ്ധതി ലക്ഷ്യങ്ങൾക്കനുസൃതമായാണോ നടക്കുന്നത് എന്ന് മോണിട്ടർ ചെയ്യാനോ വേണ്ടത്ര ശ്രദ്ധ കാണിക്കുന്നില്ല. വർഷാവർഷം പദ്ധതികളുടെ ഗുണഫലങ്ങൾ വേണ്ടവിധത്തിൽ നിരീക്ഷിച്ച് പോരായ്മകൾ പരിഹരിക്കുന്നതിനുപകരം

എല്ലാവർഷവും ഒരേയിനം പദ്ധതികൾതന്നെ തുടർന്നു നടത്തുന്നതുമൂലം പ്രവർത്തികളുടെ യഥാർത്ഥ ഗുണഫലം ലഭിക്കുന്നില്ല.

### *2.10.2. ജലസംരക്ഷണ പ്രവർത്തനങ്ങൾ*

ഉല്പാദന മേഖലയിൽവകയിരുത്തുന്ന പദ്ധതിവിഹിതത്തിന്റെ മൂന്നിൽ ഒരു ഭാഗമെങ്കിലും മഴവെള്ളസംഭരണം ഉൾപ്പെടെയുള്ള ജലസംരക്ഷ ണ പ്രവർത്തിക്ക് വകയിരുത്തേണ്ടതാണ് എന്നനിർദ്ദേശം മിക്ക സ്ഥാപനങ്ങളിലും പാലിച്ചുകാണുന്നില്ല. കുടിവെള്ള |പദ്ധതികൾ ലക്ഷ്യം കാണുന്നതിൽ വളരെയേറെ കാലവിളംബം ഉണ്ടാകുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ലക്ഷങ്ങൾ ചെലവഴിച്ച് കമ്മീഷൻചെയ്ത കുടിവെള്ള പദ്ധതികൾപോലും ആവശ്യത്തിന് വെള്ളം ലഭിക്കാത്ത തിനാൽ പൂർണ്ണമായും ഉപകാരപ്രദമാവുന്നില്ല. ജലലഭ്യത ഉറ പ്പുവരുത്താതെ |പദ്ധതികൾ തയ്യാറാക്കുന്നതാണ് ഈ അവസ്ഥയ്ക്ക് കാരണം.

### *2.10.3. സ്വയംതൊഴിൽ സംരംഭങ്ങൾ*

കുടുംബശ്രീ അയൽക്കൂട്ടങ്ങൾ മുഖേന തൊഴിൽസംര ംഭങ്ങൾ ആരംഭിക്കുന്നതിനായി നൽകുന്ന ധനസഹായം യഥാവിധി വിനിയോഗിച്ചു എന്നുറപ്പ് വരുത്തുന്നതിലേക്ക് വേണ്ടി ധനസഹായം ലഭിച്ച ഗ്രൂപ്പുകളുടെ തുടർപ്രവർത്തനങ്ങൾ പലപ്പോഴും വിലയിരുത്തപ്പെടുന്നില്ല. തൊഴിൽ പരിശീലന പദ്ധതികൾ ദീർഘവീക്ഷണത്തോടെയല്ലാതെ നടപ്പാക്കാൻ ശ്രമിച്ചിരിക്കുന്നതി നാൽ അവ ധനവിനിയോഗത്തിൽ മാത്രമായി ഒതുങ്ങിയിരിക്കുകയാണ്. യഥാർത്ഥ ഗുണഭോക്താ ക്കളെ ഗ്രാമസഭയിൽക്കൂടി യഥാസമയം തെരഞ്ഞെടുക്കാത്തതു മൂലവും പരിശീലന സൗകര്യ ങ്ങളുള്ളതും സർക്കാർ അംഗീകൃതവുമായ സ്ഥാ പനങ്ങളെ പരിശീലനത്തിനായി കണ്ടെത്താത്തതു മൂലവും സർക്കാർ/പണം, സ്വകാര്യ സ്ഥാപനങ്ങൾ വൻതോതിൽ കൈപ്പറ്റുന്നു എന്നതൊഴിച്ചാൽ ഈ പദ്ധതികൾമൂലം ഗുണഭോക്താക്കളെ സ്വയം പര്യാപ്തരാക്കാൻ സാധിച്ചിട്ടില്ല.

## 2.11. ഡെപ്പോസിറ്റ് വർക്കുകൾ.

ഡെപ്പോസിറ്റ് വർക്കുകൾ യഥാസമയം പൂർത്തീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ ബന്ധപ്പെട്ട മറ്റുവകുപ്പുകളോ ശ്രദ്ധിച്ചുവരുന്നില്ല. വിവിധ ഡെപ്പോസിറ്റ് വർക്കുകൾക്ക് ഇലക്ട്രിസിറ്റി ബോർഡ്, വാട്ടർഅതോറിറ്റി എന്നിവിടങ്ങളിൽ തുക നിക്ഷേ പിച്ചി ട്ടുണ്ടെങ്കിലും വിനിയോഗം സംബന്ധിച്ച രേഖകൾ മിക്കസ്ഥാപനങ്ങളും ഓഡിറ്റിന് ഹാജരാ ക്കിയിട്ടില്ല. പരമാവധി ചെലവ് വർഷാന്ത്യകണക്കിൽ കാണിക്കുന്നതിനായി കൃത്യമായ എസ്റ്റിമേറ്റ് പോലും തയ്യാറാക്കാതെ കെ.എസ്.ഇ.ബി, വാട്ടർഅതോറിറ്റി മുതലായ വകു പ്പുകളിൽ തുക ഡെപ്പോസിറ്റ് ചെയ്തുവരുന്നു. വർഷങ്ങൾ കഴിഞ്ഞാലും ഈ പദ്ധതികൾ പൂർത്തീകരിക്ക പ്പെടാറുമില്ല. കൊല്ലം നഗരസഭയിൽ മാത്രം 2007-08 വർഷത്തിൽ 23 പ്രവർത്തികൾക്കായി 2,93,35,121/-രൂപ വിവിധ വകുപ്പുകളിൽ നിക്ഷേപിച്ചെങ്കിലും പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല.

# 2.12.മരാമത്ത് പ്രവൃത്തികൾ

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ വ്യാപകമായ അ പാകതകളും വീഴ്ചകളും ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഓരോവർഷവും ഏറ്റെടുത്ത് നടത്താനുദ്ദേശിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്ന പതിവ് ഒട്ടുമിക്ക തദ്ദേശഭരണ/നഗരപാലികാ സ്ഥാപനങ്ങളിലും ഇല്ല. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ പലഅപാകതകളും ഓഡിറ്റിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ, ചുമതലപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തി സ്ഥലം വ്യക്തിപരമായി പരിശോധിച്ച് ആവശ്യമായ ഇനങ്ങളുടെ പര്യാപ്തതയും ആവശ്യകതയും ഉറപ്പു വരുത്തണമെന്നുള്ള ചീഫ് എഞ്ചിനീയറുടെ 7/03-ലെ സർക്കുലറിന് വിരുദ്ധമായാണ് പലപണി കളും ചെയ്തുവരുന്നത്. ഉദാഹരണത്തിന് തലശ്ശേരി നഗരസഭയിൽ മേൽസർക്കുലറിന് വിരുദ്ധ മായി എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ പൂർത്തിയാക്കിയ റോഡിന്റെ ഭൂരിഭാഗവും ഉൾപ്പെടുത്തി പുതിയറോഡ് നിർമ്മിക്കുന്നതിനും സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള ഭൂമിയിൽ റോഡ് നിർമ്മിക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർചെയ്ത് കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ച സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചശേഷം എസ്റ്റിമേറ്റിൽ സാരമായ വ്യതിയാനം വരുത്തുന്നതും ടെണ്ടർ സ്വീകരിച്ചശേഷം പലയിനങ്ങളും ഒഴിവാക്കുകയോ കൂട്ടിച്ചേർക്കുകയോ ചെയ്ത് പലതവണ എസ്റ്റിമേറ്റ് പുതുക്കുന്നതും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

1997-ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളിലെ ചട്ടം 11(1)-ന് വിരുദ്ധമായി ഒറ്റടെണ്ടർ മാത്രം ലഭിച്ച പ്രവൃത്തിക്ക് റീ-ടെണ്ടർ നടത്താതെ ഏക ടെണ്ടർ സമർപ്പിച്ച കരാറുകാരന് പണി ഏൽപ്പിച്ചു കൊടുക്കുന്ന പ്രവണത വിവിധ നഗരസഭകളിൽ കണ്ടുവരുന്നു. ഉദാഹരണത്തിന് കണ്ണൂർ നഗരസഭയിൽ ഏക ടെണ്ടർ മാത്രം സ്വീകരിച്ചുകൊണ്ട് 14 പ്രവൃത്തികൾ നിർവ്വഹിച്ചതായി കാണുന്നു. 03.11.03-ലെ ജി.ഒ.( പി) 322/03 എൽ.എസ്.ജി.ഡി. പ്രകാരം നിർദ്ദേശിച്ചിട്ടുള്ള എഞ്ചിനീയറുടെ കാര്യകാരണസഹിതമുള്ള റിപ്പോർട്ട് ഇല്ലാതെയാണ് ഈ ടെണ്ടറുകൾ സ്വീകരി ച്ചിട്ടുള്ളത്. തലശ്ശേരി നഗരസഭയിലും ഇത്തരത്തിൽ പ്രവൃത്തികൾ ഏൽപ്പിച്ചുകൊടുത്ത സംഭവം ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സെലക്ഷൻ നോട്ടീസ് ലഭിച്ച് 20 ദിവസത്തിനകം പിഴകൂടാതെ വീണ്ടും 10 ദിവസംവരെ വൈകി, കരാർ തുകയുടെ ഒരു ശതമാനം നിരക്കിൽ പിഴ ഈടാക്കിയും കരാർ ഒപ്പുവയ്ക്കാ മെന്ന സർക്കാർ ഉത്തരവ് [ജി.ഒ.( പി) 68/99/പി.ഡബ്ല്യു.ഡി.തീ: 14.07.99] അവഗ ണിച്ചുകൊണ്ട് കരാർ ഒപ്പുവയ്ക്കാൻ അധിക സമയം അനുവദിക്കുകയും പിഴ ഈടാക്കാതിരിക്കുകയും ചെയ്ത നിരവധി ഉദാഹരണങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മരാമത്തു പ്രവൃത്തികൾ, കരാറുകാരുമായി ഉണ്ടാക്കിയ കരാറുടമ്പടിയിൽ നിശ്ചയിക്കുന്ന സമയപരിധിക്കകം പൂർത്തിയാക്കാറില്ല. കരാർ വ്യവസ്ഥകളനുസരിച്ചും, പി.ഡബ്ല്യു.ഡി. കോഡ് മാന്വൽ എന്നിവയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് നടപടികൾ സ്വീകരിക്കാത്തതാണ് ഇതിന് മുഖ്യകാരണം. തലശ്ശേരി നഗരസഭയിൽ 2000-01 വർഷം മുതൽ 2006-07 വർഷംവരെ

ഏറ്റെടുത്ത 6 പ്രധാന പൊതുമരാമത്ത് പ്രവൃത്തികൾ 10/08 ലും പൂർത്തിയാക്കിയിട്ടില്ലാത്ത തായി ശ്രദ്ധയിൽപ്പെട്ടു. ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾ സയമബന്ധിതമായി പൂർത്തിയാക്കാനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.

# 2.13.സർവ്വകലാശാലകൾ

ഓരോ സാമ്പത്തികവർഷത്തിലും കോടിക്കണക്കിന് രൂപ വരവും ചെലവും വരുന്ന സർവ്വകലാശാലകൾക്ക് അനുയോജ്യമായ രീതിയിൽ കണക്കുകൾ സൂക്ഷിക്കുന്നതിന് ആവശ്യമായ അക്കൗണ്ട്സ് റൂളുകൾ നാളിതുവരെ തയ്യാറാക്കിയിട്ടില്ല. കോഴിക്കോട് സർവ്വകലാശാലയിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ഓരോ ബജറ്റ് ഹെഡ്ഡിനും അനുസൃതമായ ഡി.സി.ബി. പത്രിക ഹാജരാക്കിയിട്ടില്ല. പലപ്പോഴും വരവ് തുകതന്നെ ഡിമാന്റ് ചെയ്യുന്ന അവസ്ഥയാണ്.

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ 1985-ലെ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ആക്ട് അനുസരിച്ച് (സെക്ഷൻ 37) യൂണിവേഴ്സിറ്റിയ്ക്ക് തനതായ ഓർഡിനൻസ് നിലവിലില്ലാത്ത തിനാൽ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ നിർവ്വചിയ്ക്കാൻ കഴിയാതെ വരുന്നു. അിനാൽ ജീവനക്കാർക്ക് ക്രമവ ിരുദ്ധമായി ആന ുകൂല്യം നൽകുന്ന അവസ്ഥകളും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1983-ൽ പ്ര വർത്തനമാരംഭിച്ച എ ം.ജി.യൂണി വഴ്സിറ്റിയിൽ നാളിത ുവരെ അക്കൗണ്ട്സ് റ ൂൾസും പ്രാബല്യത്തിൽ വന്നിട്ടില്ല . ഓഡിറ്റ് റിപ്പോർട്ട ുകളിൽ ച ൂണ്ടിക്കാണിക്കുന്ന അപാകതകൾ പരിഹരിച്ച് സർക്കാരിന് നൽകുന്ന റെക്റ്റിഫിക്കേഷൻ റിപ്പോർട്ടിന്മേൽ സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല. ഓഡിറ്റ് റിപ്പോർട്ടിന്മേൽ സ്വീകരിക്കേണ്ട തുടർനടപടി സംബന്ധിച്ച നിർദ്ദേശങ്ങൾ യൂണിവേഴ്സിറ്റി ആക്ടിൽ നിലവിലില്ലാത്തതിനാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് & റൂൾസ് അനുസരിച്ച് നഷ്ടത്തിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ റവന്യൂറിക്കവറി നടപടികൾ സ്വീകരിക്കാൻ കഴിയുന്നില്ല. ഇക്കാര്യം യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തുന്നകാര്യം പരിഗണിയ്ക്കേണ്ടതും യൂണിവേഴ്സിറ്റി ഓർഡിനൻസും,അക്കൗണ്ട്സ് റൂൾസും പ്രാബല്യത്തിൽ വരുത്താൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതുമാണ്.

# 2.14.വികസന അതോറിറ്റികൾ

നഗരങ്ങളുടെയും പ്രാന്തപ്രദേശങ്ങളുടെയും സമഗ്രവും സമ്പൂർ ണവുമായ വികസനം ലക്ഷ്യമാക്കി രൂപം കൊടുത്തിട്ടുള്ള വികസന അതോറിറ്റികളുടെ ഉദ്ദേശ ലക്ഷ്യങ്ങളിൽ, നഗര വികസന ആസൂത്രണം കൂടാതെ ഭൂമിവികസനം, കനാൽ നവീകരണം, ഗതാഗതസൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, വാണിജ്യകേന്ദ്രങ്ങളുടെയും ഷോപ്പിംഗ് കോംപ്ലക്സുകളുടെയും നിർമ്മാണം, പാർക്കുകൾ, ബസ്‌വേകൾ, വിശ്രമകേന്ദ്രങ്ങൾ എന്നിവയുടെ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു.

വാടക, ഭൂമിവിൽപ്പനപാർപ്പിട പദ്ധതി എന്നിവയുടെ ഇ ൻസ്റ്റാൾമെന്റ് വരവുകൾ, പാർക്കിംഗ് ഫീസ്, വിവിധ മൈതാനങ്ങൾ, ഹെലിപ്പാഡുകൾ, നടപ്പാതകൾ എന്നിവയിൽ നിന്നുള്ള വരുമാനം തുടങ്ങിയവ യഥാസമയം ഈടാക്കുന്നതിന് ശരിയായ അക്കൗണ്ടിംഗ് സമ്പ്രദായവും,

നിരീക്ഷണ സംവിധാനവും ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിൽ അതോറിറ്റിയുടെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ചയുണ്ട്. ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നുള്ള വാടകതുക സ്വീകരിക്കുവാനുള്ള സ്ഥാപനമായി പരിമിതപ്പെടാതെ, നഗരങ്ങളുടെയും പരിസരപ്രദേശങ്ങളുടെയും വികസനപക്രിയകളിൽ നെടുനായകത്വം വഹിക്കാൻ വികസന അതോറിറ്റികൾ ശ്രദ്ധചെലുത്തേണ്ടതാണ്.

## 2.15. കേരളസ്റ്റേറ്റ് ഹൗസിംഗ്ബോർഡ്

ഹൗസിംഗ് ബോർഡിന്റെ വിവിധ ഡിവിഷൻ ഓഫീസുകളുടെയും യൂണിറ്റ് ഓഫീസുകളുടെയും കീഴിൽവരുന്ന റവന്യൂടവറുകൾ, കടമുറികൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നിവിടങ്ങളിൽനിന്നും വാടക പിരിച്ചെടുക്കുന്നതിൽ ബോർഡ് വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല. തന്മൂലം വാടക, പ ിഴപ്പലിശ എന്നീയിനങ്ങളിൽ കോടികളുടെ നഷ്ടം ബോർഡിന് വർഷംതോറും ഉണ്ടാകുന്നു.

കൂടാതെ റവന്യൂ ടവറുകളിലും ഓഫീസ് കോംപ്ലക്സുകളിലും പ്രവർത്തിക്കുന്ന സ്ഥാപ നങ്ങളുടെ കറണ്ടുചാർജ്ജും, വെള്ളക്കരവും ബോർഡ് ഫണ്ടിൽ നിന്നുംഅടയ്ക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. വാടകക്കാരുമായി ഏർപ്പെട്ടിട്ടുള്ള വാടക കരാറുകളിൽ ഇതു സംബന്ധിച്ച് വ്യവസ്ഥ ചെയ്യാത്തതുമൂലമാണ് ഇത്തരത്തിൽ ഭീമമായ നഷ്ടം സംഭവിക്കുന്നത്. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി അനുഭവിച്ചുകൊണ്ടിരിക്കുന്ന ബോർഡ് ഈ വിഷയത്തിൽ ഒരു പുനഃപരിശോധന എത്രയുംവേഗം നടത്തേണ്ടതാണ്.

## 2.16.ക്ഷേമനിധി ബോർഡുകൾ

18 ക്ഷേമനിധി ബോർഡുകളുടെ ഓഡിറ്റ് ചുമതലയാണ് വകുപ്പിന് ലഭ്യമാക്കിയിട്ടുള്ളത്. ഓരോ ക്ഷേമനിധി ബോർഡിന്റെയും നിയമങ്ങളും ചട്ടങ്ങളും പ്രവർത്തനങ്ങളുടെ സവിശേഷതയും പരിഗണിച്ച് ഓരോ സ്ഥാപനത്തിനും ഉപയുക്തമായ അക്കൗണ്ട്സ് റൂൾസും ഓ ഫീസ് നടപടിക്രമങ്ങളും പ്രാബല്യത്തിൽ വരുത്തേണ്ടതാണ്. ഇവയുടെഅഭാവം സാമ്പത്തിക ക്രമക്കേടുകൾക്ക് സാഹചര്യം സൃഷ്ടിക്കുന്നു. ക്ഷേമനിധികളുടെരജിസ്റ്ററുകളുടെ പരിപാലനത്തിലും ഐക്യരൂപമില്ല. വിവിധ ക്ഷേമനിധികളിലെഅംശാദായം ശേഖരിക്കുന്നതിലും ആയവ യഥാസമയം ക്ഷേമനിധികളിൽഅടയ്ക്കാതെ കൈവശം വയ്ക്കുന്ന ധാരാളം വിഷയങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം | ക്ഷേമനിധി ബോർഡ് | ഓഡിറ്റ് റിപ്പോർട്ട് വർഷം | അംശാദായ തുക (കുടിശ്ശിക) |
|---|---|---|---|
| 1 | കശുവണ്ടി തൊഴിലാളി, കൊല്ലം | 1998-99 മുതൽ 1999-2000 വരെ | 110.12 ലക്ഷം |
| 2 | കേരള ഈറ്റ, കാട്ടുവള്ളി തഴ, തൊഴിലാളി | 2000-01 മുതൽ 2004-05 | 1.19 ലക്ഷം |

വാർഷിക കണക്കുകൾ യഥാസമയം ഓഡിറ്റിനു സമർപ്പിക്കുന്നതിലും, യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിലും വീഴ്ചവരുത്തുന്നു. ഓരോ ക്ഷേമനിധിയ്ക്കും

അവയുടെ സവിശേഷത പരിഗണിച്ച് അക്കൗണ്ട് റൂൾസും നട പടിക്രമങ്ങളും പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

കൈത്തറി തൊഴിലാളികളിൽ ആകെയുള്ള 2.34 ലക്ഷം തൊഴിലാളികളിൽ 1.86 ലക്ഷം പേരും പദ്ധതിയ്ക്കുപുറത്താണ്. കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ കൈത്തറി മേഖലയിലെ മുഴുവൻ തൊഴിലാളികളെയും അംഗങ്ങളാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2.17.നികുതി കുടിശിക 88.74 കോടി

ഓഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ നികുതിയിനത്തിലും ഗ്രന്ഥശാലാവരി, ക്ഷേമനിധി വിഹിതം എന്നീ ഇനങ്ങളിലുമായി 88.74 കോടി രൂപ അടയ്ക്കാനുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

**ഓഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ കേന്ദ്ര – സംസ്ഥാന സർക്കാരുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും അടയ്ക്കുവാനുള്ള തുകയുടെ വിവരം.**

(തുക കോടിയിൽ)

| ക്രമ നം | സ്ഥാ പനം | പരിഗണിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം | സംസ്ഥാന സർക്കാർ (ഓഡിറ്റ് ഫീ ഒഴികെ) | കേന്ദ്ര സർക്കാർ | ഗ്രന്ഥശാലാവരി | നിർമ്മാണത്തൊഴിലാളി ക്ഷേമനിധി | മറ്റിനം | ആകെ |
|---|---|---|---|---|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് | 1374 | 3.53 | 0.21 | 9.30 | 1.10 | 2.76 | 16.91 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 158 | 0.46 | 0.88 | -- | 0.13 | -- | 1.47 |
| 3 | ജില്ലാ പഞ്ചായത്ത് | 23 | 0.42 | 0.17 | -- | 0.10 | 0.91 | 1.60 |
| 4 | നഗരസഭ | 101 | 1.56 | 2.10 | 13.10 | 8.09 | 0.91 | 25.76 |
| 5 | സർവ്വകലാശാല | 6 | 0.07 | 0.44 | -- | 0.06 | -- | 0.58 |
| 6 | മറ്റു സ്ഥാപനങ്ങൾ | 376 | 26.77 | 0.10 | -- | 0.29 | 15.25 | 42.41 |
| | **ആകെ** | 2038 | 32.81 | 3.90 | 22.40 | 9.77 | 19.83 | 88.73 |

❋❋❋❋❋

## അദ്ധ്യായം - 3

# ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3.1. വരവിനങ്ങളിലെ നഷ്ടങ്ങൾ

*തദ്ദേശഭരണ സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കാൻ ഫലപ്രദമായ നടപടികളൊന്നുംതന്നെ കുറെ വർഷങ്ങളായി നടന്നിട്ടില്ല. നികുതികൾ യഥാസമയം പിരിച്ചെടുക്കുന്നതിനും നികുതിയിതര വരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിനും ശ്രദ്ധചെലുത്തുന്നില്ല. കെട്ടിട നികുതി, തൊഴിൽ നികുതി തുടങ്ങിയ വിവിധ വരവിനങ്ങളിൽ വൻതുക കുടിശ്ശികയായി അവശേഷിക്കുന്നു. തനതുവരുമാനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ കൃത്യമായി എഴുതിസൂക്ഷിക്കാത്തതിനാൽ വരുമാനത്തിലുണ്ടാകുന്ന നഷ്ടം കാലാകാലങ്ങളിൽ നിരീക്ഷിക്കുന്നതിനും നഷ്ടം നികത്തുന്നതിനും കഴിയാതെവരുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.*

### 3.1.1. പാണഞ്ചേരി ഗ്രാമപഞ്ചായത്ത് - തൃശ്ശൂർ ജില്ല

***ഷോപ്പിംഗ് കോംപ്ലക്സ് വാടക പിരിച്ചെടുത്തിട്ടില്ല:***

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 1999-2000, ഖണ്ഡിക നം: 2-4*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2000-01, ഖണ്ഡിക നം: 2-3*

1999-2000, 2000-2001 സാമ്പത്തിക വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് എടുത്ത താഴെ പറയുന്ന വ്യക്തിയിൽ നിന്ന് വാടക ലഭിച്ചതായോ ആയത് ഈടാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചതായോ ഓഡിറ്റിന് കണ്ടെത്താൻ സാധിച്ചില്ല.

***1999 – 2000***

| | |
|---|---|
| 1. ശ്രീ.സുശീൽകുമാർ റൂം നമ്പർ 7/08 | 12672/-രൂ. |
| ***2000 – 2001*** | |
| 2. ശ്രീ.സുശീൽകുമാർ റൂം നമ്പർ 7/08 | 12672/-രൂ. |
| ആകെ | 25344/-രൂ. |
| | ======= |

മേൽ തുക നിയമാനുസൃതമായ പിഴ പലിശ സഹിതം ഈടാക്കാൻ വേണ്ട നടപടികൾ അധികാരികളുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല.

***ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:*** *ശ്രീ.പി.മുകുന്ദൻ നായർ, സെക്രട്ടറി.(1999-2000, 2000-2001)*

## 3.1.2. പാഞ്ഞാൾ ഗ്രാമ പഞ്ചായത്ത് -തൃശ്ശൂർ ജില്ല

***മണൽ വിൽപ്പന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല:***

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 1999-2000, 2000-2001, 2001-02, 2002-03*

*ഖണ്ഡിക നം: 2-2, 2-3, 2-1, 2-2*

1999-2000 മുതൽ 2002-2003 വരെയുള്ള കാലയളവിൽ 20300320/-രൂപയുടെ മണൽ വിൽപ്പന നടത്തിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ ഏതെല്ലാം കടവുകളിലാണ് മണൽ വാരൽ അനുവദിച്ചിരുന്നതെന്നോ, അതിനനുസൃതമായ വരവ് പഞ്ചായത്തിന് ലഭിച്ചിരുന്നോ എന്നുമുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകളോ, കടവുകൾ ലേലം ചെയ്തതിനെ സംബന്ധിക്കുന്ന ഫയലോ പഞ്ചായത്ത് കമ്മിറ്റി തീരുമാനമോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഈ വിഷയത്തിലേക്ക് സെക്രട്ടറിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. മേൽ മണൽ വിൽപ്പന സംബന്ധിക്കുന്ന എല്ലാ രേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

***ഉത്തരവാദിയായ ഉദ്യോഗസ്ഥർ:***

***1999– 2000***

*ശ്രീ.വി.ഗോപിനാഥൻ, മുണ്ടനാട് ഹൗസ്,*
*പി.ഒ.ചെറുതുരുത്തി, തൃശൂർ.* *(4/99 -19.01.2000)*

***1999– 2000 – 2002– 03***

*ശ്രീ.എ.കെ.സുൽത്താൻ, സുഹറമൻസിൽ,*
*നരിക്കുറ്റി./പി.ഒ,/പാലക്കാട്.* *(19.01.2000 -01.08.2002)*

***2002– 03***

*ശ്രീമതി.വി.എ.ഷെരീഫ, കൂട്ടുപുരയ്ക്കൽ,*
*പെ ാറ്റ./പി.ഒ./പഴയന്നൂർ, തൃശൂർ* *(01.08.2002-3/03)*

## 3.1.3.മേലാറ്റൂർ ഗ്രാമപഞ്ചായത്ത് -മലപ്പുറം ജില്ല

***(എ). നികുതി വാടക കുടിശ്ശികയിനത്തിൽ ഭീമമായ തുക ഈടാക്കാനുള്ളത്:***

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06 ഖണ്ഡിക നമ്പർ: 2(8), 2(10), 2(14)*

കെട്ടിട നികുതി, തൊഴിൽ നികുതി കുടിശ്ശികയിനത്തിലും പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശികയിനത്തിലും താഴെ കാണിച്ച പ്രകാരം 739478/-രൂപ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് ശേഖരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ഖണ്ഡിക നമ്പർ | തുക | റിമാർക്സ് |
|---|---|---|
| 2(8) | 136510 | വർഷാരംഭത്തിലെ കെട്ടിടനികുതി കുടിശ്ശികയായിരുന്ന 1,45,126/- രൂപ മുഴുവനായും തുടർന്ന് ഡിമാന്റ് ചെയ്യാതെ അനധികൃതമായി ഡിമാന്റിൽ നിന്നും ഒഴിവാക്കി. |
| 2(10) | 29340 | വർഷാരംഭത്തിലെ തൊഴിൽ നികുതി കുടിശ്ശിക തുക 33,470/-രൂപ മുഴുവനായും തുടർന്ന് ഡിമാന്റ് ചെയ്യാതെ 4130/-രൂപ മാത്രം ഡിമാന്റിലുൾപ്പെടുത്തി. |
| 2(14) | 739478 | വാടക രജിസ്റ്റർ, കുടിശ്ശിക രജിസ്റ്റർ എന്നി വ സൂക്ഷിക്കുന്ന തിലെ അപാകത കാരണവും വാടക യഥാസമയം പിരിച്ചെടുക്കുന്നതിൽ കുറ്റകരമായ അനാസ്ഥ കാരണവും ഷോപ്പിംഗ് കോംപ്ലക്സ് വാടകയിൽ കുടിശ്ശികവന്ന തുക അർഹമായ പിഴപ്പലിശ സഹിതം സമയോചിതമായി പിരിച്ചെടുക്കാൻ നടപടിയുണ്ടായില്ല. വ്യക്തമായ രജിസ്റ്ററുകളും സൂക്ഷിച്ചിട്ടില്ല |
| **ആകെ** | **905328** | |

***നഷ്ടോത്തരവാദി:*** *ഖണ്ഡിക 2 (10) -29340/- രൂപ - ശ്രീ.പി.കെ.അനീസ്, സെക്രട്ടറി*

### *(ബി). അർഹമായ ഡെപ്പോസിറ്റ് വെക്കാത്തവരും വാടകക്കാരല്ലാത്ത വ്യക്തികളും ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ ഉപയോഗിക്കുന്നു:*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06 ഖണ്ഡിക നമ്പർ: 2(17), 2(18)*

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയ്ക്ക് നൽകിയതനുസരിച്ച് വർഷാവസാനം 5.39 ലക്ഷം രൂപ പലിശയില്ലാത്ത തുക പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപമുണ്ടാകുന്നതിന് പകരം കേവലം 2.13 ലക്ഷം രൂപ മാത്രമേ അവശേഷിക്കുന്നുള്ളൂ. അർഹമായ ഡെപ്പോസിറ്റില്ലാതെ മുറികൾ വാടകയ്ക്ക് നൽകുന്ന പ്രവണത ബൈലോ നിയമാവലിക്കും പഞ്ചായത്തിന്റെ താൽപര്യങ്ങൾക്കും വിരുദ്ധമാണ്. വാടകയ്ക്ക് എടുത്ത വ്യക്തികൾ ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ അനധികൃതമായി മറ്റുള്ള വ്യക്തികൾക്ക് കൈമാറി ഉപയോഗിക്കുകയും ചെയ്തുവരുന്നു.

## 3.1.4. പാലക്കാട് നഗരസഭ

### *തൊഴിൽകരം- വൻകുടിശ്ശിക- മറ്റ് ക്രമക്കേടുകൾ:*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക: 2(13)*

പാലക്കാട് നഗരസഭയിലേക്ക് വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവ അടവാക്കേണ്ട തൊഴിൽ നികുതി നിയമാനുസൃതം അടവാക്കാത്തതിനാൽ നഗരസഭയ്ക്ക് 56,87,840/-രൂപ നഷ്ടമായിരിക്കുന്നു. 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 539 പ്രകാരം നഗരസഭക്കു ലഭിക്കേണ്ട ഏതെങ്കിലും തുകകൾ ഡ്യൂ ആകുന്ന തീയതിമുതൽ മൂന്നു വർഷത്തിനുള്ളിൽ ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാത്തപക്ഷം ആ തുകകൾ മുനിസിപ്പാലിറ്റിക്ക്

നഷ്ടപ്പെടുന്നതാണ്. മുനിസിപ്പാലിറ്റിക്ക് നഷ്ടം സംഭവിച്ച തുകകൾ 12% പ്രലിശ സഹിതം ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3.1.5. എസ്.ഐ.ഇ.പി.

***വിജ്ഞാനകോശ വാല്യങ്ങൾ നൽകിയ ഇനത്തിൽ സ്ഥാപനത്തിന് നഷ്ടം:***

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക 10*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക 10*

ബുക്ക്മാർക്കറ്റിംഗ് സൊസൈറ്റി, സാഹിത്യ പ്രവർത്തക സഹകരണ സംഘം, സ്കൂളുകൾ എന്നിവയ്ക്ക് സർവവിജ്ഞാനകോശ വാല്യങ്ങൾ നൽകിയ ഇനത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന് 38,71,001/-രൂപ പിരിഞ്ഞുകിട്ടാനുണ്ട്. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | റിവോൾവിംഗ് ഫണ്ട് ഓഡിറ്റു വർഷം | കമ്മീഷൻ കഴിച്ച് ബാക്കി കിട്ടാനുള്ള തുക |
|---|---|---|---|
| 1 | കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി. | 2006-07 | 1775700 |
| 2 | സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം | 2006-07 | 207330 |
| 3 | സ്കൂളുകൾ (ഡി.ഇ.ഒ മുഖാന്തിരം) | 2005-06 | 1887971 |
| | **ആകെ** | | **3871001** |

മേൽപറഞ്ഞ തുക പിരിച്ചെടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

***ഉത്തരവാദിയായ ഉദ്യോഗസ്ഥർ:*** *1. ഡോ.എം.ആർ.തമ്പാൻ* } *ഡയറക്ടർ*
*2. പ്രൊഫ.കെ.പാപ്പുട്ടി* } *എസ്.ഐ.ഇ.പി.*

## 3.1.6. കേരളാ ഈറ്റ, കാട്ടുവള്ളി തഴതൊഴിലാളി ക്ഷേമനിധി ബോർഡ്

***അംശാദായത്തുക അനധികൃതമായി കൈവശം വയ്ക്കുന്നത്:***

*(2000-01 - 2004-05 ഓഡിറ്റ് റിപ്പോർട്ട് ഭാഗം II ഖണ്ഡിക 12)*

കേരളാ ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്ട് സെക്ഷൻ 4(2) അനുസരിച്ച് ഓരോ തൊഴിലാളിയുടെയും പേരിൽ പ്രതിമാസം 7/-രൂപ നിരക്കിൽ തൊഴിലുടമ അടയ്ക്കേണ്ട അംശാദായം കേരളാ ബാംബു കോർപ്പറേഷൻ യഥാസമയം അടയ്ക്കുന്നില്ല. തൊഴിലുടമ അംശാദായമായ 1.19 ലക്ഷം രൂപയും, തൊഴിലാളികളിൽ നിന്നും പിരിച്ചെടുത്ത 1.19 ലക്ഷം രൂപയും ബാംബു കോർപ്പറേഷനിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

***ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:*** *ശ്രീ.കെ.എൻ.രാജൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ*

## 3.1.7.കേരള കയർതൊഴിലാളി ക്ഷേമനിധിബോർഡ്

***അംശാദായ തുക ക്ഷേമനിധിയിലടയ്ക്കാതെ അപഹരിച്ചത്:***

*(2000-04 ഓഡിറ്റ് റിപ്പോർട്ട് ഭാഗം III ഖണ്ഡിക സി.2)*

ക്ഷേമനിധി ബോർഡിന്റെ തൃക്കുന്നപ്പുഴ ഓഫീസിൽ അംശാദായമായി ശേഖരിക്ക പ്പെട്ട 47,404/-രൂപ ക്ഷേമനിധിയിലടയ്ക്കാതെ അപഹരിക്കപ്പെട്ടതായികണ്ടു. പിരിവുദ്യോഗസ്ഥർക്ക്

നൽകുന്ന രസീതു ബുക്കുപയോഗിച്ച് ശേഖരിക്കുന്ന തുക ക്ഷേമനിധിയിലടയ്ക്കുന്നുണ്ടോ എന്നുറപ്പാക്കാൻ ഉത്തരവാദിത്വമുള്ള ഓഫീസ് മേധാവികളുടെ കൃത്യവിലോപമാണ് ധനാപഹരണത്തിന് ഇടയാക്കിയിട്ടുള്ളത്. ടി തുകയും ആയതിന്മേൽ 18% പിഴപ്പലിശയുമുൾപ്പെടെ 80,285/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

***ഉത്തരവാദിയായ ഉദ്യോഗസ്ഥർ:*** *1. ശ്രീ.ബി.വിശ്വനാഥൻ, പ്യൂൺ.*
*2. ശ്രീ.പി.എസ്.രതീഷ്കുമാർ, എൽ.ഡി.സി.*

# 3.2. അനുവദിക്കപ്പെട്ട ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്നു

*പ്രത്യേക ഘടകപദ്ധതികൾക്കായും മറ്റ് പ്രത്യേക ഉദ്ദേശങ്ങൾക്കു വേണ്ടിയും അനുവദിക്കുന്ന തുകകൾ ആ പ്രത്യേക ഉദ്ദേശത്തിനുവേണ്ടി മാത്രമേ ചെലവഴിയ്ക്കാവൂ എന്ന് സർക്കാർ മാർഗ്ഗനിർദ്ദേശമുണ്ടായിട്ടുംപല നഗരസഭകളും ജില്ലാ പഞ്ചായത്തുകളും പ്രസ്തുത നിർദ്ദേശങ്ങൾ അവഗണിച്ചുകൊണ്ട് ഫണ്ട് വകമാറ്റി ചെലവഴിയ്ക്കുന്ന പ്രവണത കണ്ടുവരുന്നു. ഇത് ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. ശ്രദ്ധയിൽപ്പെട്ട ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.*

## 3.2.1.കൊല്ലം നഗരസഭ

***പട്ടികജാതി പദ്ധതികൾക്ക് വകയിരുത്തിയ 2,88,11,397/- രൂപ വകമാറ്റി ചെലവഴിച്ചത്***

*ഓഡിറ്റ് റിപ്പോർട്ട് 2007-08, ഖണ്ഡിക നമ്പർ 3-37*

കൊല്ലം നഗരസഭ 2007-08 വർഷം പട്ടികജാതി വികസനത്തിനായി ആവിഷ്ക്കരിച്ച് അംഗീകാരം നേടിയ 25 പദ്ധതികൾ നടപ്പിലാക്കുന്നതിനായി പദ്ധതി വിഹിതത്തിൽനിന്ന് വകയിരുത്തിയ 2,88,11,397/-രൂപ മറ്റ് ആറ് പദ്ധതികൾക്കുവേണ്ടി വകമാറ്റുകയും ഈ തുകയിൽ നിന്ന് 2,86,46,397/-രൂപ പിൻവലിച്ച് വാട്ടർ അതോറിറ്റിയിലും ജില്ലാ കളക്ടറുടെ അക്കൗണ്ടിലും നിക്ഷേപിക്കുകയും ചെയ്തെങ്കിലും ഇപ്പോഴും ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നു.

പട്ടികജാതി വികസനത്തിനായി അംഗീകാരം നേടിയ 13 പദ്ധതികൾക്കുവേണ്ടി വകയിരുത്തിയ 1,42,67,772/- രൂപ വകമാറ്റുകയും ടി തുക പട്ടികജാതി കോളനികളിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കാനായി വാട്ടർഅതോറിറ്റിക്ക് നൽകുകയും ചെയ്തെങ്കിലും വാട്ടർഅതോറിറ്റി നാളിതുവരെ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനംപോലും നടത്തിയിട്ടില്ല. മേൽ പറഞ്ഞതു കൂടാതെ 12 പട്ടികജാതി വികസന പദ്ധതികളിൽ നിന്നായി 1,45,43,625/-രൂപ വകമാറ്റുകയും അതിൽനിന്ന് 1,43,78,625/-രൂപ നാല് പുതിയ പദ്ധതികൾക്കായി വകയിരുത്തുകയും ചെയ്തു. ആയതിൽ നിന്നും 1,10,00,000/-രൂപ ജില്ലാകളക്ടർക്കും 33,78,625/-രൂപ വാട്ടർഅതോറി

റ്റിയ്ക്കും നൽകിയെങ്കിലും ടി തുകകളൊന്നുംതന്നെ ഇപ്പോഴും ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നു.

പ്രത്യേക ഘടകപദ്ധതിക്കായി വകയിരുത്തുന്ന തുക വകമാറ്റി ചെലവഴിക്കുന്നത് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും ലംഘനമാണ്. സമൂഹ ത്തിലെ പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളുടെ ക്ഷേമത്തിനായി മാറ്റിവയ്ക്കുന്ന പദ്ധതിവിഹിതം വകമാറ്റുന്നതും ചെലവഴിക്കാതിരിക്കുന്നതും നഗരസഭയിൽ അർപ്പിതമായ പ്രാഥമിക ചുമതലകൾ നിർവ്വഹിക്കുന്നതിലുള്ള വീഴ്ചയായി കാണുന്നു. മേൽ പ്രകാരമുള്ള 2,86,46,397/- രൂപ പദ്ധതിയുമായി ബന്ധപ്പെട്ട പ്രാഥമിക നടപടികൾപോലും സ്വീകരിക്കാതെ ധൃതിപിടിച്ച് സാമ്പത്തിക വർഷത്തിന്റെ അവസാന ദിവസങ്ങളിൽ പിൻവലിച്ചത് പദ്ധതിവിഹിതത്തിൽ നിന്നുള്ള ചെലവ് പെരുപ്പിച്ച് കാണുന്നതിനുള്ള നടപടിയായി കാണുന്നു. ഫയൽ പരിശോധിച്ച തിൽനിന്നും പദ്ധതികളുടെ പ്രാരംഭപ്രവർത്തനം പോലും ആരംഭിച്ചിട്ടില്ലെന്ന് വ്യക്തമാകുന്നു. ഈ സാഹചര്യത്തിൽ 2,86,46,397/-രൂപ സർക്കാരിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

## 3.2.2.പാലാ നഗരസഭ - കോട്ടയം ജില്ല

### ***ജനസേവന കേന്ദ്രം/ഓഫീസ് കമ്പ്യൂട്ടർവത്ക്കരണം എന്നിവയ്ക്കായി ഭീമമായ തുക ഡി.പി.സി. അംഗീകാരമില്ലാതെ ഐ.കെ.എം – ൽ നിക്ഷേപിച്ചു:***

*<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ: 2.4</u>*

സമ്പൂർണ ഓഫീസ് കമ്പ്യൂട്ടർവത്ക്കരണത്തിനായി 2005-06-ൽ എസ്.ഒ.23/2006 നമ്പറായി തയ്യാറാക്കിയ പ്രോജക്ടിന്റെ നിർവ്വഹണത്തിന് 10,000/-രൂപ പദ്ധതി വിഹിതവും 18,88,396/-രൂപ തനത്ഫണ്ട് വിഹിതവും ഉൾപ്പെടെ 18,98,396/-രൂപയാണ് അടങ്കലായി വകയിരുത്തിയിരുന്നത്. ടി പ്രോജക്ടിന് 16.05.05-ൽ 1/05-06 നമ്പറായി ഡി.പി.സി അംഗീകാ രവും ലഭിച്ചിരുന്നു. പദ്ധതിനിർവ്വഹണ വേളയിൽ, കൂടുതൽ പ്രവൃത്തിയിനങ്ങൾ ഉൾപ്പെടു ത്തണമെന്ന ചെയർപേഴ്സന്റെ ആവശ്യം പരിഗണിച്ച് 16,00,000/-രൂപ നിക്ഷേപിക്കുവാൻ ഐ.കെ.എം ആവശ്യപ്പെടുകയും തദനുസരണം പദ്ധതി വിഹിത വകയിരുത്തൽ കേവലം 10,000/-രൂപ മാത്രമാണെന്ന വസ്തുത പരിഗണിക്കാതെ സ്റ്റിയറിംഗ് കമ്മിറ്റിയുടെ 29.03.06-ലെ നിർദ്ദേശവും ചെയർപേഴ്സന്റെ 30.03.06-ലെ നിർദ്ദേശവും അനുസരിച്ച് 25,00,000/ -രൂപ പദ്ധതി വിഹിതത്തിൽനിന്നും പിൻവലിച്ച് ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. ടി നടപടി പദ്ധതി വിഹിതത്തിന്റെ ഗുരുതരമായ വകമാറ്റലായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3.2.3. കോഴിക്കോട് നഗരസഭ

### *മോഡൽ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ഫണ്ട് വകമാറ്റിയതിനാൽ പലിശയിനത്തിൽ 4 ലക്ഷത്തിൽപരം രൂപയുടെ നഷ്ടം:*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06 ഖണ്ഡിക : 3-14-5*

മാലിന്യ സംസ്ക്കരണ പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ശാസ്ത്രീയ മാലിന്യ സംസ്ക്കരണത്തിന് പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി കേന്ദ്രസർക്കാരിന്റെയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ധനസഹായത്തോടെ 5.55 കോടി രൂപ അടങ്കലിൽ നഗരസഭ തയ്യാറാക്കിയ മാതൃകാ ഖരമാലിന്യ പ്രോജക്ടിന്റെ പ്രവർത്തനങ്ങൾക്കായി പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിച്ചിരുന്നു. മേൽ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) പ്രകാരമുള്ള ചെലവുകൾ മാത്രമേ ഈ ഫണ്ടിൽ നിന്നും ചെലവഴിക്കാൻ പാടുള്ളൂ. എന്നാൽ ഇതിന് വിരുദ്ധമായി ഗ്രീൻബെൽറ്റ് നിർമ്മാണത്തിന് ഭൂമി വിലയ്ക്കെടുക്കുന്നതിന് പ്രസ്തുത അക്കൗണ്ടിൽ നിന്നും ഒരുകോടി രൂപ പിൻവലിച്ച് ലാന്റ് അക്വിസിഷൻ തഹസീൽദാർക്ക് നൽകി. ഈ നടപടിക്ക് കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയം തടസ്സം ഉന്നയിച്ചതിനാൽ 14 മാസം കഴിഞ്ഞ് തുക തിരികെ ഫണ്ടിൽ നിക്ഷേപിച്ചു. ഫണ്ട് വകമാറ്റിയതുമൂലം 4,08,333/-രൂപയുടെ പലിശ നഷ്ടം ഉണ്ടായി.

***ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:*** *1. പി.വേണുഗോപാൽ,*
*അച്യുതം, അയക്കാട്, കൊടുമൺ (പോസ്റ്റ്)*
*അടൂർ, പത്തനംതിട്ട ജില്ല.*

## 3.2.4. കണ്ണൂർ ജില്ലാ പഞ്ചായത്ത്

### *സമ്പൂർണ്ണ ശുചിത്വ പരിപാടിക്ക് അനുവദിച്ച തുക മാറ്റിചെലവഴിച്ചു:*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ: 3-1*

സമ്പൂർണ്ണ ശുചിത്വ പരിപാടിയുടെ ഭാഗമായി ജില്ലാ പഞ്ചായത്ത് വിഹിതമായി 2003-04 മുതൽ 2006-07 വരെ പദ്ധതി വിഹിതം 70 ലക്ഷം രൂപ ജില്ലാ കോ-ഓർഡിനേറ്റർക്ക് (DRDA) അനുവദിച്ചിരുന്നു. ചെലവഴിക്കാത്ത തുക 23-11-04 ലെ ജി.ഒ.(പി)നം.549/04.ഫിൻ ഖണ്ഡിക 4.4 പ്രകാരം അതാത് വർഷാവസാനം തിരിച്ചടക്കേണ്ടതിന് പകരം ജീവനക്കാരുടെ ശമ്പളം, യാത്രാ ബത്ത, മറ്റു ചെലവുകൾ, കേന്ദ്ര വിഹിതം എന്നിവയ്ക്ക് വകമാറ്റി ചെലവഴിച്ചു. ആയത് ഗുരുതരമായ കൃത്യവിലോപമാണ്.

| ***ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:*** | *ടി.തുളസീധരൻ,* | *<u>ഇപ്പോഴത്തെ വിലാസം</u>* |
|---|---|---|
| *(മനോജ്ഞം,* | *അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ,* | *എ.ഡി.സി.* |
| *അഗസ്ത്യക്കോട്,* | *സാനിട്ടറി മിഷൻ* | *പെർഫോമൻസ്* |
| *അഞ്ചൽ.പി.ഒ.കൊല്ലം-691306* | | *ഓഡിറ്റ് ഓഫീസർ.* |

# 3.3. ഉത്തരവുകൾ പാലിക്കാതെയുള്ള നിയമനങ്ങളും, വേതനം നൽകലും

*താൽക്കാലിക ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രമേ നിയമനങ്ങൾ നടത്താവൂഎന്ന് സർക്കാരും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയും നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും പല ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങളും പ്രസ്തുത നിർദ്ദേശം മ റികടന്ന് നിയമനങ്ങൾ നൽകുകയും സ്ഥിരപ്പെടുത്തൽ നടത്തുകയുംഅധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ സർക്കാർ ഉത്തരവുകൾ മറികടന്ന്അധിക നിരക്കിൽ വേതനം നൽകിയതായും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.*

## 3.3.1.മഹാത്മാഗാന്ധി സർവ്വകലാശാല

### *(എ). ശമ്പള പരിഷ്ക്കരണത്തിന്റെ ഭാഗമായി കുടിശ്ശിക ബില്ലുകൾ തയ്യാറാക്കിയതിന് അധിക വേതനം നൽകി:*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003-04 ഖണ്ഡിക: 3-3 (എ)*

ജി.ഒ.(പി)145/2006/ഫിൻ തീയതി 25.03.2006 പ്രകാരം സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും നൽകിയ ശമ്പളപരിഷ്ക്കരണം യൂണിവേഴ്സിറ്റി ജീവനക്കാർക്കും ബാധകമാക്കി, ശമ്പളം പരിഷ്ക്കരിക്കുകയുണ്ടായി.

ഇതിനെ തുടർന്ന് അദ്ധ്യാപകേതര, നോൺ ഗസറ്റഡ് ജീവനക്കാരുടെ കുടിശ്ശിക ശമ്പള ബില്ലുകൾ തയ്യാറാക്കിയത് യൂണിവേഴ്സിറ്റി അഡി.സി (Ad.C) വിഭാഗം ഉദ്യോഗസ്ഥരും, പരിശോധന നിർവ്വഹിച്ചത് യൂണിവേഴ്സിറ്റി ഓഡിറ്റ് വിഭാഗം ജീവനക്കാരുമാ ണ്. ഈ പ്രവർത്തി അധികജോലിയായി കണക്കാക്കി പ്രത്യേക വേതനം അനുവദിക്ക ണമെന്ന് ഉദ്യോഗസ്ഥർ അവകാശവാദം ഉന്നയിക്കുകയുണ്ടായി.

തുടർന്ന് 20.07.07-ലെ യൂണിവേഴ്സിറ്റി ഓർഡർ നം.1175 എ1/2007അഡ്മിനിസ്ട്രേഷൻ പ്രകാരം വൈസ് ചാൻസലർ 2,51,500/-രൂപ ഈ ആവശ്യത്തിനായി അനുവദിക്കുകയും തുക ജീവനക്കാർക്ക് വിതര ണം ചെയ്യുകയും ചെയ്തു. ഒരു ഉദ്യോഗസ്ഥന്റെ മുഴുവൻ സമയവും അ ദ്ദേഹത്തിനു വേതനം നൽകുന്ന സർക്കാരിനു വിനിയോഗിക്കാനുള്ളതും, കൂടുതലായി യാതൊരു പ്രതിഫലത്തിനുള്ള അവകാശം ഇല്ലാതെതന്നെ അധികൃതർക്ക് അയാളുടെ സേവനം ഏതുവിധത്തിലും വിനിയോഗിക്കാവുന്നതുമാണ് എന്ന് കേരള സർവ്വീസ് റൂൾസ് (ഭാഗം-1) ചട്ടം 14 നിഷ്ക്കർഷിക്കുന്നു.

ചീഫ് സെക്രട്ടറിയുടെ 10.07.06-ലെ നം.16137/ബി3/06/2/എഡ്യൂക്കേഷൻ, കത്ത് പ്രകാരവും സർക്കാർ ജീവനക്കാർക്ക് അനുവദിക്കാത്ത യാതൊരുവിധ ആനുകൂല്യത്തിനും യൂണിവേഴ്സിറ്റി ജീവനക്കാർക്ക് അർഹതയില്ല എന്നു വ്യക്തമാക്കിയിട്ടുണ്ട്. ശമ്പള

പരിഷ്ക്കരണത്തെ തുടർന്ന്വന്ന കുടിശ്ശിക, ശമ്പള ബില്ലുകൾ തയ്യാറാക്കുന്ന പ്രവൃത്തികൾ സ്ഥിരം ജോലിയുടെ ഒരു ഭാഗം തന്നെയായിട്ടാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

ബില്ലുകൾ തയ്യാറാക്കുന്നതും, അതിനോടനുബന്ധിച്ചുള്ള പ്രവർത്തികളും ഉദ്യോഗസ്ഥരുടെ സാധാരണ ജോലിയിൽപ്പെടുന്നതായിരിക്കെ, ഇത് അധിക പ്രവൃത്തിയായി കണക്കാക്കി അധികവേതനം നൽകിയ നടപടി ന്യായീകരിക്കാവുന്നതല്ല. ഇതിനായി നൽകിയ 2,51,500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### *(ബി). നിയമന തീയതി പ്രാബല്യത്തിൽ പതിനൊന്ന് ലൈബ്രറി അസിസ്റ്റന്റ്മാരുടെ തസ്തിക സ്ഥിരപ്പെടുത്തി:*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004-05, ഖണ്ഡിക: III -19*

യൂണിവേഴ്സിറ്റി ഉത്തരവ് നം.യു.ഒ.2476/എ 5(1)/അഡ്മിനിസ്ട്രേഷൻ തീയതി 05.11.07 പ്രകാരം യൂണിവേഴ്സിറ്റിയിലെ താത്ക്കാലിക ലൈബ്രറി അസിസ്റ്റന്റ് തസ്തികകളിലേക്ക് നടത്തിയ നിയമനങ്ങൾ നിയമന തീയതി മുതൽ സ്ഥിരപ്പെടുത്തുകയുണ്ടായി. 1998, 2000, 2001 വർഷങ്ങളിലായി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള വിവിധ സ്വാശ്രയ സ്ഥാപനങ്ങളിലേക്കായി 14 ലൈബ്രറി അസിസ്റ്റന്റ്മാരുടെ താത്ക്കാലിക തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. സ്ഥിരനിയമനം നടത്തുന്നതിലേക്കായി വിജ്ഞാപനം പുറപ്പെടുവിച്ചതായി ഫയലിൽ കാണുന്നു. എന്നാൽ സ്വാശ്രയ സ്ഥാപനങ്ങളിലുള്ള ഒഴിവിലേക്ക് ഒരു വർഷത്തേക്ക് താത്കാലികമായി മാത്രമാണ് ഇവയിൽ പതിനൊന്ന് തസ്തികകൾ സൃഷ്ടിച്ചത് എന്ന് സേവനപുസ്തകം, നോട്ട് ഫയൽ എന്നിവയുടെ പരിശോധനയിൽ വ്യക്തമാകുന്നു. സ്വാശ്രയ സ്ഥാപനങ്ങൾ യൂണിവേഴ്സിറ്റിയുടെ മുഖ്യധാരയിൽ പ്പെടാത്തതും സ്വന്തം വരുമാനംകൊണ്ട് പ്രവർത്തിക്കേണ്ടവയുമാകയാൽ അവയ്ക്കാവശ്യമുള്ള തസ്തികകൾ താത്കാലികമായി ഓരോ വർഷത്തേയ്ക്ക് സൃഷ്ടിക്കുകയും നിയമന കാലയളവ് ഘട്ടമായി നീട്ടുകയും ചെയ്യുന്നു. 14 താത്കാലിക തസ്തികകൾ സൃഷ്ടിച്ചതിൽ 11 എണ്ണം സ്വാശ്രയ സ്ഥാപനങ്ങളിലും 3 എണ്ണം പെഡഗോഗിക്കൽ സയൻസിലുമാണ്. 13.12.04 ൽ കൂടിയ സിൻഡിക്കേറ്റ് മീറ്റിംഗ് 31/5.38/2385-ാം ഇനമായി മേൽപ്പറഞ്ഞ 11 താത്കാലിക ലൈബ്രറിഅസിസ്റ്റന്റ്മാരുടെ നിയമനം പെൻഷൻ, മരണം, മറ്റുജോലികളിൽ പ്രവേശിക്കുന്നത്, ദീർഘകാലഅവധി തുടങ്ങിയ കാരണങ്ങളാലുണ്ടാകുന്ന സ്ഥിരം ഒഴിവുകളിലേക്ക് ക്രമീകരിക്കുന്നതിനായി അനുവാദം നൽകുന്നതിന് സർക്കാരിനോട് അപേക്ഷിച്ചു. യൂണിവേഴ്സിറ്റി അദ്ധ്യാപക നിയമനനിരോധനം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് സർക്കാർ പ്രസ്തുത അപേക്ഷ നിരസിച്ചു. (കത്ത് നം.07.04.05-ലെ 4304/ബി-4/2005 എച്ച്. ഇ.ഡി.എൻ) ജോലിഭാരം സംബന്ധിച്ച പഠനറിപ്പോർട്ട് സർക്കാർ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ സിൻഡിക്കേറ്റ് ഇതുവരെ തീരുമാനമെടുത്തിട്ടില്ല. ഗവ.ഉത്തരവ് (എം.എസ്) 90/06. ഉന്നത വിദ്യാഭ്യാസം തീയതി: 10.08.06 പ്രകാരം ഗവൺമെന്റിന്റെ സാമ്പത്തിക അച്ചടക്ക ഉത്തരവുകൾ പാലിച്ചിട്ടുണ്ടെന്നും ഗവൺമെന്റിന്റെ മുൻകൂർ അനുമതിയില്ലാതെ തസ്തികകൾ ഒന്നും സൃഷ്ടിച്ചിട്ടില്ലായെന്നുമുള്ള തൊട്ടുമുൻ മാസത്തെ സംബന്ധിച്ച സത്യവാങ്മൂലമില്ലാതെ

പദ്ധതിയേതര ഗ്രാന്റുകളും, മുൻപാദ സാമ്പത്തിക വർഷത്തെ സംബന്ധിച്ച സാക്ഷ്യപ്പെടുത്തലില്ലാതെ പദ്ധതിഗ്രാന്റുകളും നൽകില്ല എന്ന് വ്യക്തമാക്കുകയുണ്ടായി. ഇപ്രകാരമുള്ള എല്ലാ ഗവൺമെന്റ് നിർദ്ദേശങ്ങളുംഅവഗ ണിച്ച് ലൈബ്രറിഅസിസ്റ്റന്റ്മാരു ടെ 14 തസ്തികകൾ സൃഷ്ടിച്ചത്, യൂണിവേഴ്സിറ്റിയുടെ മുഖ്യധാരയിൽപ്പെടുത്തി (സിൻഡിക്കേറ്റ് തീരുമാനം ഉ്പാ. നം.18.ഒ.എ.19/6.25) ഇൻക്രിമെന്റ് ഉൾപ്പെടെ എല്ലാആനുകൂല്യങ്ങളും നൽകിയത് സർക്കാർ അനുമതി ഇല്ലാതെയാണ്. എം.ജി.യൂണിവേഴ്സിറ്റി ആക്ട് 1985 വകുപ്പ് 37 പ്രകാരം സാമ്പത്തിക ബാദ്ധ്യതകളുണ്ടാക്കുന്ന ചെലവുകൾക്ക് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങണമെന്ന് നിഷ്ക്കർഷിക്കുന്നു. ഇതനുസരിച്ച് തസ്തികകൾ അനുവദിക്കുന്നതിനുള്ള നിർദ്ദേശം സർക്കാറിന് സമർപ്പിച്ചു എങ്കിലും നാളിതുവരെ ഗവൺമെന്റ് മറുപടി നൽകിയിട്ടില്ല.

## 3.3.2. കോഴിക്കോട് സർവ്വകലാശാല

### *സർക്കാർ അംഗീകാരം നേടാതെ വിമൻസ് സ്റ്റഡി സെന്റർ സ്ഥാപിച്ച് അനധികൃത ചെലവ് തുടരുന്നു.*

*<u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ III (1)</u>*

പത്താംപഞ്ചവൽസര പദ്ധതിയിൽപ്പെടുത്തി കോഴിക്കോട് സർവ്വകലാശാലയിൽ വിമൻസ് സ്റ്റഡി സെന്റർ സ്ഥാപിക്കുന്നതിന് സർവകലാശാല നൽകിയ ശുപാർശ 25.10.04-ലെ നമ്പർ എഫ്.7-30/02(എൻ.എഫ്.ഇ-II) കത്ത് പ്രകാരം യു.ജി.സി. അംഗീകരിക്കുകയുണ്ടായി. ഇപ്രകാരം അംഗീകാരം നൽകുമ്പോൾതന്നെ സെന്ററിന് നിയമപരമായ അംഗീകാരം സർവകലാശാല നൽകണമെന്നും ആവശ്യത്തിന് (നിർദ്ദേശത്തിൽ പറഞ്ഞപ്രകാരം) അധ്യാപക/ അനധ്യാപക തസ്തികകൾ അനുവദിക്കണമെന്നും യുജി.സി.യുടെ ധനസഹായം പത്താം പഞ്ചവൽസര പദ്ധതിയിൽ മാത്രമായതിനാൽ 31.03.07-ന് ശേഷം (പിന്നീട് 30.09.07 വരെ ദീർഘിപ്പിച്ചുനൽകി) വേണ്ടിവരുന്ന ചെലവിന് സർക്കാരിൽനിന്നും അനുവാദം വാങ്ങേണ്ടതാണെന്നും യുജി.സി വ്യക്തമാക്കിയിരുന്നു. സർവകലാശാലയിലെ അധ്യാപക/അനധ്യാപക ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സംസ്ഥാന സർക്കാർ നൽകുന്ന നോൺ-പ്ലാൻ ഗ്രാന്റിൽ നിന്നുമാണ് നൽകുന്നത്. 1978-ലെ കാലിക്കറ്റ് സർവകലാശാല (സ്റ്റേറ്റ് ഗവൺമെന്റ് റൂൾസ്) ന് 27.10.88 വരുത്തിയ ഭേദഗതിഅനുസരിച്ച ് സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ജീവനക്കാർക്ക് ശമ്പളമോ മറ്റ് ആനുകൂല്യങ്ങളോ അനുവദിച്ച് നൽകാനും വ്യവസ്ഥയില്ല. വസ്തുതകൾ ഇതായിരിക്കെ സർക്കാരിന്റെ മുൻകൂർഅനുമതിയില്ലാതെതന്നെ സെന്റർ സ്ഥാപിക്കുന്നതിന് 29.01.05-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം (അജണ്ട 2005.045) തീരുമാ നം എടുത്തു. ടി തീരുമാനം 19.03.05-ലെ സെനറ്റ് യോഗം അംഗീകരിച്ചതിനെ തുടർന്ന് അപേക്ഷ ക്ഷണിച്ച് ഒരു റീഡറേയും രണ്ട് ലക്ചറർമാരെയും (റീഡറേയും ഒരു ലക്ചററേയും 01.10.05 മുതൽക്കും ഒരു ലക്ചററെ 30.09.05 മുതൽക്കും) നിയമിച്ച് യുജി നൽകിയ ധനസഹായത്തിൽ നിന്ന് ശമ്പളവും ആനുകൂല്യങ്ങളും അനുവദിച്ചു. എന്നാൽ അധ്യാപികമാരെ നിയമിച്ച് 10 മാസം കഴിഞ്ഞ് 20.08.06 ന് മാത്രമാണ് ക്ലാസുകൾ ആരംഭിച്ചത്. 09.05.05 ലേയും 03.03.07 ലേയുജി.എ.II/സി1/331/05 കത്ത് പ്രകാരം സെന്ററിന്റെ അംഗീകാരത്തിനും

നിയമനം നൽകിയ അധ്യാ |പക തസ്തികയുടെ തുടർച്ചയ്ക്കുമായി സർവകലാശാല സർക്കാരിനോട് അഭ്യർത്ഥിച്ചെങ്കിലും ഗവൺമെന്റിന്റെ മുൻകൂർ അനുമതി തേടാതിരുന്നതിനാൽ സർവകലാശാലയുടെ അപേക്ഷ 26.04.07ലെ ഗവൺമെന്റ് ലെറ്റർ 6935/ബി1/2007/ഇ.വി പ്രകാരം നിരസിക്കപ്പെടുകയുണ്ടായി. ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്താതിരുന്നതിനാൽ അധ്യാപകരെ നിയമിച്ച് ഏകദേശം 10 മാസം കഴിഞ്ഞ് മാത്രം ക്ലാസ്തുടങ്ങിയതിനാൽ യു.ജി.സി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായിഅധ്യാപകർക്ക് ശമ്പളം നൽകേണ്ടിവന്നതും സർക്കാർ അംഗീകാരമില്ലാതെ സെന്റർ സ്ഥാപിച്ച് 31.03.07ന് ശേഷവും അധ്യാപകർക്ക് ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതും സർക്കാറിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നു.

***നഷ്ടോത്തരവാദിയുടെ പേര്:*** *ഡോ.പി.പി.മുഹമ്മദ്, രജിസ്ട്രാർ.*

## 3.3.3.എസ്.ഐ.ഇ.പി.

***മാനദണ്ഡങ്ങൾ ലംഘിച്ചു നിയമനം:***

*ജനറൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 2006-07, ഖണ്ഡിക 32)*

താൽക്കാലിക ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ലാതെ നിയമനം നടത്തുന്നത് ശിക്ഷാർഹമാണെന്നും ഭാവിയിൽ ഇത്തരം നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രമേ നടത്താവൂ എന്നും ബഹു.നിയമസഭ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശിച്ചിട്ടുള്ളതാണ്. ഈ നിർദ്ദേശം മറികടന്ന് ഓഡിറ്റു വർഷവും താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഇത്തരം നിയമനങ്ങൾ സർക്കാർഅംഗീകരിക്കാത്തതിനാലും ബഹു.നിയമസഭാകമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പാലിക്കാത്തതിനാലും ഇവരുടെ ശമ്പളമിനത്തിൽ നൽകിയ 1,26,090/-രൂപ തടസ്സപ്പെടുത്തുന്നു.

***ഉത്തരവാദായായ ഉദ്യോഗസ്ഥർ:*** *1. ഡോ.എം.ആർ.തമ്പാൻ (1.4.05-28.11.06) } ഡയറക്ടർ*
*2. പ്രൊഫ.കെ.പാപ്പുട്ടി (29.11.06 - 31.3.07) } എസ്.ഐ.ഇ.പി.*

# 3.4. ഉത്തരവുകളും ചട്ടങ്ങളും ലംഘിച്ചുള്ള പ്രവൃത്തികൾ

*സർക്കാരും പൊതുമരാമത്ത് വകുപ്പും കാലാകാലങ്ങളിൽ ഇറക്കുന്ന ഉത്തരവുകൾ ലംഘിച്ചുകൊണ്ട് വിവിധപദ്ധതികൾ നിർവ്വഹിച്ചുവരുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ പഞ്ചായത്ത്/ മുനിസിപ്പൽ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായും നിരവധി പ്രവൃത്തികൾ ചെയ്തു വരുന്നു. ഇത് ഗുരുതരമായ അച്ചടക്ക ലംഘനമായി ഓഡിറ്റ് വിലയിരുത്തുന്നു. അത്തരത്തിൽ പ്രവൃത്തി നിർവ്വഹിച്ചതിന്റെ ചില ഉദാഹര ണങ്ങൾ ചുവടെ ചേർക്കുന്നു.*

## 3.4.1.പുത്തൂർ ഗ്രാമപഞ്ചായത്ത് -തൃശ്ശൂർ ജില്ല

### *ഗുണഭോക്തൃ പദ്ധതികൾ – കുടുംബശ്രീയെ ഏൽപ്പിച്ച്, പണം നൽകി:*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003-04, ഖണ്ഡിക നം: 3-9*

24,66,000/-രൂപ പി.ഡി.അക്കൗണ്ടിൽ നിന്നും 5 പൊതു പദ്ധതികൾക്കും 3 ഗിരിവർഗ്ഗ പദ്ധതികൾക്കുമായി മെമ്പർ, സെക്രട്ടറി, കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി എന്ന പേരിൽ നൽകി അംഗീകരിച്ച പദ്ധതികൾ പ്രകാരം ഈ പദ്ധതികളുടെയെല്ലാം നിർവ്വഹണാധികാരി സെക്രട്ടറിയാണ്. എന്നാൽ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റിയെ നിർവ്വഹണ ഏജൻസി യാക്കിയാണ് ഇപ്രകാരം പദ്ധതിപണം കണക്കുമാറ്റി ചെലവഴിച്ചത്. ഇത് 09.07.03-ലെ ജി.ഒ.(പി)381/03/ഫിൻ-ലെ നിർദ്ദേശങ്ങൾക്ക് എതിരാണ്. പി.ഡി.അക്കൗണ്ടിൽനിന്നും യഥാർത്ഥ ചെലവിനുള്ള തുകമാത്രം ചെക്കായി നൽകണമെന്നിരിക്കെ വ്യക്തിഗത പദ്ധതികൾക്കുള്ള തുക മുഴുവനായി മറ്റൊരു ഏജൻസിയെ ഏൽപ്പിച്ചതു 31.03.04 ൽ പി.ഡി.കണക്കുകൾ എല്ലാം അവസാനിപ്പിക്കണമെന്ന നിർദ്ദേശത്തെ മറികടന്ന് പദ്ധതിപണം കൈവശം സൂക്ഷിച്ച് ഉപയോഗി ക്കാൻവേണ്ടി മാത്രമാണ്. 01.04.04 ന് മുമ്പ് തുകയൊന്നും ചെലവഴിച്ചിട്ടില്ല. 14.06.2004 വരെ ഈ സൊസൈറ്റി കണക്കിൽനിന്നും പിൻവലിച്ചത് കഴിച്ച് 15,27,963/-രൂപ 03.09.04-ൽ ബാക്കിയുണ്ടായിരുന്നു.

പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം സെക്രട്ടറിയുടെ വിയോജന കുറിപ്പോടെ ഈ പണം കൈമാറ്റം നടത്തിയതും 09.07.03 ലെ സർക്കാർ ഉത്തരവിന് വിരുദ്ധമാണ്.

അനധികൃതമായി സൊസൈറ്റിക്ക് പണം നൽകിയതും സൊസൈറ്റിഅതിൽ നിന്നും ചെലവ് നടത്തിയതും ബന്ധപ്പെട്ട അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. ബാക്കിയുള്ള തുക തിരികെ വാങ്ങുന്നതിനും അനധികൃതമായി സൊസൈറ്റി നട ത്തിയ ചെലവിന് സാധൂകരണം വാങ്ങുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

***ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:*** *ശ്രീ.വി.തങ്കപ്പൻ, സെക്രട്ടറി.*

## 3.4.2.നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് - കാസർഗോഡ് ജില്ല

### *കരാറുകാരന്റെ സ്വന്തം മണ്ണുപയോഗിച്ചുള്ള ഫില്ലിംഗ് പ്രവൃത്തി – സാങ്കേതിക നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല:*

കട്ടിംഗ് ചാർജും കടത്തുകൂലിയും അടിസ്ഥാനമാക്കി മണ്ണ് ഫില്ലിംഗ് പ്രവൃത്തിയുടെ നിരക്ക് നിർണ്ണയിക്കുമ്പോൾ ഒരു ലീഡും ലിഫ്റ്റും കുറവുചെയ്യണമെന്ന സാങ്കേതിക നിർദ്ദേശം അവഗണിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ 1.17 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

ചീഫ് ടെക്നിക്കൽ എക്സാമിനറുടെ 04.04.1968 ലെ 13584/എഫ്.ഐ.ഡബ്ല്യു. സി.1/86/ധന-ലെ സ്പഷ്ടീകരണവും 44424/എഫ്.ഐ.ഡബ്ല്യു.സി.3/04/ധന തീയതി: 29.05.04 കത്തും, മണ്ണ് ഫില്ലിംഗിന് അനുവദിക്കുന്ന നിരക്കിൽ നിന്ന് സ്റ്റാൻഡേർഡ് ഡാറ്റാ ബുക്ക്

ഇനം.58, 59 പ്രകാരം ഓരോ ലീഡും ലിഫ്റ്റും കുറവ് ചെയ്യണമെന്ന് വ്യക്തമാക്കുന്നുണ്ട്. ഇപ്രകാരം കുറവ് ചെയ്യാതെ നിരക്ക് നിശ്ചയിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി പണം നൽകിയതിനാൽ പഞ്ചായത്തിന് 1.17 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | തുക |
|---|---|---|---|---|
| 1 | ചേനറ്റ കയനി-അണ്ടോൾ റോഡ് അഭിവൃദ്ധിപ്പെടുത്തലും ടാറിംഗും | 2005-06 | 3(1) | 15,627 |
| 2 | വലിയപറമ്പ മുതൽ തെക്കോട്ട് റോഡ് ഫോർമേഷൻ | 2006-07 | 3(1) (എ) | 33,027 |
| 3 | തൃക്കരിപ്പൂർ എടാട്ടുമ്മൽ ചെറുകാനം റോഡ് നിർമ്മാണം | 2006-07 | 3(1) (ബി) | 54,836 |
| 4 | പടന്ന വടക്കേപ്പുറം ലക്ഷംവീട് കുറത്തിവളപ്പ് റോഡിൽ തോടിന് പാലം | 2006-07 | 3(1) (സി) | 13,661 |
| | ആകെ | | | 1,71,151 |

***ഉത്തരവാദിയായ ഉദ്യോഗസ്ഥർ*** *1. ബി.കെ.പ്രഭാകരൻ, അസിസ്റ്റന്റ് എഞ്ചിനീയർ, / പി.ഡബ്ല്യു.ഡി.(ബിൽഡിംഗ്), കാഞ്ഞങ്ങാട്.*
*2. ബി.കെ.പ്രഭാകരൻ, ചിത്തിര, ചെമ്മട്ടംവയൽ. (പി.ഒ.ബല്ല), കാഞ്ഞങ്ങാട്, കാസറഗോഡ് (ജില്ല).*

## 3.4.3.പാലക്കാട് നഗരസഭ

### *കല്യാണമണ്ഡപ നിർമ്മാണം - കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ലംഘനം*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക: 2(2)*

യാതൊരു കെട്ടിടനിർമ്മാണചട്ടങ്ങളും പാലിക്കാതെ നിർമ്മിക്കപ്പെട്ട കല്യാണമണ്ഡപത്തിൽനിന്നും പുറന്തള്ളുന്ന മാലിന്യങ്ങൾ പൊതുജനങ്ങൾക്ക് ശല്യമാകുന്നുവെന്ന 51 പേരുടെ ഒപ്പോടുകൂടിയ പരാതി ശരിയാണെന്ന് ടൗൺപ്ലാനിംഗ് ഇൻസ്പെക്ടർ (08.06.07-ന്) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ കെട്ടിടഅനധികൃതമാണെന്നും അതിന്മേൽ നടപടികൾ സ്വീകരിക്കണമെന്നും 14.06.07ന് ടിയാൻ ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിലുള്ള വാണിജ്യ കെട്ടിടത്തിൽ അനധികൃത കല്യാണമണ്ഡപം നടത്തിവരുന്നത് നിർത്തിവെക്കാൻ കക്ഷിക്ക് അടിയന്തിര നോട്ടീസ് നൽകാവുന്നതാണെന്ന് 12.07.07ന് റവന്യൂ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സെക്രട്ടറി പുറപ്പെടുവിച്ച ഉത്തരവിനെതിരെ കെട്ടിടഉടമ ബഹു.ട്രൈബ്യൂണലിൽ അപ്പീൽ നൽകുകയും നിർമ്മാണം ക്രമപ്പെടുത്താൻ കഴിയുമോ എന്ന് പരിശോധിക്കാൻ ട്രൈബ്യൂണൽ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആയത് ടൗൺ പ്ലാനിംഗ് ഓഫീസർ പരിശോധിച്ച് അനധികൃത നിർമ്മാണം ക്രമീകരിക്കാനാവില്ലെന്നും നടപടികൾ തുടരാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ മേൽ നിർമ്മാണം പൊളിച്ചുനീക്കാൻ 23.02.08ന് സെക്രട്ടറി

ഉത്തരവിട്ടിരുന്നു. എന്നാൽ അനന്തര നട |പടികൾ ഒന്നും നടന്നതായി കാണുന്നില്ല. ഇത് ഗുരുതരമായ കൃത്യവിലോ|പമായി ഓഡിറ്റ് വിലയിരുത്തുന്നു.

***ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:*** *ശ്രീ.ബേബി ആന്റണി, സെക്രട്ടറി, തിരൂർ മുനിസി|പ്പാലിറ്റി (ഓഡിറ്റ് നടന്ന സമയം) S/o ആന്റണി, വടക്കുംചേരിവീട്, കിഴക്കമ്പലം, എറണാകുളം ജില്ല.*

## 3.4.4.കോഴിക്കോട് നഗരസഭ-കോഴിക്കോട് ജില്ല

### *മൈത്രീ ഭവന |പദ്ധതി - ഭവന നിർമ്മാണ ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത 28,12,500/- രൂപ വിനിയോഗിച്ചിട്ടില്ല:*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക: 3-27*

1998-99 വർഷംജനകീയാസൂത്ര ണ |പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് പ്രോജക്റ്റുകളിലായി 450 േപർക്ക് ഭവന നിർമ്മാണത്തിന് നഗരസഭാവിഹിതമായി |പദ്ധതി വിഹിതത്തിൽനിന്നും 56,25,000/-രൂപ (450X12500 രൂപ) കേരളാ സ്റ്റേറ്റ് ഭവനനിർമ്മാണ ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തു. ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 11.12.2003 തീയതിയിലെ കത്ത് |പ്രകാരം 225 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയതായും ബാക്കി 225 േപരുടെ നിക്ഷേപ തുകയായ 28,12,500/-രൂപ നഗരസഭയ്ക്ക് നൽകുവാനുണ്ട് എന്നും അറിയിച്ചിരുന്നു. 20.12.2002-ൽ നഗരസഭ ഭവന നിർമ്മാണ ബോർഡിന് അയച്ച വക്കീൽ നോട്ടീസ് |പ്രകാരം 194 േപർക്ക് ധനസഹായം അനുവദിച്ചതായും ആന്വിറ്റിയിൽ ബാക്കിയുള്ള 32 ലക്ഷം രൂപ |പലിശ സഹിതം തിരിച്ചുകിട്ടണമെന്നും ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ നിരവധി കത്തിട|പാടുകൾ നടത്തി എന്നുള്ളതല്ലാതെ |പദ്ധതി തുക 9 വർഷത്തിലധികമായിട്ടും തിരിച്ചുകിട്ടിയിട്ടില്ല. ഭവന നിർമ്മാണ ബോർഡിന്റെ കണക്കു |പ്രകാരം തന്നെ നഗരസഭയ്ക്ക് ലഭിക്കാനുള്ള 28,12,500/- രൂപ |പലിശ സഹിതം തിരിച്ചുകിട്ടാനുള്ള അടിയന്തിര നട|പടികൾ സ്വീകരിക്കേണ്ടതാണ്.

## 3.4.5.വടകര നഗരസഭ-കോഴിക്കോട് ജില്ല

### *(എ). എസ്കവേറ്റർ വാങ്ങൽ - ടെണ്ടർ ക്ഷണിച്ചതിലെ അപാകത*

*2006-07 ഓഡിറ്റ് റിപ്പോർട്ട് (ചെലവ്), ഖണ്ഡിക 3-3*

നഗരസഭയിലെ ശുചീകരണാവശ്യത്തിന് |പുതിയ എസ്കവേറ്റർ വാങ്ങുന്നതിന് 10.03.06-ലെ 6-ാം നമ്പർ കൗൺസിൽ തീരുമാനിക്കുകയും 26.04.06-ൽ ടെണ്ടർ |പരസ്യം നൽകുകയും ചെയ്തു. മുനിസിപ്പൽ എഞ്ചിനീയർ നൽകിയ സ്|പെസിഫിക്കേഷനിൽ മാറ്റം വരുത്തിയാണ് പരസ്യം ന|ൽകിയത്. ലഭിച്ച ടെണ്ടറുകളിൽ തുടർനട|പടികൾ സ്വീകരിച്ചില്ല. മാത്രമല്ല ടെണ്ടർ |പരസ്യം നൽകിയ ശേഷമാണ് എസ്കവേറ്റർ വാങ്ങുന്നത് സംബന്ധിച്ച് ജില്ലാ ആസൂത്രണ സമിതിയുടെ സാങ്കേതികാനുമതി ലഭിക്കുന്നതിന് നഗരസഭാ സെക്രട്ടറി ഉത്തരവാകുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാ|പനങ്ങൾ വാഹനം വാങ്ങുന്നത് സംബന്ധിച്ച് 27.05.03ലെ സർക്കാർ ഉത്തരവ് (എം.എസ്)നം.169/03 തസ്വഭവ, 31.03.06-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.86/06 എന്നീ ഉത്തരവുകളിൽ ജില്ലാ ആസൂത്ര ണ സമിതിയുടെ

അംഗീകാരം വാങ്ങണമെന്ന് പ്രത്യേകം നിഷ്കർഷിച്ചിരിക്കെ, ആയത് പാലിക്കാതെ ടെണ്ടർ നടപടികൾ തുടങ്ങുകയാണ് ചെയ്തത്. ഇത് സംബന്ധിച്ച അന്വേഷണത്തിൽ പുതിയ എസ്കവേറ്റർ വാങ്ങുന്നതിനുള്ള നടപടികൾ നിർത്തിവെച്ചതായാണ് അറിയാൻ കഴിഞ്ഞത്. വാഹനം വാങ്ങുന്നത് സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ധൃതിപിടിച്ച് പത്രങ്ങളിൽ ടെണ്ടർ പരസ്യം നൽകിയതുവഴി 46,436/-രൂപ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചു.

### *(ബി). പൊതുടാപ്പുകളുടെ വെള്ളക്കരം – നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം:*
*2006-07 ഓഡിറ്റ് റിപ്പോർട്ട് (ചെലവ്), ഖണ്ഡിക 3-7*

വെള്ളക്കരം ഇനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിശ്ശിക ഇല്ലാതാക്കുന്നതിനും ഭാവിയിൽ കുടിശ്ശികയില്ലാതെ, പ്രായോഗികവും ശാസ്ത്രീയവുമായ രീതിയിൽ വെള്ളക്കരം ചുമത്തുന്നതിനും നടപടികൾ കൈക്കൊള്ളുന്നതിന് 23.06.06-ലെ (ആർ.ടി) നം.1501/06 എൽ.എസ്.ജി.ഡി നമ്പർ സർക്കാർ ഉത്തരവും, 07.11.06-ലെ എ3-9303/06 നമ്പരിലുള്ള വകുപ്പ്തലവൻമാരുടെ യോഗതീരുമാനം എന്നിവ പ്രകാരവും വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയത് പ്രകാരം 2006-07 മുതൽ ഓരോമാസത്തെയും വാട്ടർചാർജ് അതാത് മാസംതന്നെ ഒടുക്കുകയാണ് ചെയ്യേണ്ടത്. വടകര നഗരസഭയിലെ 9/06-ലെ വാട്ടർഅതോറിറ്റി ഡിമാന്റ്ബിൽ പ്രകാരം തൻമാസത്തെ വാട്ടർചാർജ് അടക്കം ആകെ 25,10,05,473/-രൂപ കുടിശ്ശികയുണ്ടായിരുന്നത് 3/08 ആകുമ്പോഴേക്കും 25,16,33,718/-രൂപയായി ഉയർന്നിട്ടുണ്ട്. 2006-07-നു മുമ്പുള്ള കുടിശ്ശികയിന്മേൽ കേരളാ വാട്ടർഅതോറിറ്റി 23.06.06-ലെ സർക്കാർ ഉത്തരവു പ്രകാരം പിഴ ഡിമാന്റ് ചെയ്യാത്തതിനാൽ ആകെ കുടിശ്ശിക 3/08-ലും മാറ്റമില്ലാതെ നിലനിൽക്കേണ്ടതായിരുന്നു. 4/2006ൽ 453 വാട്ടർടാപ്പുകൾക്ക് വെള്ളക്കരം ചുമത്തിയിരുന്ന സ്ഥാനത്ത് 3/2008 ആകുമ്പോഴേക്കും 674 ടാപ്പുകൾക്കാണ് കേരളാ വാട്ടർഅതോറിറ്റി കരം ചുമത്തുന്നത്. എന്നാൽ വാട്ടർ ടാപ്പുകളുടെ ആകെ എണ്ണം ഉപയോഗയോഗ്യമായവ, എവിടെയൊക്കെ സ്ഥാപിച്ചു എന്നിവ സംബന്ധിച്ച് യാതൊരു കണക്കും കരംഒടുക്കാൻ ബാധ്യതപ്പെട്ട നഗരസഭ സൂക്ഷിച്ചിട്ടില്ല. ഉപയോഗയോഗ്യമായ ടാപ്പുകളുടെ എണ്ണം നിശ്ചയിക്കുന്നതിനും മീറ്റർഘടിപ്പിച്ച് ശാസ്ത്രീയവും പ്രായോഗികവുമായ രീതിയിൽ വെള്ളക്കരം ചുമത്തുന്നതിന് വാട്ടർ അതോറിറ്റിയുടെയും നഗരസഭയുടെയും സംയുക്ത പരിശോധന നടത്തുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകിയിരുന്നെങ്കിലും നഗരസഭ അധികൃതരുടെ ഉദാസീനതകാരണം പരിശോധന നാളിതുവരെ നടത്തിയിട്ടില്ല. ആയതു കാരണം മാസംതോറും വൻതുക നഗരസഭാ ഫണ്ടിൽ നിന്നും പാഴായി പോകുകയാണ്.

***ഉത്തരവാദിയായ ഉദ്യോഗസ്ഥർ:*** *1. ശ്രീ.എസ്.വിജയകുമാർ (മുൻ സെക്രട്ടറി, വടകര നഗരസഭ)*
*സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ.*
*2. ശ്രീ.സി.രാധാകൃഷ്ണകുറുപ്പ്(സെക്രട്ടറി)*
*സെക്രട്ടറി, തൃശൂർ വികസന അതോറിറ്റി.*

## 3.4.6.കേരള കാർഷിക സർവ്വകലാശാല-തൃശ്ശൂർ ജില്ല.

### *(എ). കാമ്പസ് ഡെവലപ്മെന്റ് ആന്റ് സെൻട്രൽ നഴ്സറി – സിവിൽ പ്രവൃത്തികളിലെ നഷ്ടം*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക: 17*

സുസജ്ജമായ ഒരു എഞ്ചിനീയറിംഗ് വിഭാഗം സർവ്വകലാശാലയ്ക്ക് സ്വന്തമായി ഉണ്ടായിരിക്കെ മരാമത്തു പ്രവൃത്തികളിൽ സാമാന്യമായി പാലിക്കേണ്ട നട്പടിക്രമങ്ങൾ ഒന്നുംതന്നെ പാലിക്കാതെ ഫാമിൽ ജോലി നോക്കുന്ന ഏതാനും താൽക്കാലിക തൊഴിലാളികളെ കരാറുകാരാക്കി നിരവധി സിവിൽ പ്രവൃത്തികൾ നിർവ്വഹിച്ചുകാണുന്നു. എസ്റ്റിമേറ്റോ, റഫ് എസ്റ്റിമേറ്റോ തയ്യാറാക്കിയിട്ടില്ല. മൽസരാധിഷ്ഠിതമായ ടെൻഡർ ക്ഷണിച്ചിട്ടില്ല. രണ്ടോമൂന്നോ വ്യക്തികളുടെ പേരിലുള്ള വളരെഉയർന്ന നിരക്കിലുള്ള ക്വട്ടേഷനുകളാണ് ഒട്ടുമിക്ക വർക്കുകളിലും സമർപ്പിക്കപ്പെട്ടിരിക്കുന്നത്. കരാർ ജോലികൾക്കുവേണ്ട സമ്മത പത്രം ഒപ്പിട്ടിട്ടില്ല. സ്റ്റാമ്പ്ഡ്യൂട്ടി ഇനത്തിൽ സംസ്ഥാനഫണ്ടിന് നഷ്ടമുണ്ടായി.അളവു പുസ്തകങ്ങളോ വാല്യുവേഷൻ സർട്ടിഫിക്കറ്റോ നിലവിലില്ല. നികുതിയിനത്തിലും വെൽഫെയർ ഫണ്ട് ഇനത്തിലുമുള്ള തുകകൾ കരാർ തുകയിൽനിന്ന് കുറവ്ചെയ്ത് അതാതു ഫണ്ടുകളിൽ ഒടുക്കിയിട്ടില്ല. മേൽ വിവരിച്ച സാഹചര്യത്തിൽ വിവിധ സിവിൽ ജോലികളിലായി ചെലവഴിച്ച 13,82,416/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. ഈയിനത്തിലുള്ള നിയമവിധേയമല്ലാത്ത പ്രവർത്തനങ്ങളെക്കുറിച്ച് സർവ്വകലാശാലാ തലത്തിൽ അന്വേഷ ണംനടത്തി കൃത്യമായ സാമ്പത്തിക നഷ്ടം കണക്കാക്കി ഉത്തരവാദിയായ സ്റ്റേഷൻ മേധാവിയിൽനിന്ന് ഈടാക്കേണ്ടതാണ്.

### *(ബി). അബാർഡ് പദ്ധതി – പൊതുമരാമത്ത് ചട്ടങ്ങൾ പാലിച്ചിട്ടില്ല:*

*ഓഡിറ്റ് കുറിപ്പ് 01.07.2006-05.12.2007, ഖണ്ഡിക: 5*

കേരള കാർഷിക സർവ്വകലാശാലയുടെ 06.06.06-ലെ നമ്പർ.എ.ഡി.1/27178/05 ഉത്തരവ് പ്രകാരം തൃശ്ശൂർ നഗരസഭയുടെ 2005-06 വർഷത്തെ കേരള വികസന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അബാർഡ് വനിതാതൊഴിൽദാന പദ്ധതി തൃശ്ശൂർ നഗരസഭയും യൂണിവേഴ്സിറ്റിയും സംയുക്തമായി നടപ്പാക്കുന്നതിന് 23.01.06 ലെ തൃശ്ശൂർ നഗരസഭ കൗൺസിലിന്റെ 55-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. ബന്ധപ്പെട്ട മരാമത്ത് പണികൾ നടത്തിയപ്പോൾ 12.11.97-ലെ സർക്കാർ ഉത്തരവ് (എം.എസ്)നമ്പർ.254/97/തഭവ (പൊതുമരാമത്ത് പണിയുടെ നടത്തിപ്പ് ചട്ടങ്ങൾ) പാലിച്ചതായി കാണുന്നില്ല. ആദായനികുതി, വിദ്യാഭ്യാസ സെസ് (7455/-രൂപ), വാറ്റ് (45676/-രൂപ), നിർമ്മാണതൊഴിലാളി ക്ഷേമനിധി (3654/-)രൂപ എന്നിവ കരാറുകാരനിൽ നിന്ന് കിഴിവ് ചെയ്തിട്ടില്ല. മേൽ ഇനങ്ങളിലായി ആകെ 56785/-രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി അടക്കേണ്ടതാണ്.

# 3.5. പദ്ധതി നടത്തിപ്പിലെ അപാകതകൾ/ ക്രമക്കേടുകൾ

*ശരിയായ ആസൂത്രണത്തിന്റെയും നിർവഹണത്തിന്റെയും അഭാവം മൂലമാണ് പലപദ്ധതികളും ഉദ്ദേശലക്ഷ്യം കൈവരിക്കാതെപോകുന്നത്. പ്രോജക്റ്റുകൾക്ക് അംഗീകാരം നൽകുന്നതിനായി ചുമതലപ്പെടുത്തിയവർ പ്രോജക്റ്റുകളുടെ ശരിയായ പരിശോധന നടത്താറില്ല. പല പ്രോജക്റ്റുകളുടെയും അംഗീകാര രേഖകളിൽ ഡി.പി.സി.യുടെ മുദ്ര മാത്രമായി കണ്ടുവരുന്നുണ്ട്. പദ്ധതി വകയിരുത്തലുകൾക്കനുസൃതമായി ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാതിരിക്കുന്നത്വഴി തദ്ദേശഭരണ സ്ഥാപനത്തിന് അധികബാധ്യത ഉണ്ടാകുന്നുണ്ട്. വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതികളിൽ പലതിനും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് യാതൊരു മാനദണ്ഡവും പാലിക്കാറില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.*

## 3.5.1.വെട്ടൂർ ഗ്രാമപഞ്ചായത്ത്-തിരുവനന്തപുരം ജില്ല

### *(എ). എസ്.ജി.ആർ.വൈ - കൺവീനറെ തെരഞ്ഞെടുത്തതിലും പദ്ധതി നടത്തിപ്പിലുമുള്ള അപാകതകൾ*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ: 3-11*

2004-05, 2005-06 എന്നീ വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിൽ കൺവീനർ മുഖേന നടപ്പാക്കേണ്ട വിവിധ എസ്.ജി.ആർ.വൈ പ്രവൃത്തികളുടെ കൺവീനറായി ഈ പഞ്ചായത്തിലെ തന്നെ അംഗീകൃത കരാറുകാരനായ ശ്രീ.സുരേഷ്ബാബുവിനെ തെരഞ്ഞെടുത്ത് താഴെപറയുന്ന വർക്കുകൾ ചെയ്യിച്ചിട്ടുണ്ട്. ഇത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധവും പൊതു പണത്തിന്റെ ദുരുപയോഗവുമാണ്. ടി കരാറുകാരൻ കൺവീനറായി നടത്തിയ പ്രവൃത്തികളുടെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വടക്കേപ്പള്ളി നടപ്പാത പുനരുദ്ധാരണത്തിനായി സാങ്കേതിക അനുമതി ലഭ്യമാകുന്നത് 24.06.05-നാണ്. അതിനുംമുമ്പായി അതായത് 10.11.04 -ൽ 3,26,400/-രൂപയുടെ ഭക്ഷ്യ ധാന്യം മേൽപ്പറഞ്ഞ കരാറുകാരന് മുൻകൂറായി നൽകിയിട്ടുണ്ട്. 3/06-ൽ പൂർത്തീകരിച്ച ടി പ്രവൃത്തിയുടെ മൂല്യത്തുക 42,140/-രൂപ മാത്രമാണ്. മിനിട്ട്സ് ബുക്കു പ്രകാരം നിർദ്ദിഷ്ട തീയതിയിൽ ഗുണഭോക്തൃസമിതി യോഗം ചേർന്നിട്ടില്ലെങ്കിലും യോഗം ചേർന്നതായി വ്യാജരേഖകൾ ചമച്ചാണ് കരാറുകാരനെ കൺവീനറായി തെരഞ്ഞെടുത്തിട്ടുള്ളത്. പ്രവൃത്തിയുടെ മൂല്യനിർണ്ണയ തുക ഒഴികെയുള്ള 2,84,260/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

2. "എ.എം.ടി.ടി.ആവുകൽവിള റോഡു പുനരുദ്ധാരണം" എന്ന പദ്ധതിയ്ക്ക് സാങ്കേതികാനുമതി, ഭരണാനുമതി, ഡി.പി.സി. അംഗീകാരം ഇവ ലഭിക്കുന്നതിനുമുമ്പായി 21 മെട്രിക്ടൺ ഭക്ഷ്യധാന്യം 10.11.04-ൽ കൺവീനർക്ക് നൽകി. 2005-06 വർഷം നടപ്പാക്കാനുദ്ദേശിച്ചിരുന്ന മേൽ പദ്ധതിയുടെ നടത്തിപ്പിനായുള്ള ഗുണഭോക്തൃ സമിതി യോഗം 2003-04 കാലയളവിൽ

ചേർന്ന് ഗുണഭോക്തൃ സമിതി കൺവീനറായി മേൽ കരാറുകാരനെ തെരഞ്ഞെടുത്തിട്ടുള്ളതാണ്. 2004-05 വർഷം മുൻകൂറായിഅരിവിതര ണം നടത്തിയിട്ടുമുണ്ട്. ആക്ഷൻ പ്ലാനിൽപ്പെടുത്തി പ്രദ്ധതി അംഗീകരിക്കുന്നതിനു മുമ്പായി കൺവീനറെ തെരഞ്ഞെടുത്ത് മുൻകൂർ നൽകിയത് അന്വേഷണവിധേയമാക്കേണ്ടതാണ്.

***ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:*** *ശ്രീ.എ.രാധാകൃഷ്ണൻ, സെക്രട്ടറി.*

### *(ബി). എസ്.ജി.ആർ.വൈ.പ്രവൃത്തികൾ – ഭക്ഷ്യധാന്യം അധികം നൽകിയത്:*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ: 3-12*

എസ്.ജി.ആർ.വൈ പ്രദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ"എ.എം.ടി.ടി.ഐ-അഴുക്കൻ വിള നടപ്പാത പുനരുദ്ധാരണം" എന്ന പ്രവൃത്തിയ്ക്കായി ധാന്യവിഹിതം (2,88,450/-രൂപ) ഉൾപ്പെടെ 3,45,269/- രൂപ കൺവീനർ ശ്രീ.കെ.സുരേഷ്ബാബുവിന് നൽകിയിട്ടുണ്ട്. പ്രവൃത്തി മൂല്യം 1,78,113/-രൂപ മാത്രമാണെന്നിരിയ്ക്കേ ചെയ്ത പ്രവൃത്തി മൂല്യത്തിനുപരിയായി ഭക്ഷ്യധാന്യവും പണവും അനുവദിച്ചു നൽകിയത് അന്വേഷണ വിധേയമാക്കേണ്ടതാണ്.

***ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:*** *ശ്രീ.എ.രാധാകൃഷ്ണൻ, സെക്രട്ടറി, വെട്ടൂർ ഗ്രാമപഞ്ചായത്ത്*

## 3.5.2.പുളിമാത്ത് ഗ്രാമപഞ്ചായത്ത്-തിരുവനന്തപുരംജില്ല

### *(എ). എസ്.ജി.ആർ.വൈ.പ്രവൃത്തികൾ – ഭക്ഷ്യധാന്യം അധികം നൽകിയത്:*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ: 3-14*

മഞ്ഞപ്പാറ കുതിരത്തടം റോഡ് മെയിന്റനൻസിനായി 40 ടൺ ഭക്ഷ്യധാന്യം മുൻകൂറായി കൈപ്പറ്റിയതായി കൺവീനർ ശ്രീ.റഫീഖ് രേഖപ്പെടു ത്തിയിട്ടുണ്ടെങ്കിലും ധാന്യ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം മുൻകൂർ നൽകിയത് 55 ടൺ ഭക്ഷ്യധാന്യമാണ്. പ്രവൃത്തി തുടങ്ങുന്നതിനു മുമ്പായാണ് 3,16,500/-രൂപ വിലവരുന്ന ഭക്ഷ്യധാന്യം അനുവദിച്ചു നൽകിയിട്ടുള്ളത്. 5 ലക്ഷം രൂ പയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരുന്നതെങ്കിലും 5,71,906/-രൂപയുടെ ഫൈനൽ ബിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. പക്ഷേ പാസാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച ശേഷവും 15.05.05-ൽ 20 ടൺ ഭക്ഷ്യധാന്യം അനുവദിച്ചു നൽകിയിട്ടുണ്ട്. പഞ്ചായത്ത് സൂക്ഷിച്ചിരിക്കുന്ന രേഖകളിലെ പൊരുത്തക്കേടുകൾ അന്വേഷണവിധേയമാക്കേണ്ടതാണ്.

***ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:*** *ശ്രീ.എസ്.ഹരിദാസ്, സെക്രട്ടറി, പുളിമാത്ത് ഗ്രാമപഞ്ചായത്ത്*

### *(ബി). എസ്.ജി.ആർ.വൈ.പ്രവൃത്തികൾ – ഭക്ഷ്യധാന്യം അധികം നൽകിയത്:*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ: 3-15*

കുറ്റിമൂട് -വാവുപ്പാററോഡ് മെയിന്റനൻസ് - ക്രമവിരുദ്ധമായി ഭക്ഷ്യധാന്യം അനുവദിച്ചത് 5 ലക്ഷം രൂപ എസ്റ്റിമേറ്റ് നിശ്ചയിച്ചിരുന്ന പ്രവൃത്തിയ്ക്കായി 2003-04 സാമ്പത്തിക വർഷം 55 ടൺ ഭക്ഷ്യധാന്യവും 1 ലക്ഷം രൂപയും അഡ്വാൻസായി നൽകി. കൂടാതെ 2004-05 വർഷം 20 ടൺ ഭക്ഷ്യധാന്യം വീണ്ടും അനുവദിച്ചു നൽകിയതായി രേഖകളിൽ കാണുന്നു.

എസ്റ്റിമേറ്റ് 5,73,500/-രൂപയായി പുതുക്കി 26.03.05-ൽ ചെക്ക്മെഷർമെന്റ് നടത്തി മൂല്യനിർണ്ണയം 5,73,500/-രൂപയിൽ പരിമിതപ്പെടുത്തി അംഗീകരിച്ചു. എന്നാൽ 17.03.07-ലും

പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ മുൻകൂറായി 2003-04 വർഷം നൽകിയ 4,16,500/-രൂപ തിരികെ ഒടുക്കണമെന്ന് സെക്രട്ടറി ആവശ്യപ്പെട്ടുകാണുന്നു. എന്നാൽ പ്രവൃത്തിയ്ക്കായി ധാന്യമുൾപ്പെടെ ആകെ 5,33,000/-രൂപ മുൻകൂർ നൽകിയിട്ടും തിരികെ ഒടുക്കാനാവശ്യപ്പെട്ടത് 4,16,500/-രൂപ മാത്രമാണ്. ഇതിന്റെ കാരണംവ്യക്തമല്ല. പണി പൂർത്തിയാക്കിയത് സംബന്ധിച്ചും മുൻകൂർ നൽകിയ അധിക തുകകൾ അന്തിമമായി ക്രമീകരിച്ചത് സംബന്ധിച്ചും വ്യക്തതയില്ലാത്തതിനാൽ ഇത് അന്വേഷണ വിധേയമാക്കേണ്ടതും നഷ്ടം ജപ്തിപ്പെടുത്തി ഈടാക്കേണ്ടതുമാണ്.

***ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:*** *ശ്രീ.എസ്.ഹരിദാസ്, സെക്രട്ടറി, പുളിമാത്ത് ഗ്രാമപഞ്ചായത്ത്*

## 3.5.3.പെരിനാട് ഗ്രാമപഞ്ചായത്ത് - കൊല്ലം ജില്ല

### *ബാന്റ് ട്രൂപ്പ് രൂപീകരണവും ക്രമവിരുദ്ധമായ ചെലവും:*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക: 3.11*

ഗ്രാമപഞ്ചായത്തിലെ 20 തൊഴിൽ രഹിതരായ പട്ടിക വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് തൊഴിൽ നൽകുന്നതിന് പരിശീലനം നൽകി ബാന്റ് ട്രൂപ്പ് രൂപീകരിക്കാനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. എസ്ജി.എസ്.വൈ. മാനദണ്ഡ പ്രകാരം അംഗീകാരം നൽകിയ ടി പദ്ധതിയുടെ ചെലവിന്റെ അമ്പത് ശതമാനം തുക [പരമാവധി 1,25,000/- (ഒരു ലക്ഷത്തി ഇരുപത്തയ്യായിരം) രൂപവരെ] സബ്സിഡി നൽകുന്നതിന് 30.03.2004 ലെ സ.ഉ(എം.എസ്)40/04 പ്ലാനിംഗ് ഖണ്ഡിക 7:4:3 (1) പ്രകാരം അനുവദിച്ചിരുന്നു. എസ്.ജി.എസ്.വൈ മാനദണ്ഡമനുസരിച്ച് സ്വയം സഹായ സംഘങ്ങളിൽ നിന്നും ചെറിയ സമ്പാദ്യങ്ങളും വായ്പകളും സ്വരൂപിച്ചാണ് പ്രവർത്തനം ആരംഭിക്കേണ്ടത്. ആറുമാസത്തെ പ്രവർത്തനം വിലയിരുത്തി ഒന്നാമത്തെ ഗ്രേഡിംഗ് നടത്തി അവരുടെ സമ്പാദ്യത്തിന് അനുസൃതമായാണ് റിവോൾവിംഗ് ഫണ്ട് നൽകേണ്ടത്. റിവോൾവിംഗ് ഫണ്ട് ഫലപ്രദമായി ഉപയോഗിക്കുന്ന സംഘങ്ങൾക്ക് രണ്ടാംഘട്ട ഗ്രേഡിംഗിനുശേഷം സ്വയം തൊഴിൽ സംരഭങ്ങൾക്ക് വായ്പയും, സബ്സിഡിയും നൽകും. ബാന്റ്ട്രൂപ്പ് പരിശീലനം നൽകിയതിന്റെ ഭാഗമായി 29.03.07-ൽ 92,000/-രൂപയും പദ്ധതിയുടെ ഭാഗമായി 31.03.07-ൽ റിവോൾവിംഗ് ഫണ്ട് വിഹിതം 20000/-രൂപയും ബാന്റ്ട്രൂപ്പിന് ആവശ്യമായ സാധനങ്ങൾ വാങ്ങിയിട്ടുള്ളതിന് 27.02.07-ൽ 57,824/-രൂപയും നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് 1,69,824/-രൂപ (ഒരു ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി എണ്ണൂറ്റി ഇരുപത്തിനാല് രൂപ) ആകെ ചെലവഴിച്ചിട്ടുണ്ട്. എസ്ജി.എസ്.വൈ. മാനദണ്ഡമനുസരിച്ച് ആകെ ചെലവിന്റെ 50% തുക മാത്രമേ സബ്സിഡി നൽകാൻ പാടുള്ളൂ. എന്നാൽ ഇതു ലംഘിച്ചുകൊണ്ട് പദ്ധതി ചെലവിന്റെ 100% തുക സബ്സിഡി നൽകിയിട്ടുണ്ട്. സബ്സിഡി ഇനത്തിൽ 84912/- രൂപ (എൺപത്തിനാലായിരത്തി തൊള്ളായിരത്തിപന്ത്രണ്ട് ) മാത്രമേ നൽകാൻ പാടുള്ളൂ. സബ്സിഡി മാനദണ്ഡങ്ങൾക്കു വിരുദ്ധമായി നൽകിയ 84912/ - രൂപ (എൺപത്തിനാലായിരത്തി തൊള്ളായിരത്തി പന്ത്രണ്ട്) ആഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3.5.4.കരീപ്ര ഗ്രാമപഞ്ചായത്ത്- കൊല്ലം ജില്ല

***അക്ഷയ പരിശീലന പദ്ധതി– പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകൾ:***

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക: 3.2*

കരീപ്ര ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ ഇ-സാക്ഷരത കൈവരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഒരു കുടുംബത്തിലെ ഒരാൾക്ക് വീതം 6943 പേർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകാനായിരുന്നു പദ്ധതി ലക്ഷ്യമിട്ടത്. ഗുണഭോക്താക്കളിൽ ഒരാളിന് 60/-രൂപ നിരക്കിൽ 416580/-രൂപ (നാല് ലക്ഷത്തി പതിനാറായിരത്തി അഞ്ഞൂറ്റി എൺപത് രൂപ) ഗ്രാമപഞ്ചായത്ത് വിഹിതമായി അക്ഷയ പദ്ധതിയുടെ ജില്ലാ കോ -ഓർഡിനേറ്റർക്ക് നൽകിയിരുന്നുവെങ്കിലും 4355 പേർക്ക് മാത്രം പരിശീലനം നൽകുകയും ബാക്കിയുള്ള ഗുണഭോക്താക്കൾ ഇതരമാർഗ്ഗങ്ങളിലൂടെ ഇ-സാക്ഷരത കൈവരിച്ചിട്ടുള്ളതായി കണക്കാക്കി ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ ഇ-സാക്ഷരത പ്രഖ്യാപനം 29.12.07 ൽ നടത്തുകയുണ്ടായി. 2588 പേർക്ക് 60/- രൂപ നിരക്കിൽ ഗുണഭോക്തൃവിഹിതം ഇനത്തിൽ അധികം അടച്ച 155280/ -രൂപ (ഒരു ലക്ഷത്തി അമ്പത്തയ്യായിരത്തി ഇരുന്നൂറ്റി എൺപത് രൂപ മാത്രം) ജില്ലാ കോർഡിനേറ്ററിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3.5.5.കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് -ആലപ്പുഴ ജില്ല

***(എ). ചെറുകിട വ്യവസായം (പട്ടികജാതി വനിത):***

*ഓഡിറ്റ് റിപ്പോർട്ട് വർഷം 2005-06, ഖണ്ഡിക നമ്പർ 3-20*

പഞ്ചായത്തിലെ സ്ഥിരതാമസക്കാരായ 22 പട്ടികജാതി വനിതകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുക എന്ന പദ്ധതിപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് ബാങ്ക്ലോൺ ലഭ്യമാകുന്ന മുറയ്ക്ക് 10,000/-രൂപ വീതം സബ്സിഡി അനുവദിച്ചു നൽകുവാനാണ് ലക്ഷ്യമിട്ടിരുന്നത്. ഈ പദ്ധതിയ്ക്കായി വകയിരുത്തിയിരുന്ന 2,20,000/-രൂപയും ട്രഷറിയിൽനിന്നും പിൻവലിച്ച് കാനറാബാങ്കിന്റെ കായംകുളം ശാഖയിൽ ഒടുക്കിയിട്ടുണ്ട്. ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ അർഹത, ബാങ്ക് ലോൺ ലഭ്യമാമാക്കിയതിന്റെ രേഖകൾ, ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ തുടങ്ങിയവ രേഖാമൂലം ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല. നേരിട്ട് അന്വേഷിച്ചതിൽ 15 ഗുണഭോക്താക്കൾക്ക് മാത്രമാണ് നാളിതുവരെ ബാങ്ക്ലോൺ ലഭ്യമാക്കിയതെന്നും സബ്സിഡി ഇനത്തിൽ ബാങ്കിൽ നിക്ഷേപിച്ച തുക വിതരണം നടത്തിയിട്ടില്ലായെന്നും കാണുകയുണ്ടായി. ബാങ്ക്വായ്പ ലഭ്യമാക്കുന്നതിന്മുമ്പ് പദ്ധതിപ്പണം പൂർണ്ണമായും പിൻവലിച്ച് ബാങ്കിൽ നിക്ഷേപിച്ച ക്രമവിരുദ്ധമായ നടപടിമൂലം പദ്ധതിപ്പണം ചെലവഴിക്കപ്പെടാതെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുവാൻ കാരണമായി. സബ്സിഡി ഇനത്തിൽ ബാങ്കിൽ അധികം ഒടുക്കിയതുക തിരികെ ഈടാക്കുവാനും ആനുകൂല്യം കൈപ്പറ്റിയ ഗ്രൂപ്പുകൾ തുക ഫലപ്രദമായി ഉപയോഗിച്ചു എന്ന് ഉറപ്പുവരുത്തുവാനും നടപടി സ്വീകരിക്കേണ്ടതാണ്. ചെലവഴിച്ച 2,20,000/-രൂപ തടസ്സപ്പെടുത്തുന്നു.

### (ബി). വനിതാ ഘടക പ്രദ്ധതിയിലെ ക്രമക്കേടുകൾ:

*ഓഡിറ്റ് റിപ്പോർട്ട് വർഷം 2004-05 ഖണ്ഡിക നമ്പർ 3-2*

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പദ്ധതിയുടെ 25 ഗുണഭോക്താക്കളിൽ ആനുകൂല്യം കൈപ്പറ്റിയത് 12 പുരുഷന്മാർ. മറ്റു ക്രമക്കേടുകൾ;

1. 25 പേർക്ക് സ്വയംതൊഴിൽ സംരംഭത്തിന് സബ്സിഡിയിനത്തിൽ 10,000/-രൂപ വീതം നൽകുന്നതിന് 2.5 ലക്ഷം രൂപ എസ്.ബി.ഐ.യുടെ കായംകുളം ശാഖയിൽ സബ്സിഡി അക്കൗണ്ടിൽ അടച്ചിരുന്നു. (ലോൺ ആപ്ലിക്കേഷൻ തയ്യാറാക്കാതെ 25 പേരുടെ സബ്സിഡി ബാങ്കിൽ അടച്ചത് ശരിയല്ല.)

2. 19 പേർക്ക് ബാങ്കിൽ നിന്നും ലോൺഅനുവദിച്ചിരുന്നുവെങ്കിലും സബ്സിഡി തുക വിതരണം ചെയ്തിട്ടില്ലെന്ന് നേരിട്ടുള്ള അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടു.

3. ലോൺ അനുവദിക്കാത്ത 6 പേരുടെ സബ്സിഡി തുകയായ 60,000/-രൂപ തിരികെ ശ്രീ.ഷംനാദിന്റെ പേരിൽ നൽകുവാൻ ചെക്കിന്റെ മറുവശത്ത് പഞ്ചായത്ത് പ്രസിഡന്റ് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 01.09.06-ൽ കായംകുളം കാനറാ ബാങ്കിന്റെ ശാഖയിൽ ടിയാന്റെ സ്വകാര്യഅക്കൗണ്ടിൽ (അക്കൗണ്ട് നം.എസ്.ബി - 5194) ടി തുക ക്രഡിറ്റു ചെയ്തു.

4. ക്രഡിറ്റ് കാർഡ് ഉപയോഗിച്ച് ടി അക്കൗണ്ടിൽ നിന്നും തുക പിൻവലിച്ചിട്ടുണ്ടെന്ന് കാനറാ ബാങ്കിൽ നിന്നും അറിയിച്ചു.

5. ഇപ്രകാരം പിൻവലിച്ച തുക പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കിയിട്ടില്ല. സബ്സിഡി യിനത്തിൽ പിൻവലിച്ച തുകയിൽ 60,000/-രൂപ സ്വകാര്യ അക്കൗണ്ടിലേയ്ക്ക് മാറ്റി വി.ഇ.ഒ. ധനദുർവിനിയോഗം നടത്തി.

### (സി). ട്രഷറിയിൽ നിന്നും പിൻവലിച്ച പദ്ധതി തുക വിതരണം ചെയ്തില്ല:

*ഓഡിറ്റ് റിപ്പോർട്ട് വർഷം 2005-06, ഖണ്ഡിക നമ്പർ 3-17*

ഇരട്ട ലക്ഷംവീട് ഒറ്റവീടാക്കൽ എന്ന പദ്ധതിക്കായി നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. 30.03.06-ൽ 2,85,917/-രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും 1,12,500/-രൂപ മാത്രമേ ഗുണഭോക്താക്കൾക്കു വിതരണം ചെയ്തിട്ടുള്ളൂ. ബാക്കിയായ 1,74,417/-രൂപ ടി ഉദ്യോഗസ്ഥൻ കൈവശം വച്ചിരിക്കുന്നു.

## 3.5.6. പുന്നപ്രതെക്ക് പഞ്ചായത്ത് -ആലപ്പുഴ ജില്ല

### കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് പ്രവർത്തന മൂലധനം

*ഓഡിറ്റ് റിപ്പോർട്ട് വർഷം 2005-06, ഖണ്ഡിക നമ്പർ 3-7*

കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി വരുമാനം ലഭ്യമാകുന്ന സംരംഭങ്ങൾ സൃഷ്ടിക്കുന്നതിന് പദ്ധതിവിഹിതത്തിൽ നിന്നും 5,000/-രൂപ വീതം റിവോൾവിംഗ് ഫണ്ട് അനുവദിച്ചു നൽകുന്നതായിരുന്നു പദ്ധതി. ഗ്രൂപ്പുകളുടെ സമ്പാദ്യത്തിന്

ആനുപാതികമായി നൽകുന്ന തുക ഗ്രൂപ്പുകളുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനു പ്രകരം വ്യക്തികൾക്ക് ചെക്കായി നൽകുകയാണ് ചെയ്തത്. ടി തുക വിനിയോഗിച്ച് സ്വന്തമായി ബിസിനസ് ആരംഭിച്ചതിനും ബാങ്ക്ലോൺ ലഭ്യമാക്കിയതിനും രേഖകളില്ല. റിവോൾവിംഗ് ഫണ്ട് റിവോൾവ് ചെയ്യുന്നതിന് ധനസഹായം നൽകിയ തുക തിരിക്കെടുയ്ക്കുന്നതുമില്ല. പ്രദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല.

## 3.5.7.ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്- ഇടുക്കി ജില്ല

### *കമ്പ്യൂട്ടർ പ്രരിശീലന പ്രദ്ധതി*

*ഓഡിറ്റ് റിപ്പോർട്ട് വർഷം 2004-05, ഖണ്ഡിക 3-8*

ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിൽ കമ്പ്യൂട്ടർ പ്രരിശീലന പദ്ധതിക്കായി കേരള വികസന പ്രദ്ധതി വിഹിതത്തിൽ നിന്നും 80,000/-രൂപയും (എൺപതിനായിരം) തനതു ഫണ്ടിൽ നിന്നും 4,70,000/-രൂപയും (നാലുലക്ഷത്തി എഴുപതിനായിരം) ഉൾപ്പെടെ 5,50,000/-രൂപ (അഞ്ചു ലക്ഷത്തി അമ്പതിനായിരം) ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ അംഗീകരിച്ച ഏജൻസി വഴിയും സർക്കാർഅംഗീകരിച്ച ഫീസ് നിരക്കിലും മാത്രമേ പ്രദ്ധതിനടപ്പിലാക്കാവൂ എന്ന വ്യവസ്ഥയിലാണ് ഡി.പി.സി.പ്രദ്ധതിക്ക് അംഗീകാരം നൽകിയിട്ടുള്ളത്. എന്നാൽ ഈ വ്യവസ്ഥ കളെ മറികടന്നാണ് ഒരു സ്വകാര്യസ്ഥാപനത്തിന് മേൽ പ്രദ്ധതിയുമായി ബന്ധപ്പെട്ട് കരാർ വെച്ചിട്ടുള്ളത്. ടി പ്രദ്ധതിയുമായി ബന്ധപ്പെട്ട് പ്രരിശീലനാർത്ഥികളെ തെരഞ്ഞെടുത്തതിന് വ്യക്തമായ രേഖയില്ല. ഇതുമായി ബന്ധപ്പെട്ട വൗച്ചറുകൾ പ്രരിശോധിച്ചതിൽ പ്രരിശീലനാർത്ഥി കളുടെ എണ്ണത്തിൽ തിരുത്തലുകൾ വന്നിട്ടുള്ളതായി കാണുന്നു. 770 പേർക്ക് 3 മാസക്കാല യളവിനുള്ളിൽ പ്രരിശീലനം നൽകി എന്നുപറയുന്നത് വിശ്വസനീയമല്ല. പരിശീലനം പൂർത്തിയായവരുടെ പേരിൽ തയ്യാറാക്കിയ ധാരാളം സർട്ടിഫിക്കറ്റുകൾ പ്രഞ്ചായത്താഫീസിൽ ഓഡിറ്റ് വിങിനു കാണാൻ കഴിഞ്ഞിട്ടുണ്ട്. കരാർ പ്രകാരം പ്രഞ്ചായത്തിനു ലഭിക്കേണ്ട ഒരു കമ്പ്യൂട്ടറും യു.പി.എസും പ്രിന്ററും പ്രഞ്ചായത്തിന് ലഭിച്ചിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ പ്രരിശീലന പ്രദ്ധതിയുടെ പേരിൽ ധനദുർവിനിയോഗം നടന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

***ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:*** *ശ്രീ.എസ്.ജയൻ, സെക്രട്ടറി (റിട്ട.),*
/ *പുതുക്കുളങ്ങര വീട്, കുന്നത്തുപ്പാറ,*
*മണക്കാട്.പി.ഒ, തൊടുപുഴ, ഇടുക്കി ജില്ല.*

## 3.5.8.പുത്തൂർ ഗ്രാമപഞ്ചായത്ത്-തൃശ്ശൂർ ജില്ല

### *ഭവനനിർമ്മാണം - ധനസഹായം നൽകിയതിലെ അപാകത*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2002-03, ഖണ്ഡിക നം: 3-2*

ഈ പ്രദ്ധതി പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരിൽ സ്വന്തമായി ഭൂമിയുള്ളതും സ്വന്തമായി വീടില്ലാത്തതുമായ കുടുംബങ്ങൾക്ക് വീടൊന്നിന് 22,000/-രൂപ ധനസഹായം നൽകാൻ വിഭാവനം ചെയ്തിരുന്നു. എന്നാൽ കൈവശ സർട്ടിഫിക്കറ്റോ, പ്രട്ടയമോ ഇല്ലാതെ

അനധികൃതമായി 01.01.77-ന് മുമ്പ് ഭൂമി കൈവശം വച്ചിരുന്നവരാണ് എന്ന് ബന്ധപ്പെട്ട വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ള 21 ഗുണഭോക്താക്കൾക്കാണ് ഈ പദ്ധതിപ്രകാരം ധനസഹായം ലഭിച്ചത്. പട്ടയമോ കൈവശരേഖയോ ഇല്ലാതെ അനധികൃതമായി കൈവശം വച്ചുവരുന്ന ഭൂമിയിലാണ് വീട് നിർമ്മാണത്തിന് ധനസഹായം നൽകിയിരിക്കുന്നത്.

## 3.5.9.കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത്-ആലപ്പുഴ ജില്ല

***വനിതാ സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ – അനർഹർക്ക് ആനുകൂല്യം നൽകിയത്***

*ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-07, ഖണ്ഡിക നമ്പർ 3-5*

പ്രോജക്ട് നമ്പർ.എസ്-014/07 അടങ്കൽ - 3,00,000/-

ബ്ലോക്ക് പഞ്ചായത്തിൽപ്പെടുന്ന 5 പഞ്ചായത്തുകളിലെ കുറഞ്ഞത് 6 മാസം തുടർച്ച യായി പ്രവർത്തിക്കുന്നതും 1-ാം ഗ്രേഡിംഗ് കഴിഞ്ഞതുമായ 30 വനിതാ സ്വാശ്രയ ഗ്രൂപ്പുകൾക്ക് റിവോൾ വിംഗ് ഫണ്ടിനത്തിൽ 10,000/-രൂപ വീതം നൽകുന്നതായിരുന്നു പദ്ധതി. സ്വാശ്രയ ഗ്രൂപ്പുകളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, കരാർപത്രം, 6 മാസത്തിലേറെയായി പ്രവർത്തനം നടത്തിവരുന്നു എന്ന സാക്ഷ്യപത്രം എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രം തുക നൽകേണ്ട ഈ പദ്ധതിയിൽ ആനുകൂല്യം ലഭിച്ച എല്ലാ ഗ്രൂപ്പുകളും ബാങ്ക്അക്കൗണ്ട് ആരംഭിച്ചിരിക്കുന്നത് 12/06-ൽ (പദ്ധതിപണം ചെലവഴിക്കുന്നതിന് 3 മാസം മുമ്പ്) മാത്രമാണ്. ഗ്രേഡിംഗിൽ മിനിമം മാർക്ക് ലഭിച്ചിട്ടില്ലാത്ത 6 ഗ്രൂപ്പുകൾക്കും പദ്ധതി ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതി ആനുകൂല്യം ലഭിച്ച ഗ്രൂപ്പുകളുടെ ബാങ്ക്അക്കൗണ്ടിൽനിന്നും പിൻവലിച്ച തുക പദ്ധതി വിഭാവനം ചെയ്തിരുന്നതുപോലെ തിരികെ ഒടുക്കിയിട്ടില്ല. ആനുകൂല്യം കൈപ്പറ്റിയ ഗ്രൂപ്പുകൾ ഹാജരാക്കിയ എഗ്രിമെന്റ് പ്രകാരമുള്ള തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചുവോ എന്നതും വ്യക്തമല്ല. വ്യക്തമായ മോണിട്ടറിംഗും നിർവ്വഹിക്ക പ്പെട്ടിട്ടില്ല. പഞ്ചായത്തു കമ്മിറ്റി ഇക്കാര്യം പരിശോധിച്ച് അനർഹർക്ക് നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 3.5.10.ആര്യാട് ബ്ലോക്ക്-ആലപ്പുഴ ജില്ല

***(എ). കുടുംബശ്രീ/വനിത എസ്.എച്ച്.ജി.കൾക്ക് തൊഴിൽ സംരംഭം തുടങ്ങുന്നതിനുള്ള ധനസഹായം***

*ഓഡിറ്റ് റിപ്പോർട്ട് വർഷം 2005-06, ഖണ്ഡിക നമ്പർ 3-7*

നല്ല രീതിയിൽ പ്രവർത്തിക്കുന്ന 20 വനിത സ്വയംസഹായ സംഘങ്ങൾക്ക് പദ്ധതി വിഹിത ത്തിൽ നിന്നും സബ്സിഡിയും ബാങ്ക് വായ്പയും ലഭ്യമാക്കി തൊഴിൽ സംരംഭത്തിന് സജ്ജമാക്കുക എന്ന പദ്ധതിപ്രകാരം ഒരു ഗ്രൂപ്പിന് 10,000/-രൂപ ക്രമത്തിൽ 2 ലക്ഷം രൂപ 20 ഗ്രൂപ്പുകൾക്കായി പിൻവലിച്ച് നൽകിയിട്ടുണ്ട്. ഗ്രൂപ്പുകളുടെ പ്രവർത്തനത്തെ സംബന്ധിച്ചുള്ള റിപ്പോർട്ടോ, തൊഴിൽ സംരംഭം തുടങ്ങിയതിന്റെ വരവു-ചെലവു കണക്കുകളോ പരിശോ ധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതി പ്രവർത്തനത്തിന്റെ തുടർ നടപടികളെക്കുറിച്ച് ഒരു നടപടിയും നാളിതുവരെ സ്വീകരിച്ചിട്ടില്ല. പദ്ധതിതുകയുടെ വിനിയോഗം ശരിയായ രീതിയിൽ നടന്നിട്ടുണ്ടോ യെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

### *(ബി). എസ്.സി.സ്വയംസഹായ സംഘത്തിന് റിവോൾവിംഗ് ഫണ്ട്*

*ഓഡിറ്റ് റിപ്പോർട്ട് വർഷം 2005-06, ഖണ്ഡിക നമ്പർ 3-6*

പദ്ധതി പ്രകാരം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 10,000/-രൂപ വീതം എസ്.സി.വിഭാഗത്തിലെ 5 വനിത സ്വയംസഹായ സംഘങ്ങൾക്ക് പദ്ധതി വിഹിതത്തിൽ നിന്നും നൽകി. പദ്ധതിപ്പണം വിനിയോഗിച്ച് തൊഴിൽ സംരംഭം തുടങ്ങിയതിന്റെയോ, തൊഴിൽ തുടരുന്നതിന്റെ പ്രവർത്തന റിപ്പോർട്ടോ മോണിട്ടറിംഗ് റിപ്പോർട്ടോ ഇല്ല. ചെലവിന്റെ നിജസ്ഥിതി അന്വേഷണ വിധേയമാക്കേണ്ടതാണ്.

## 3.5.11.വയനാട് ജില്ലാ പഞ്ചായത്ത്

### *ചെന്നലോട് വനിത വ്യവസായ സംരംഭം ബാഗ് നിർമ്മാണ യൂണിറ്റിന് ധനസഹായം നൽകി*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ: 3-9*

ജില്ലാ പഞ്ചായത്തിന്റെ 2003-04 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിൽ രഹിതരായ വനിതകൾക്ക് സ്വയംസംരംഭതൊഴിൽ മേഖല വിപുലപ്പെടുത്തൽ എന്ന ലക്ഷ്യത്തോടെ പേപ്പർ ബാഗുകൾ, റെക്സിൻ ബാഗുകൾ, തുണി ബാഗുകൾ എന്നിവ നിർമ്മിച്ച് വിപണനം ചെയ്യുന്നതിനായി ആവിഷ്കരിച്ചതാണ് ഈ പദ്ധതി. അഞ്ച് ലക്ഷം രൂപ അടങ്കൽ ഉള്ള ഈ പ്രോജക്ടിന്റെ പദ്ധതിവിഹിത ബാങ്ക്ലോൺ ഗുണഭോക്തൃവിഹിത അനുപാതം 2:2:1 ആണ്. പിന്നീട് ഗുണഭോക്തൃ വിഹിതം ഒഴിവാക്കി ചെന്നലോട് വിമലാ മഹിളാസമാജം മുഖേന യാണ് പദ്ധതിനടപ്പാക്കാൻ പഞ്ചായത്ത് തീരുമാനിച്ചത്. ഗുണഭോക്തൃ സംഘടനയെ തെരഞ്ഞെ ടുക്കുന്നതിന് സുതാര്യമായ രീതി അവലംബിച്ചതായി കാണുന്നില്ല.

പദ്ധതി അടങ്കലിൽ 1,64,000/-രൂപയുടെ യന്ത്രസാമഗ്രികളും, 35,000/-രൂപയുടെ ഫർണിച്ചറും വാങ്ങുന്നതിന് വകയിരുത്തി. ജില്ലാ പഞ്ചായത്തിന്റെ രണ്ട്ലക്ഷം രൂപയിൽ 66,500/-രൂപ തൊഴിൽ പരിശീലനത്തിനും ബാക്കി 1,33,500/-രൂപ പ്രവർത്തന ഫണ്ടായും കണക്കാക്കി തൊഴിൽ പരിശീലനത്തിനുള്ള 66,500/-രൂപ സ്റ്റെഡ് എന്ന സ്ഥാപനത്തിന് നൽകി ജില്ലാ പഞ്ചായത്ത്തന്നെ നേരിട്ട് ചെലവാക്കി. ബാക്കി 1,33,500/-രൂപ തരിയോട് സർവ്വീസ് സഹകരണ ബാങ്കിൽ ലോൺ ലഭിക്കുന്നതിനുള്ള എന്റ് സബ്സിഡിയായി 31.08.2004 ന് നൽകി. എന്നാൽ ബാങ്കും സംഘവും തമ്മിൽ എന്തെങ്കിലും തരത്തിലുള്ള എഗ്രിമെന്റ് വെച്ചതായോ ലോൺ വാഗ്ദാനം ചെയ്തതായോ രേഖയില്ല. യാതൊരു പ്രയോജനവുമില്ലാതെ പദ്ധതിപ്പണം നിഷ്ക്രിയ നിക്ഷേപമായി സഹകരണ ബാങ്കിൽ കിടന്നു. പിന്നീട് ഈ പദ്ധതിക്ക് തുടർച്ചാ നുമതിയില്ലാതെ സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് മുഖേന നടപ്പാക്കാൻ ശ്രമിക്കുകയും ഫണ്ട് ഗ്രാമീണ ബാങ്കിന് 12.11.06 ന് നൽകുകയും ചെയ്തുവെങ്കിലും പദ്ധതി വിഭാവനം ചെയ്ത രീതിയിൽ ഫലപ്രദമായി നടപ്പാക്കിയിട്ടില്ല. രണ്ട് ലക്ഷം രൂപയുടെ യന്ത്രസാമഗ്രികളും ഫർണിച്ചറും വാങ്ങേണ്ടതുണ്ടെങ്കിലും ഇത്തരത്തിലുള്ള പ്രവർത്തനം കാര്യമായി നടന്നിട്ടില്ല. സംഘം സെക്രട്ടറി ശ്രീമതി.എം.എ.മേരി നൽകിയ മറുപടി പ്രകാരംതന്നെ വാങ്ങിയ യന്ത്ര

സാമഗ്രികൾ 40590/-രൂപയുടേത് മാത്രമാണ്. ഇതിൽ തന്നെ 24240/-രൂപയുടെ സാധാരണ തയ്യൽ യന്ത്രങ്ങളാണ് വാങ്ങിയത്. ബാഗ് നിർമ്മാണത്തിന് ആവശ്യമായ കട്ടിംഗ് മെഷീൻ, ഹെവി ഡ്യൂട്ടി തയ്യൽമെഷീൻ, ഫോൾഡിംഗ് മെഷീൻ, ഐലറ്റ് മെഷീൻ തുടങ്ങിയവ ഒന്നുപോലും വാങ്ങിയിട്ടില്ല. ഇവയില്ലാതെ ബാഗ് നിർമ്മാണം നടക്കുകയുമില്ല. സ്കൂൾ കുട്ടികൾക്കുള്ള യൂണിഫോമുകൾ, മറ്റുള്ളവർക്കായി നൈറ്റി, പാവാട എന്നിവ തുന്നുന്ന പ്രവർത്തനങ്ങളാണ് ഇപ്പോൾ നടത്തുന്നത്. ആയതിനാൽ ഈ പദ്ധതിയിൽ ബാഗ് നിർമ്മാണ പരിശീലന പരിപാടിക്കായി സ്റ്റെഡ് എന്ന സ്ഥാപനത്തിന് നൽകിയ 66,500/-രൂപ പാഴ്ചെലവായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഒപ്പം പദ്ധതി തുടർച്ചാനുമതി പോലുമില്ലാതെ 1,33,500/-രൂപ സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് കാവുംമന്ദം ശാഖയിൽ നിഷ്ക്രിയ നിക്ഷേപമായി തുടരുകയും ചെയ്യുന്നു. ഇത്തരത്തിൽ പദ്ധതി പണം വഴിവിട്ട് വിനിയോഗിച്ചതിനാൽ ധനസഹായം കൈമാറിയ വേളയിൽ സംഘം ഭാരവാഹികൾ പഞ്ചായത്തുമായി ഏർപ്പെട്ട കരാർ ഉടമ്പടി അനുസരിച്ച് ഈ തുക അടിയന്തിരമായി ഈടാക്കി സർക്കാരിലേക്ക് തിരിച്ചടയ്ക്കണം.

## 3.5.12. തിരുവനന്തപുരം നഗരസഭ

### *സർക്കാർ വക സ്ഥലത്ത് അനധികൃതമായി ചുറ്റുമതിൽ നിർമ്മാണം*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക 3.10*

ജഗതിയിലുള്ള കുളം നികത്തിയ സ്ഥലം സംരക്ഷിക്കുന്നതിനായി ചുറ്റുമതിൽ നിർമ്മാണം നടത്തുന്നതിന് നഗരസഭഅനുവാദം നൽകി. എന്നാൽ, പണി തുടർന്നുവരവെ, റവന്യൂ അധികാരികൾ സ്ഥലം സന്ദർശിച്ച് സർക്കാർ വക ഭൂമിയിലാണ് നഗരസഭ പണി ചെയ്യിക്കുന്നതെന്ന് ബോദ്ധ്യപ്പെടുത്തിയതിനാൽ പണി നിർത്തിവയ്ക്കുകയും ചെയ്തു. ഇപ്രകാരം അനധികൃതമായി, നഗരസഭയുടേതല്ലാത്ത സ്ഥലത്ത് പണി നടത്തിയതുമൂലം 1,55,842/-രൂപ നഷ്ടം സംഭവിച്ചു.

***ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:*** *ശ്രീ.ഡാനിയേൽ, പ്രോജക്ട് എഞ്ചിനീയർ, തിരുവനന്തപുരം നഗരസഭ*

## 3.5.13. കോഴിക്കോട് നഗരസഭ

### *(എ). ശാരീരിക വൈകല്യങ്ങൾ നേരിടുന്നവർക്ക് സഹായ ഉപകരണങ്ങൾ വിതരണം – ക്രമക്കേട്*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക : 3-14-7*

ശാരീരിക വൈകല്യങ്ങൾ നേരിടുന്നവർക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് 18 ലക്ഷം രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കി. തനതുഫണ്ടിൽ നിന്നും തുക വകയിരുത്തി മെഡിക്കൽ ക്യാമ്പ് നടത്തി ഗുണഭോക്താക്കളെ കണ്ടെത്താനാണ് അംഗീകരിച്ച പ്രോജക്ടിൽ നിർദ്ദേശിച്ചിരുന്നത്. എന്നാൽ അത് പാലിക്കാതെ ഇതിനായി ക്വട്ടേഷൻ സമർപ്പിക്കുന്ന സ്ഥാപനങ്ങൾ നേരിട്ട് മെഡിക്കൽ ക്യാമ്പ് നടത്തി ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കി ഉപകരണങ്ങളുടെ വില സമർപ്പിക്കാനാണ് നഗരസഭ പത്രപരസ്യം നൽകിയത്. മേൽ പ്രകാരം ക്വട്ടേഷൻ സമർപ്പിച്ച ഹൈടെക് റിഹാബ് സെന്റർ, കോലഞ്ചേരി എന്ന സ്ഥാപനത്തിന്റെ

ക്വട്ടേഷൻ സ്വീകരിക്കുകയും ഗുണഭോക്തൃലിസ്റ്റ് ഇല്ലാതെ സമർപ്പിച്ച സർക്കാർഅംഗീകൃത ഏജൻസിയായ കെൽട്രോണിന്റെ ക്വട്ടേഷൻ താരതമ്യപഠനത്തിന് വിധേയമാക്കാതെ തള്ളുകയും ചെയ്തു. ക്വട്ടേഷൻ സമർപ്പിക്കുന്ന സ്ഥാപനങ്ങൾ എല്ലാം മെഡിക്കൽ ക്യാമ്പ് നടത്തി ഗുണഭോക്താക്കളെ കണ്ടെത്തണമെന്ന വിചിത്രമായ നിബന്ധനയാണ് നഗരസഭ ഇക്കാര്യത്തിൽ സ്വീകരിച്ചിരുന്നത്. ക്വട്ടേഷൻ പ്രകാരം 6 ഇനങ്ങളിലായി ഹൈടെക് റീഹാബ് സെന്റർ സമർപ്പിച്ച വില കെൽട്രോൺ സമർപ്പിച്ചതിനേക്കാൾ 8,21,100/-രൂപ അധികമായിരുന്നു. മേൽ വിവരിച്ച പർച്ചേസിൽ 8,21,100/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

കൂടാതെ ഹൈടെക് റീഹാബ് സെന്റർ ഹിയറിംഗ് എയ്ഡ് എന്ന BTE (DLX) എന്ന ഉപകരണത്തിന് ഒന്നിന് 5150/-രൂപ നിരക്കിലായിരുന്നു ക്വട്ടേഷൻ സമർപ്പിച്ചത്. എന്നാൽ ബിൽ പ്രകാരം പത്ത് എണ്ണത്തിന് 9850/-രൂപ നിരക്കിൽ 98500/-രൂപ നൽകിയതുവഴി 47,000/-രൂപ അധികമായി സ്ഥാപനത്തിന് നൽകി. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

***ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:*** *ശ്രീ.വാസു തച്ചോരടി, പ്രോഗ്രാം ഓഫീസർ,*
*ഡിസ്ട്രിക്ട് ലെവൽ ഐ.സി.ഡി.എസ്.സെൽ,*
*സിവിൽ സ്റ്റേഷൻ, കോഴിക്കോട്.*

### *(ബി). ഖരമാലിന്യ സംസ്ക്കരണ പ്ലാന്റിലെ തിരസ്ക്കരണി മാറ്റൽ – കരാർ വ്യവസ്ഥ പാലിക്കാതെ അധിക നിരക്കിൽ ടെണ്ടർ നൽകിയതുവഴി നഷ്ടം*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക: 3-8*

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഞെളിയൻപറമ്പിലെ ഖരമാലിന്യ സംസ്ക്കരണ പ്ലാന്റിന്റെ പ്രവർത്തനം 22.04.05-ൽ ഉണ്ടാക്കിയ ഉഭയകക്ഷി കരാറിന്റെഅടിസ്ഥാനത്തിൽ "ഫോബ്സ് എൻവിറോടെക്സ്" എന്ന പ്രൈവറ്റ് ലിമിറ്റഡ് കമ്പനി ഏറ്റെടുത്തു. വളമാക്കി മാറ്റാൻ കഴിയാത്ത തിരസ്ക്കരണി പ്ലാന്റിന്റെ 5 കി.മീ.പരിധിയിൽ നഗരസഭ നിർദ്ദേശിക്കുന്ന സ്ഥലത്ത് നിക്ഷേപിക്കാനും പരിധിക്ക് പുറത്ത് കമ്പനി നിക്ഷേപിക്കുന്ന സംഗതിയിൽ ഓരോ കിലോമീറ്ററിനും 30/-രൂപ നിരക്കിൽ നഗരസഭ പണം നൽകാനും കരാറിൽ വ്യവസ്ഥ ചെയ്തിരുന്നു. തിരസ്ക്കരണി പുറമെ നിക്ഷേപിക്കുന്ന സംഗതിയിൽ കമ്പനിയുടെ ഉടമസ്ഥതയിൽ 230 കി.മീ.ദൂരമുള്ള നെല്ലിയാമ്പതിയിലുള്ള എസ്റ്റേറ്റ് ഉപയോഗപ്പെടുത്തേണ്ടിവരുമെന്നും ആയതിന് 230 കിലോമീറ്റർ ദൂരത്തിന് 30/-രൂപ നിരക്കിൽ 6 ടൺ വരുന്ന ഒരു ലോഡിന് 6900/-രൂപ (ടൺ ഒന്നിന് 1150/-രൂപ) ചെലവ് വരുമെന്നും നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ 04.02.06 ൽ ഫയലിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എന്നാൽ മേൽപ്പറഞ്ഞ കരാറും, സാമ്പത്തിക നേട്ടവും കണക്കിലെടുക്കാതെ തിരസ്ക്കരണി നീക്കുന്നതിന് വിവിധ കരാറുകാരെ ടൺ ഒന്നിന് 1350/-രൂപ മുതൽ 2500/-രൂപ വരെ അധിക നിരക്കിൽ ഏൽപ്പിക്കുകയും 3442.88 ടൺ തിരസ്ക്കരണി നീക്കം ചെയ്തതിന് 61,01,487/-രൂപ വീതം ചെലവഴിക്കുകയും ചെയ്തു. ഫോബ്സ് കമ്പനിയെ ഈ പ്രവൃത്തി

കരാർ വ്യവസ്ഥ പ്രകാരം ഏൽപ്പിച്ചിരുന്നുവെങ്കിൽ 39,59,312/-രൂപ മാത്രമായിരുന്നു നൽകേണ്ടിയിരുന്നത്. (3442.88 x 1150 = 39,59,312/-രൂപ) അതായത്, 21,42,175/-രൂപ ഈ പ്രവൃത്തിയിൽ നഗരസഭയ്ക്ക് നഷ്ടം വന്നു.

നഗരസഭയുടെ സാമ്പത്തിക താൽപ്പര്യം കണക്കിലെടുക്കാതെ ഫയലുകളിൽ തീരുമാനമെടുത്ത് കൗൺസിലിന്റെ അനുമതി തേടിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതൽ കോർപ്പറേഷൻ എഞ്ചിനീയർ വരെയുള്ള ഉദ്യോഗസ്ഥർ കൂട്ടായി നഷ്ടത്തിന് ഉത്തരവാദികളാണ്. അധികചെലവ് തുകയായ 21,42,175/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3.5.14. കോഴിക്കോട് സർവ്വകലാശാല

***സർവ്വകലാശാലാ ഫണ്ടിന്റെ ദുർവ്യയം:***

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക: IV (12)*

മരാമത്ത് പ്രവർത്തികൾക്ക് വകുപ്പുതലത്തിൽ സാധനസാമഗ്രികൾ വാങ്ങി നൽകണമെങ്കിൽ പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാരുമായി ഉടമ്പടിയിൽ ഏർപ്പെടേണ്ടതുണ്ട്. ആവശ്യങ്ങൾ നിജപ്പെടുത്താതെ കമ്പി വാങ്ങിയതിനാൽ ഏകദേശം 30 മെ ട്രിക്ടൺ കമ്പി വിവിധ ഇനങ്ങളിലായി സർവകലാശാലയിൽ സ്റ്റോക്ക് ഉണ്ടായിരുന്ന അവസരത്തിൽ മരാമത്ത് പ്രവർത്തികൾക്ക് കമ്പി, സിമന്റ് എന്നിവ വാങ്ങി നൽകുന്നതല്ലെന്ന് 2003-ൽ സർവകലാശാല തീരുമാനം എടുത്തു. സ്റ്റോക്കിൽ അവശേഷിക്കുന്ന കമ്പി ഉപയോഗപ്പെടുത്തിയ ശേഷം തീരുമാനം നടപ്പിൽ വരുത്തിയാൽ മതിയെന്ന് ഉപദേശിക്കേണ്ട എഞ്ചിനീയർ യഥാവിധി ബന്ധപ്പെട്ടവരെ അറിയിക്കാതെ സിൻഡിക്കേറ്റ് തീരുമാനം പെട്ടെന്ന് നടപ്പാക്കിയതുമൂലവും സർവകലാശാല പിന്നീട് നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികൾക്ക് ടി കമ്പി ഉപയോഗപ്പെടുത്താനും സാധിച്ചില്ല. മതിയായ ആവശ്യകത ഉറപ്പുവരുത്താതെ വാങ്ങിക്കൂട്ടിയ കമ്പി തുറസ്സായ സ്ഥലത്ത് കൂട്ടിയിട്ടതിനാൽ വെയിലും മഴയും ഏറ്റ് തുരുമ്പെടുത്ത് നശിക്കുകയാണ്. ഉപയോഗപ്പെടുത്താനാവാതെ തുരുമ്പെടുത്ത് നശിക്കുന്ന കമ്പി ലേലത്തിൽ വിൽക്കാൻ നടപടിസ്വീകരിക്കേണ്ടതും അപ്രകാരം ലേലം ചെയ്യുമ്പോൾ മാർക്കറ്റ് നിരക്കും ലേലനിരക്കും തമ്മിലുള്ള വ്യത്യാസംസർവകലാശാല ഫണ്ടിനുണ്ടായ നഷ്ടമായി കണക്കാക്കി ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

***നഷ്ടോത്തരവാദിയുടെ പേരും സ്ഥാനപേരും:*** *ശ്രീ.അബ്ദുറഹിമാൻ, യൂണിവേഴ്സിറ്റി എഞ്ചിനീയർ.*

## 3.5.15. കേരള കയർതൊഴിലാളി ക്ഷേമനിധിബോർഡ്

***ആസ്ഥാനമന്ദിര നിർമ്മാണം: ക്രമവിരുദ്ധമായ ചെലവുകൾ:***

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004-05, ഭാഗം II ഖണ്ഡിക 1*

ക്ഷേമനിധി ബോർഡിന് ആസ്ഥാനമന്ദിരം നിർമ്മിച്ചതിൽ തെറ്റായ വിവരങ്ങളെ അടിസ്ഥാനമാക്കി ബേസ്മെന്റിന്റെ ഉൾവശം നിറയ്ക്കാനുപയോഗിച്ച മണ്ണിന്റെ അളവ് കൂട്ടിക്കാണിച്ചും ശാസ്ത്ര സാങ്കേതിക സ്ഥാപനത്തിന്റെ നിർദ്ദേശം അവഗണിച്ച് ഫൗണ്ടേഷൻ കെട്ടിയതായി രേഖപ്പെടുത്തിയും, ആവശ്യമായതിലധികം സ്റ്റീൽ വിനിയോഗിച്ചതായി രേഖപ്പെടുത്തിയും

3,18,001/-രൂപ ക്രമവിരുദ്ധമായി ചെലവുചെയ്തു. ടി തുക എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തിരുന്നതിനു വിരുദ്ധമായി നടത്തിയ പ്രവർത്തിക്കും ശാസ്ത്ര സാങ്കേതിക സ്ഥാപനത്തിന്റെ നിർദ്ദേശം അവഗ ണിച്ച് നടത്തിയ പ്രവർത്തിക്കും പ്രണമനുവദിച്ച ചീഫ് എക്സിക്യൂട്ടീവിൽ നിന്നും ഈടാക്കേണ്ടതാണ്.

***നഷ്ടത്തിനുത്തരവാദിയായ ഉദ്യോഗസ്ഥർ***: *1. ശ്രീ.ടി.എസ്.ശശിധരൻ, ചീഫ് എക്സി.ഓഫീസർ*
*2. ശ്രീ.കെ.ശ്യാമപ്രസാദ്, ചീഫ് എക്സി ഓഫീസർ*

## 3.6. ലക്ഷ്യം കൈവരിക്കാത്ത പദ്ധതികൾ

*കൃഷി, അനുബന്ധ മേഖല, ഭവന നിർമ്മാണം, വ്യവസായം, ഭൗതിക സാഹചര്യം വർദ്ധിപ്പിക്കൽ, ജലസേചനം, വൈദ്യുതീകരണം, മാലിന്യ സംസ്കരണം തുടങ്ങിയ വിവിധ മേഖലകളിലെ പ്രോജക്ടുകൾ ഉദ്ദേശലക്ഷ്യം നേടിയിട്ടില്ല. പദ്ധതി രൂപീകര ണത്തിലെ ദീർഘവീക്ഷണമില്ലായ്മ, കാര്യക്ഷമമായ മോണിറ്ററിംഗിന്റെ അഭാവം എന്നിവ ഇതിനുകാര ണങ്ങളാണ്. വ്യവസായ മേഖലകളിലെ പ്രോജക്ടുകളിൽ അസംസ്കൃ ത സാധനങ്ങൾ വാങ്ങുന്നതിലെ ഉത്സാഹം പിന്നീടുള്ള പദ്ധതി നടത്തിപ്പിൽ കാ ണുന്നില്ല. വ്യവസായ പ്രോജക്ടുകൾ അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിൽമാത്രം ഒതുങ്ങുന്ന ഇത്തരം സാഹചര്യം ഉണ്ടാകാതിരിയ്ക്കാൻ ദീർഘവീക്ഷണത്തോടെ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതും, കൃത്യമായ മോണിറ്ററിംഗ് നടത്തേണ്ടതുമാണ്. ഇത്തരത്തിൽ ഉദ്ദേശലക്ഷ്യം കൈവരിയ്ക്കാത്ത പ്രോജക്ടുകളുടെ ഏതാനും വിവരങ്ങൾ ചുവടെ ചേർക്കുന്നു.*

### 3.6.1.പുതുക്കോട് ഗ്രാമപഞ്ചായത്ത്-പാലക്കാട് ജില്ല

/ ***പദ്ധതികൾ ഭൗതിക ലക്ഷ്യം കൈവരിച്ചിട്ടില്ല.***
*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ: 3.3*

പുതുക്കോട് ഗ്രാമപഞ്ചായത്തിൽ 2 പദ്ധതികൾക്കായി 25.63 ലക്ഷം രൂപ ചെലവഴിച്ചുവെങ്കിലും പദ്ധതി നാളിതുവരെ പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായില്ല.

| ക്രമ നം. | പദ്ധതി | ചെലവഴിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | കല്യാണ മണ്ഡപം | 1119940 | 09.07.05 ന് ഉദ്ഘാടനം നടത്തിയെങ്കിലും കല്യാണ മണ്ഡപം അപകടാവസ്ഥയിലാണ് എന്ന സാങ്കേതിക വിദഗ്ദ്ധന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 8/06 മുതൽ ഉപയോഗിക്കുന്നില്ല. |
| 2 | ജല സംഭരണി | 1443955 | 09.07.05 ന് വാട്ടർ ടാങ്കിന്റെ ഉദ്ഘാടനം നടത്തി. വാട്ടർ ടാങ്ക് വാട്ടർ അതോറിറ്റിയ്ക്ക് കൈമാറുകയോ ജലവിതര ണത്തിന് ഉപയോഗപ്രദമാക്കുകയോ ചെയ്തിട്ടില്ല. |
| | ആകെ | 2563895 | |

## 3.6.2.ചേളന്നൂർ ഗ്രാമപഞ്ചായത്ത് - കോഴിക്കോട് ജില്ല

### *കൊപ്രഡ്രയർ, മില്ലിങ് യൂണിറ്റുകൾ സ്ഥാപിക്കൽ:*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക : 3-8*

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് അതാതു വാർഡുകളിൽ സ്ഥലം കണ്ടെത്തി കേരശ്രീ, കൊപ്രഡ്രയർ യൂണിറ്റുകളും പഞ്ചായത്ത് വക കെട്ടിടത്തിൽ ഒരു വെളിച്ചെണ്ണ മില്ലിങ് യൂ ണിറ്റും സ്ഥാപിക്കുന്നതിനാണ് പ്രൊജക്ട്. ഇതു പ്രകാരം 4,00,662/-രൂപ ചെലവഴിച്ച് റെയ്ഡ്കോയിൽ നിന്നും 5 കൊപ്ര ഡ്രയറുകളും 5 വെയിങ് മെഷീനും ഒരു മില്ലിങ് മെഷീനും അനുബന്ധ ഉപകരണങ്ങളും വാങ്ങി, 5 കേരശ്രീ യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്. യൂണിറ്റുകൾ നേരിട്ട് പരിശോധിച്ചതിൽ വൈദ്യുതി ലഭിക്കാത്ത തിനാൽ ചേളന്നൂർ കേരശ്രീ മില്ലിങ് യൂണിറ്റിന് നൽകിയ 2,32,863/-രൂപ വിലയുള്ള ഉപകരണ ങ്ങൾ പ്രവർത്തിക്കുന്നില്ലെന്നും തുരുമ്പെടുക്കുന്നതായുംകണ്ടു. കൂടാതെ മേൽയൂണിറ്റിന് ആവശ്യമായ 26,000/-രൂപ വിലയുള്ള കൗണ്ടർ ഷാഫ്റ്റ്ബെൽറ്റ്, പണമടച്ചെങ്കിലും നാളിതുവരെ സപ്ലൈ ചെയ്തിട്ടില്ല. 5 കൊപ്രഡ്രയർ യൂണിറ്റുകൾ വിതരണം ചെയ്തതിൽ 4 എണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഉപകരണങ്ങൾ ഉപയോഗിക്കാതെ നശിക്കുകയാണ്. ഇത് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമാണ്. മാത്രമല്ല പ്രോജക്ടിൽ നിർദ്ദേശിച്ച രീതിയിലുള്ള മോണിറ്ററിംഗ് നടന്നതായും കാണുന്നില്ല.

## 3.6.3.പൂതാടി ഗ്രാമപഞ്ചായത്ത് -വയനാട് ജില്ല

### *തുരുത്തിലോട്ട് കുന്ന് ജലസേചന പദ്ധതി:*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക: 3-1*

തുരുത്തിലോട്ട്കുന്ന് ജലസേചന പദ്ധതിക്കായി 1998-99 പദ്ധതി വിഹിതം ഇനത്തിൽ 85000/-രൂപയും, ഗുണഭോക്തൃ വിഹിതമായി 8500/-രൂപയും ആയി വകയിരുത്തി നടപ്പിലാ ക്കാൻ തീരുമാനിച്ചു. പ്രോജക്ടിൽ വിഭാവനം ചെയ്തത് 12 അടി വിസ്താരമുള്ള കിണർ, പമ്പ് ഹൗസ് നിർമ്മിക്കുക, 10 എച്ച്.പി.ഡീസൽ മോട്ടോർ സ്ഥാപിക്കുക ഇവയായിരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത് കിണർ കുഴിക്കലും, പമ്പ് ഹൗസ് നിർമ്മിക്കലും ആണ്. ഈ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയതിൽ എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഉണ്ടെന്നും ജലസേചന സൗകര്യം ലഭ്യമായാൽ നെല്ലുൽപ്പാദനം വർദ്ധിക്കുകയോ, ഒരുപ്പൂകൃഷി ഇരുപ്പൂകൃഷിയിലേക്ക് മാറുമ്പോൾ ഉണ്ടാകുന്ന സാങ്കേതികവും മറ്റുമായ പ്രശ്നങ്ങളെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തുകയോ ചെയ്തതായി കാണുന്നില്ല. 1998-99 കാലയളവിൽ 80268/-രൂപ ഈ പദ്ധതി ക്കായി ചെലവഴിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായി പദ്ധതിയുടെ പ്രവർത്തനം പൂർണ്ണരൂപ ത്തിൽ നടപ്പിലാക്കാൻ സാധിച്ചിട്ടുമില്ല. കൂടാതെ നിർമ്മിച്ച കിണറും പമ്പ്ഹൗസും കാട്പിടിച്ച് നശിച്ച അവസ്ഥയിലുമാ ണ്. പദ്ധതി പൂർണ്ണമായും പൂർത്തീകരിക്കാത്തതിനാൽ/ഉദ്ദേശ

ലക്ഷ്യങ്ങൾ നേടാത്തതിനാൽ ചെലവഴിച്ച 80268/-രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടേണ്ടതാണ്.

***ഉത്തരവാദിയായ ഉദ്യോഗസ്ഥൻ**: 1998-99 കാലയളവിലെ സെക്രട്ടറി.*

## 3.6.4.പനമരം ഗ്രാമപഞ്ചായത്ത് - വയനാട് ജില്ല

### *ജൈവവള നിർമ്മാണ പ്ലാന്റ് സ്ഥാപനം പണി പൂർത്തീകരിച്ചില്ല:*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക: 3-1*

ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽനിന്നും ശേഖരിക്കുന്ന മാലിന്യം ഒരു സ്ഥലത്ത് സംഭരിച്ച് ശാസ്ത്രീയമായി സംസ്കരിച്ച്ജൈവവളം ഉൽപ്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയതാണ് ഈ പ്രോജക്ട്. 2008-09 സാമ്പത്തിക വർഷംവരെ ആകെ 513622/-രൂപ ഈ പ്രോജക്ടിനായി ചെലവഴിച്ചുവെങ്കിലും പ്ലാന്റ് നിർമ്മാണം പൂർത്തീകരിച്ച് ജൈവവള നിർമ്മാണം ഇതുവരെ സാധിച്ചിട്ടില്ല. ഓഡിറ്റ്സംഘം ഈ സ്ഥലം നേരിൽ പരിശോധിച്ചു. പഞ്ചായത്ത് അധീനതയിലുള്ള സ്ഥലം മതിലോ കമ്പിവേലിയോ കെട്ടി സംരക്ഷിച്ചിട്ടില്ല. പ്ലാന്റ് നിർമ്മാണം കേവലം ഷെഡ്ഡ് നിർമ്മാണത്തിൽ അവശേഷിക്കുകയും പരിസരമാകെ നിക്ഷേപിക്കപ്പെട്ട മാലിന്യം കുന്നുകൂടി കിടക്കുകയുമാണ്. ശരിയായ ആസൂത്രണമില്ലാതെ നടപ്പാക്കിയ ഈ പ്രോജക്ടിനായി ചെലവഴിച്ചപണം പാഴ്ചെലവായിമാറി. പദ്ധതിയിൽ വിഭാവനംചെയ്ത ലക്ഷ്യം കൈവരിക്കുന്നതിനായി സത്വരവും കാര്യക്ഷമവുമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

## 3.6.5.രാമന്തളി ഗ്രാമപഞ്ചായത്ത് - കണ്ണൂർ ജില്ല

### *പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ:*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക: 3-5*

1. ഏതാണ്ട് 11 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച വ്യവസായ കേന്ദ്രത്തിന്റെ പണി 2000-01 ൽ പൂർത്തിയായെങ്കിലും 2005-06 വർഷത്തിൽ മാത്രമാണ് ഉദ്ഘാടനം നടന്നത്. പണി പൂർത്തീകരിച്ച് 7 വർഷം കഴിഞ്ഞിട്ടും ബൈലോ തയ്യാറാക്കാത്തതിനാൽ വ്യവസായ കേന്ദ്രം ഉപയോഗിക്കുവാൻ സാധിച്ചില്ല.

2. വൃദ്ധൻമാരുടെ ക്ഷേമത്തിനായി നീക്കിവെച്ച 2,49,801/- രൂപ ചെലവഴിച്ച് നിർമിച്ച പുന്നക്കടവ് മത്സ്യമാർക്കറ്റ് ഓഡിറ്റ് തീയതി (31.07.07) വരെ ഉപയോഗിക്കാൻ സാധിച്ചില്ല.

3. കൊപ്ര ഡ്രയർ നിർമ്മാണ പദ്ധതിക്കായി ചുറ്റുമതിൽ നിർമ്മാണം അടക്കം 1,38,842/- രൂപ ചെലവഴിച്ചു. 31.03.03 നകം പൂർത്തിയാക്കാൻ വിഭാവനം ചെയ്ത പദ്ധതി ഇതേവരെയായി പൂർത്തിയാക്കുകയോ കൺവീനർക്ക് നൽകിയ തുക ഈടാക്കിയതായോ കാണുന്നില്ല.

## 3.6.6.റാന്നി ബ്ലോക്ക് പഞ്ചായത്ത് - പത്തനംതിട്ട ജില്ല

### *ആറുവച്ചാൻ കുഴി – ഇടകടത്തി – കുറുമ്പൻ മൂഴിക്കോട് റോഡ് നിർമ്മാണം (നബാർഡ്)*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06(ചെലവ്) ഖണ്ഡിക: 2-6*

നബാർഡിന്റെ സഹായത്തോടെ റോഡ് നിർമ്മാണം പൂർത്തീകരിക്കുവാൻ 70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 25% ടെണ്ടർ കുറവിന് 12.11.2002-ൽ ബിജുമോൾ റഷീദ് എന്ന കരാറുകാരിയുമായി ഉടമ്പടി വയ്ക്കുകയും ചെയ്തിരുന്നു. പെർഫോമൻസ് ഗ്യാരന്റി വയ്ക്കാതെയാണ് കരാർ ഉറപ്പിച്ചു നൽകിയത്. സമയബന്ധിതമായി പ്രവൃത്തി ചെയ്യാതെ ഇപ്പോൾ ഉപേക്ഷിച്ച നിലയിലാണ്. രണ്ട് പാർട്ട്ബില്ലുകളിലായി നാളിതുവരെ കരാറുകാരിയ്ക്ക് 8,76,144/-രൂപ നൽകി. കാലതാമസത്തിന് നിയമാനുസൃതമുള്ള ഫൈൻ ഈടാക്കുവാൻ തീരുമാനിച്ചുവെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. നീട്ടിക്കൊടുത്ത കാലാവധിക്കുള്ളിലും പ്രവൃത്തി പൂർത്തീകരിക്കാതെ കരാറുകാരി 10.03.2007-ൽ പഞ്ചായത്തിനെതിരെ നിയമനടപടി സ്വീകരിക്കുമെന്ന് സൂചിപ്പിച്ചുകൊണ്ട് കത്ത് നൽകിയതിനെതുടർന്ന് കരാർ റദ്ദുചെയ്തു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം ജനങ്ങൾ പാർക്കുന്ന അവികസിത മേഖലയുടെ വികസനം ലക്ഷ്യമിട്ടു തയ്യാറാക്കിയ ടി പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കരാറുകാരിയുടെ ഭാഗത്തുനിന്നും പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും ഗുരുതരമായ അനാസ്ഥ ഉണ്ടായിട്ടുണ്ട്.

*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ: ശ്രീ.വി.സനിൽകുമാർ, സെക്രട്ടറി.*

## 3.6.7.മതിലകം ബ്ലോക്ക് പഞ്ചായത്ത് - തൃശ്ശൂർ ജില്ല

### *വ്യവസായ വിപണന കേന്ദ്രം – വൈദ്യുതീകരണം നടത്തിയിട്ടില്ല:*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004-05, ഖണ്ഡിക നമ്പർ: 3-11*

പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് പരിധിയിൽ മേൽ കെട്ടിടത്തിന്റെ പണി 04.10.2004 ൽ പൂർത്തീകരിച്ചെങ്കിലും നാളിതുവരെ വൈദ്യുതീകരിച്ച് ഉപയോഗ യോഗ്യമാക്കിയിട്ടില്ല.

2002-03-ൽ 12,80,337/-രൂപ എസ്റ്റിമേറ്റ് കണക്കാക്കി 4000 ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിൽ നിർമ്മിച്ച കെട്ടിടത്തിന് 1199748/-രൂപ നിർമ്മാണചെലവ് നിശ്ചയിച്ച് നികുതികൾ കഴിച്ച് ബാക്കി തുക നൽകിയിട്ടുണ്ട്.

04.10.04 ൽ പണി പൂർത്തീകരിച്ച കെട്ടിടം വൈദ്യുതീകരിക്കുന്നതിന് 1,80,000/-രൂപ എസ്റ്റിമേറ്റ് നിശ്ചയിച്ച് 2006-07ൽ 90/06 നമ്പരായി പ്രോജക്ട് ഉൾപ്പെടുത്തുകയും നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച നിർമ്മിതി കേന്ദ്രത്തിന് 06.09.07 ൽ 36,000/-രൂപ അഡ്വാൻസ് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പണി പൂർത്തീകരിച്ച് നാളിതുവരെയായിട്ടും കെട്ടിടം ഉപയോഗ യോഗ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാതിരുന്നതിനുള്ള കാരണം വ്യക്തമല്ല. വ്യക്തമായ മറുപടി ഇക്കാര്യത്തിൽ നൽകേണ്ടതാണ്.

***ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:*** *ശ്രീ.കെ.ആർ.ദേവദാസ്, ബി.ഡി.ഒ & സെക്രട്ടറി.*

## 3.6.8.തിരൂർ ബ്ലോക്ക് പഞ്ചായത്ത് - മലപ്പുറം ജില്ല

***ടൂറിസ്റ്റ് കേന്ദ്രത്തിലേക്ക് ബോട്ടുകൾ വാങ്ങിയത്***

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06 (ചെലവ്), ഖണ്ഡിക: 2(6)*

| പ്രൊ.നം. | തുക |
|---|---|
| 087/03-04 | 1086437/-രൂപ |
| 124/04-05 | 584714/-രൂപ |
| | 1671151/-രൂപ |
| | ====== |

മേൽ പ്രൊജക്ട് പ്രകാരമുള്ള ചെലവ് സംബന്ധമായ വിശദാംശം നേരിട്ട് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണപ്പെട്ടു.

ഏഴ് ബോട്ടുകളുംഅനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ടെങ്കിലും എല്ലാം സമീപപ്രദേശങ്ങളിൽ ഉപയോഗരഹിതമായി കിടക്കുകയാണ്. ബോട്ടുകൾ പ്രവർത്തിപ്പിക്കാനുള്ള മോട്ടോറുകൾ പോലും ഘടിപ്പിച്ചിട്ടില്ല.

കൂടാതെ പ്രൊജക്ട് നം.125/04-05 പ്രകാരം അഴിമുഖത്ത് വാഹന പാർക്കിംഗ് സൗകര്യത്തിനായി 398282/-രൂപ ചെലവിൽ പാർക്കിംഗ് സൗകര്യം നിർമ്മിച്ചതായി എം.ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ടി സ്ഥലം നേരിൽ പരിശോധിച്ചതിൽ പാർക്കിംഗ് സൗകര്യം തയ്യാറാക്കി ഉദ്ഘാടനം നിർവ്വഹിച്ചതായി ഒരു ശിലാഫലകം കണ്ടെങ്കിലും അത്തരത്തിലുള്ള പാർക്കിംഗ് സ്ഥലം കണ്ടെത്താൻ കഴിഞ്ഞില്ല.

## 3.6.9.കൊല്ലം ജില്ലാ പഞ്ചായത്ത്- കൊല്ലം ജില്ല

***ആയൂർ കളക്ടീവ് ഡയറി ഫാമിൽ കിടാരി വളർത്തൽ:***

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക: 3.18*

ആയൂർ കോ-ഓപ്പറേറ്റീവ് കളക്ടീവ് ഡയറി ഫാം സൊസൈറ്റിക്ക് കൊല്ലംജില്ലാ പഞ്ചായത്തിൽ നിന്ന് കിടാരി വളർത്തലുമായി ബന്ധപ്പെട്ട് പദ്ധതി (പദ്ധതി നം.644/02-03) ആസൂത്രണം ചെയ്ത് ഡയറി ഡെവലപ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിക്ക് 1998-1999 മുതൽ 2005-06 വരെ 12,89,984/-രൂപ (പന്ത്രണ്ട് ലക്ഷത്തി എൺപത്തൊമ്പതിനായിരത്തി തൊള്ളായിരത്തി എൺപത്തിനാല് രൂപ) നൽകിയിട്ടുണ്ട്. 10 മുതൽ 15 മാസംവരെ പ്രായമുള്ള കിടാരികളെ വാങ്ങി ശാസ്ത്രീയമായി പരിചരണം നൽകി ഗർഭവതികളാക്കി ന്യായവിലയ്ക്ക് കർഷകർക്ക് വിൽക്കാനായിരുന്നു പദ്ധതിയുടെ ലക്ഷ്യം. 12,89,984/-രൂപ ഈ പദ്ധതിയ്ക്കായി ചെലവഴിച്ചപ്പോൾ 2005-06 വരെ 50 കിടാരികളെ വാങ്ങി പരിപാലിച്ച് വിൽപ്പന നടത്തിയതിൽ 6,17,103/-രൂപ (ആറുലക്ഷത്തി പതിനേഴായിരത്തി നൂറ്റിമൂന്ന് രൂപ) മാത്രമാണ് ടി സൊസൈറ്റിക്ക് ലഭിച്ചിട്ടുള്ളത്. ആയതിനാൽ 2005-06 വർഷംവരെ 6,72,881/-രൂപ (ആറുലക്ഷത്തി എഴുപത്തിരണ്ടായിരത്തി എണ്ണൂറ്റി എൺപത്തൊന്ന് രൂപ) നഷ്ടം സംഭവിച്ചിട്ടുണ്ട്. നിലവിൽ ഈ സൊസൈറ്റി പ്രവർത്തന രഹിതമാണെന്ന് വ്യക്തമാ

യിട്ടുണ്ട്. ദീർഘവീക്ഷണത്തോടെ പദ്ധതികൾ ആസൂത്രണംചെയ്ത് പ്രവർത്തനം വിലയിരുത്തുന്നതിലും കാലാകാലങ്ങളിൽ അവലോകനം നടത്തുന്ന തിലും വീഴ്ച വരുത്തിയതുമൂലം പദ്ധതി പരാജയപ്പെടുകയും 6,72,881/-രൂപയുടെ സാമ്പത്തികബാദ്ധ്യത ഉണ്ടാവുകയും ചെയ്തു.

## 3.6.10. കണ്ണൂർ നഗരസഭ

### *(എ). ഒരു ലക്ഷം ഭവനപദ്ധതി വായ്പത്തുക ഈടാക്കാൻ നടപടി സ്വീകരിച്ചില്ല:*

*ഓഡിറ്റ് റിപ്പോർട്ട്: 2006-07, ഖണ്ഡിക: 3-35*

ഒരു ലക്ഷം ഭവനപദ്ധതി നടപ്പിലാക്കാനായി കണ്ണൂർ നഗരസഭയിലെ സി.ഡി.എസ് ഹഡ്കോയിൽ നിന്നും എടുത്ത ലോൺ തിരിച്ചടക്കുന്നതിൽ വീഴ്ച വന്നപ്പോൾ റവന്യൂ റിക്കവറി നടപടികൾ ഉണ്ടാവുകയും കുടിശ്ശിക തുകയായ 9,03,134/-രൂപയും കളക്ഷൻ ചാർജ്ജായി 45,157/-രൂപയും നഗരസഭയുടെ തനത്ഫണ്ടിൽ നിന്ന് ഒടുക്കുകയുണ്ടായി. വായ്പതുക ഗുണഭോക്താക്കളിൽ നിന്നും ഈടാക്കുന്നതിൽ ഗുരുതരമായഅലംഭാവമാ ണ് നഗരസഭയിലെ സി.ഡി.എസ് കാണിച്ചത്. മുതലും പലിശയും ചേർത്ത് ഒരു ഗുണഭോക്താവിൽ നിന്നും 9/08 വരെ 23,000/-രൂപയോളം പിരിച്ചെടുക്കേണ്ട സ്ഥാനത്ത് വെറും 250/-രൂപ മാത്രം ഒടുക്കിയ വരുണ്ട്. തിരിച്ചടവ് പട്ടികയനുസരിച്ച് തന്നെ പ്രതിമാസ ഗഡു 624/-രൂപയാകുമെന്നിരിക്കേ പ്രതിമാസം 150/-രൂപ വെച്ച് ഈടാക്കാൻ പ്രോജക്ട് ഓഫീസർ ഫയലിൽ നിർദ്ദേശം നൽകി കാണുന്നു. ഗുണഭോക്താവും സി.ഡി.എസും തമ്മിലുണ്ടാക്കിയ എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം തുക ഈടാക്കാൻ നടപടി സ്വീകരിച്ചില്ല. റവന്യൂറിക്കവറി നടപടി ഉണ്ടായപ്പോൾ തുക നഗരസഭാ ഫണ്ടിൽ നിന്ന് ഒടുക്കുകയാണുണ്ടായത്. കമ്യൂണിറ്റി ഓർഗനൈസറുടെ റിപ്പോർട്ട് പ്രകാരം 10 ഗുണഭോക്താക്കൾ തിരിച്ചടവ് പൂർത്തിയാക്കുന്നതിനു മുൻപ് വീട് വിറ്റുപോകുക യുണ്ടായി. ഗുണഭോക്താക്കളുമായി സി.ഡി.എസ് ഉണ്ടാക്കിയ കരാർ പരിശോധിച്ചപ്പോൾ 49 കേസുകളിൽ ഒപ്പുവച്ച തീയതിക്കു ശേഷമാണ് മുദ്രക്കടലാസിന്റെ തീയതി എന്ന് കാണാൻ കഴിഞ്ഞു. ഇത് കരാറിന്റെ പ്രാബല്യം തന്നെ ഇല്ലാതാക്കാൻ പര്യാപ്തമാണ്. സ്വന്തമായി സ്ഥലമില്ലാത്തവർക്കുപോലും വീട് വെക്കാൻ തുക അനുവദിച്ചതും തറ നിർമ്മാണം മാത്രം പൂർത്തിയാക്കിയ ഗുണഭോക്താവിന് മുഴുവൻ തുകയുംഅനുവദിച്ചതും ശ്രദ്ധയിൽപ്പെട്ടു. 3 ഗുണഭോക്താക്കൾ ഈ പദ്ധതിയിൻകീഴിൽ നിർമ്മിച്ച വീട് വാടകക്ക് കൊടുത്തിരിക്കുന്നതായും കണ്ടെത്താൻ കഴിഞ്ഞു. നഗരങ്ങളിൽ താമസിക്കുന്ന വീടില്ലാത്ത ദരിദ്രർക്ക് പാർപ്പിടം ലഭ്യമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ പദ്ധതി ഉദ്ദേശ ലക്ഷ്യം കൈവരിക്കാതെ പോകുകയും ഉത്തരവാദപ്പെട്ടവരുടെ അലംഭാവംമൂലം നഗരസഭക്ക് വൻ ബാധ്യത ഉണ്ടാക്കുകയും ചെയ്തു.

***തുക ഒടുക്കിയതിന് ഉത്തരവാദി:*** *ശ്രീ.ബി.ഇന്ദ്രബാലൻപിള്ള, ഗൗരി, കോട്ടക്കകം, തൃക്കടവൂർ, പെരിനാട്.പി.ഒ, കൊല്ലം ജില്ല.*

***പദ്ധതി നടത്തിപ്പിലെ മറ്റ് ക്രമക്കേടുകൾക്കുത്തരവാദി*** : *ശ്രീ.വി.പി.അബ്ദുൾസലാം എം.കെ.ഹൗസ്, കൊല്ലാത്ത് പറമ്പ് തലശ്ശേരി -670 103.*

**(ബി). ഖരമാലിന്യ സംസ്ക്കരണം**
*ഓഡിറ്റ് റിപ്പോർട്ട്: 2006-07, ഖണ്ഡിക: 3-5*

കണ്ണൂർ നഗരസഭയിൽ ഖരമാലിന്യങ്ങളുടെ ശാസ്ത്രീയമായ സംസ്ക്കരണം നടത്തുന്നതിനുള്ള നടപടികൾ ഇതുവരെ നടപ്പിലായിക്കഴിഞ്ഞിട്ടില്ല. ബി.ഒ.ടി.അടിസ്ഥാനത്തിൽ പ്ലാന്റ് സ്ഥാപിക്കാൻ ഐ.സി.ഐ.സി.ഐ-കിൻഫ്ര എന്ന സ്ഥാപനവുമായി കരാർ ഒപ്പിടുകയുണ്ടായി. ഈ സ്ഥാപനത്തിന് മൊബിലൈസേഷൻ അഡ്വാൻസ് ആയും ഇടക്കാല പേമെന്റ് ആയും രണ്ടു തവണയായി 7,29,560/-രൂപ അനുവദിക്കുകയും ചെയ്തു. എന്നാൽ എഗ്രിമെന്റിലെ വ്യവസ്ഥ പ്രകാരം 4 മാസത്തിനകം പ്രവൃത്തി കോൺട്രാക്ട് നൽകാനുള്ള നടപടികൾ കിൻഫ്ര സ്വീകരിച്ചതായി കാണുന്നില്ല. കിൻഫ്രയെ ഒഴിവാക്കിക്കൊണ്ട് യു.ഐ.ഡി.എസ്.എസ്.എം.ടി.യുടെ ധനസഹായത്തോടെ നാലരകോടിയോളം രൂപ അടങ്കലുള്ള മറ്റൊരു മാലിന്യ സംസ്ക്കരണ പദ്ധതിയാണ് ഇപ്പോൾ നഗരസഭയുടെ പരിഗണനയിലുള്ളത്. കിൻഫ്രക്ക് മുൻകൂറായി നൽകിയ തുക നഗരസഭക്ക് നഷ്ടമായിരിക്കുകയാണ്. അഡ്വാൻസ് തുക തിരികെ ഈടാക്കിയിട്ടില്ല.

| ക്രമ നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും വിലാസവും | ചെലവു തുക |
|---|---|---|
| 1 | ശ്രീ.ടി.സന്തോഷ്, അഴകത്ത് ഹൗസ്, തെക്കേവിള പി.ഒ, കൊല്ലം ജില്ല. | 5,05,080/- |
| 2 | ശ്രീ.ബി.ഇന്ദ്രബാലൻപിള്ള, ഗൗരി, കോട്ടക്കകം, തൃക്കടവൂർ, പെരിനാട് പി.ഒ, കൊല്ലം ജില്ല. | 2,24,480/- |
| | ആകെ | 7,29,560/- |

## 3.7. രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല/ ഓഡിറ്റിന് ഹാജരാക്കുന്നില്ല

*പദ്ധതി നിർവ്വഹണ രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിൽ ഉദ്യോഗസ്ഥർ വീഴ്ചവരുത്തുന്നതുമൂലം പദ്ധതിചെലവിന്റെ നിജസ്ഥിതി വിലയിരുത്താൻ കഴിയുന്നില്ല. വ്യക്തിഗത ആനുകൂല്യങ്ങൾ അർഹരായവർക്കാണോ ലഭിയ്ക്കുന്നതെന്ന് വിലയിരുത്തുന്നതിനും, പദ്ധതിതുകയുടെ ദുർവിനിയോഗം സംബന്ധിച്ച വിവരങ്ങൾ വിലയിരുത്തുന്നതിനും രേഖകൾ ഹാജരാക്കാത്തതുമൂലം കഴിയുന്നില്ല. അതുപോലെ കൃത്യമായ രേഖകളും അവശ്യംവേണ്ട രജിസ്റ്ററുകളും സൂക്ഷിക്കാത്തതും ശരിയായി കാര്യങ്ങൾഅപ ഗ്രഥിക്കുന്നതിന് തടസ്സമുണ്ടാക്കുന്നുണ്ട്. തെരഞ്ഞെടുത്ത ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.*

## 3.7.1.കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്-ആലപ്പുഴ ജില്ല

***ചെറുകിട വ്യവസായം (വികലാംഗർ)***

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക: 3-19*

പഞ്ചായത്തിലെ സ്ഥിരതാമസക്കാരും വികലാംഗരുമായ 10 ഗുണഭോക്താക്കൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുക എന്ന പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് ബാങ്ക് ലോൺ ലഭ്യമാകുന്ന മുറയ്ക്ക് 10,000/- രൂപ സബ്സിഡി ഇനത്തിൽ അനുവദിച്ചു നൽകുക എന്നതായിരുന്നു ലക്ഷ്യം. പദ്ധതിയ്ക്കായി വകയിരുത്തിയിരുന്ന 1,00,000/-രൂപ പിൻവലിച്ച് കാനറാ ബാങ്കിന്റെ കായംകുളം ശാഖയിൽ ഒടുക്കി. ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ അർഹത, ബാങ്ക് ലോൺ ലഭ്യമാക്കിയതിന്റെ രേഖകൾ, ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ തുടങ്ങിയവ രേഖാമൂലം ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല. നേരിട്ട്അന്വേഷ ണം നടത്തിയതിൽ 6 ഗുണഭോക്താക്കൾക്ക് മാത്രമാണ് വായ്പ ലഭ്യമായിട്ടുള്ളതെന്നും സബ്സിഡി ഇനത്തിൽ പിൻവലിച്ച തുക വിതരണം നടത്തിയിട്ടില്ലായെന്നും കാണുകയുണ്ടായി. ബാങ്ക് വായ്പ ലഭ്യമാക്കുന്നതിന് മുമ്പ് പദ്ധതിപ്പണം പൂർണ്ണമായും പിൻവലിച്ച് ബാങ്കിൽ നിക്ഷേപിച്ചത് ക്രമപ്രകാരമല്ല. ആനുകൂല്യം കൈപ്പറ്റിയ ഗ്രൂപ്പുകൾ ആയത് ഫലപ്രദമായി ഉപയോഗിച്ചുവെന്നതിനും രേഖകളില്ല. ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3.7.2.ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്- ഇടുക്കി ജില്ല

***ആശ്രയ ഭവന നിർമ്മാണ പദ്ധതി***

*ഓഡിറ്റ് റിപ്പോർട്ട് വർഷം 2004-05, ഖണ്ഡിക 3-7*

ആശ്രയ ഭവനനിർമ്മാണപദ്ധതി (പ്രോജക്ട് നം.എസ്.ഒ.ഒ.36, എസ്.ഒ.ഒ.73, എസ്.ഒ.ഒ.33) പ്രകാരം ഗുണഭോക്താക്കൾക്ക് നിർമ്മാണസാമഗ്രികൾ വാങ്ങിയതിലേക്കായി സ്വകാര്യസ്ഥാപന ത്തിന് 5,21,197/-രൂപ (അഞ്ചുലക്ഷത്തി ഇരുപത്തി ഒന്നായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റി ഏഴ്) ചെക്ക് നമ്പർ:970261/തീയതി: 29.01.2005 പ്രകാരം നൽകി. വൗച്ചറിനോടൊപ്പമുള്ള ബില്ലും രസീതും പരിശോധിച്ചതിൽ സ്വകാര്യ സ്ഥാപനത്തിന്റെ ലെറ്റർഹെഡ്ഡിൽ തയ്യാറാക്കിയ ബില്ലിൽ സ്വകാര്യ സ്ഥാപനവുമായി ബന്ധപ്പെട്ട ആരുംതന്നെ ഒപ്പ് വെച്ചിട്ടില്ല. സ്വകാര്യസ്ഥാപനത്തിനു കൈമാറിയ തുക കൈപ്പറ്റിയതായി കാണിച്ചിട്ടുള്ള രസീതിലുള്ള റവന്യൂസ്റ്റാമ്പിൽ ആരും ഒപ്പ് വെച്ചിട്ടില്ല. കൂടാതെ നിർമ്മാണ സാമഗ്രികൾ വാങ്ങാനായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെയോ ക്വട്ടേഷൻ ലഭിച്ചതിന്റെയോഅംഗീകരിച്ചതിന്റെയോ വിതരണംചെയ്ത സാധനങ്ങളുടെ ഗുണമേന്മയെപ്പറ്റിയോ യാതൊരു വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട ഫയൽ ഓഡിറ്റിന്റെ പരിശോധനയ്ക്ക് നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ 5,21,197/- (അഞ്ചുലക്ഷത്തി ഇരുപത്തി ഒന്നായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റി ഏഴ് രൂപ) തടസ്സപ്പെടുത്തുന്നു.

## 3.7.3.തൃശ്ശൂർ ജില്ല

### *വിവിധ ആവശ്യങ്ങൾക്കായി തുകകൾ ചെലവഴിച്ചതിന് രേഖകളില്ല:*

ജില്ലയിലെ ബ്ലോക്ക്പഞ്ചായത്തുകൾ വിവിധ ആവശ്യങ്ങൾക്കായി ചെലവഴിച്ച തുകയുടെ രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്കായി ഹാജരാക്കുകയുണ്ടായില്ല. രേഖകൾ ഹാജരാക്കാത്ത തിനാൽ ചെലവിന്റെ നിജസ്ഥിതി മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 88,88,593/-രൂപ ചെലവുരേഖകൾ ഹാജരാക്കുന്നതിനുവേണ്ടി ഓഡിറ്റിൽ തടസ്സ പ്പെടുത്തുന്നു. വിശദവിവരം താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | ബ്ലോക്ക്പഞ്ചായത്തിന്റെ പേര് | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | ചാവക്കാട് | 1999-00 | 2-4 | 53120 | ശ്രീ.പി.ഇബ്രാഹിംകുട്ടി, എക്സ്റ്റൻഷൻ ഓഫീസർ. ഐ.ആർ.ഡി. |
| | | 1997-98 | 2-6 | 396583 | ശ്രീ.എം.അബ്ദുൾസലാം, സെക്രട്ടറി |
| | | 2000-01 | 2-4(ബി) | 300000 | ശ്രീ.കെ.വി.ജോസഫ്, സെക്രട്ടറി |
| | | 2000-01 | 2-7 | 367256 | ശ്രീ.പി.ഇബ്രാഹിംകുട്ടി, എക്സ്റ്റൻഷൻ ഓഫീസർ.ഐ.ആർ.ഡി. |
| | | 2000-01 | 2-9 | 848032 | |
| 2 | ചൊവ്വന്നൂർ | 2003-04 | 3-4(എ) | 7535 | ശ്രീ.കെ.കെ.ഷാജു, സെക്രട്ടറി, |
| | | 2003-04 | 3-4(ബി) | 1178485 | |
| | | 2003-04 | 3-8 | 527608 | |
| | | 2002-03 | 3-3 | 2145097 | ശ്രീ.കെ.കെ.ഷാജു, സെക്രട്ടറി, ശ്രീ.പി.കെ.വിശ്വംഭരൻ(ഇൻചാർജ്) |
| 3 | വെള്ളാങ്കല്ലൂർ | 2002-03 | 3-4 | 241134 | ശ്രീ.പി.ബി.ബാബു സിയാവുദ്ദീൻ, സെക്രട്ടറി. |
| 4 | മുല്ലശ്ശേരി | 2001-02 | 2-3 | 16000 | ശ്രീ.പി.കെ.വിജയൻ, സെക്രട്ടറി |
| 5 | തളിക്കുളം | 2001-02 | 3-1 | 14160 | ലഭ്യമല്ല |
| | | 2001-02 | 3-2 | 8260 | ,, |
| | | 2001-02 | 3-3 | 33040 | ,, |
| 6 | മതിലകം | 2003-04 | 3-8 | 100834 | ,, |
| | ആകെ | | | 6237144 | |

## 3.7.4.കേരള സർവ്വകലാശാല

### *രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല – ബയോ ടെക്നോളജി വകുപ്പ്:*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക: 31*

ബയോടെക്നോളജി വകുപ്പിന്റെ 2005-06, 2006-07 വർഷങ്ങളിലെ വാർഷിക കണക്കുകൾ പരിശോധിക്കുന്നതിന് എത്തിയ ഓഡിറ്റ്ടീമിന് പ്രസ്തുത കണക്കുകളും സുപ്രധാന റെക്കോർഡുകളും ലഭ്യമാക്കിയില്ല. ഓഡിറ്റ് റിക്വിസിഷൻ പ്രകാരം ആവശ്യപ്പെട്ട

രേഖകളും, രജിസ്റ്ററുകളും ലഭ്യമല്ല എന്ന് വകുപ്പ് മേധാവിയുടെ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥൻ അറിയിച്ചു. ഈ വകുപ്പിലെ കണക്കുകളുടെ സൂക്ഷിപ്പിലെ ദയനീയാവസ്ഥ ഡിപ്പാർട്ട്മെന്റിന്റെ ഏറ്റവും അവസാനത്തെ ഓഡിറ്റ് നോട്ടിലും (29.07.05-ൽ പുറപ്പെടുവിച്ച എൽ.എഫ്.കെ.യു.എ.IX.790/05 നമ്പരിലുള്ള 2003-04 വർഷത്തെ ഓഡിറ്റ് നോട്ട്) പരാമർശിച്ചിട്ടുള്ളതാണ്. ലക്ഷക്കണക്കിന് രൂപ വിലമതിക്കുന്ന ശാസ്ത്രഉപകരണങ്ങൾ പായ്ക്കറ്റ്പോലും അഴിക്കാതെ ഗാരന്റി കാലയളവ് കഴിഞ്ഞും സൂക്ഷിച്ചുപോരുന്ന സ്ഥിതിയാണ് കാണുന്നത്.

വാർഷിക കണക്ക് പ്രകാരം 17,18,497/-രൂപ ചെലവ് നടന്നിട്ടുള്ള വകുപ്പിൽ കൃത്യമായ കണക്കുകളും റിക്കാർഡുകളും സൂക്ഷിക്കാത്ത നിലവിലുള്ള ദുരവസ്ഥയ്ക്ക് മാറ്റം വരുത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. വളരെവലിയ ഗവേഷക സാധ്യതകളും വിപുലമായ വികസന സാധ്യതയും ഉള്ള വകുപ്പിന്റെ ഭരണനിർവ്വഹണവ്യവസ്ഥ കാര്യക്ഷമമാക്കാൻ അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.

***ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:*** *ഡോ.ജി.എം.നായർ, പ്രൊഫ.ഇൻ-ചാർജ്ജ്,*
*ബയോ ടെക്നോളജി വകുപ്പ്, കാര്യവട്ടം.*

# 3.8. മുൻകൂർ തുകകൾ ക്രമീകരിക്കാത്തത് സംബന്ധിച്ച്

*വിവിധ സ്ഥാപനങ്ങളിലെ മുൻകൂർ രജിസ്റ്ററുകളുടെ പരിശോധനയിൽ ഭീമമായ തുകകൾ മുൻകൂർ നൽകിയിട്ടുള്ളതായും പ്രസ്തുത തുക നാളിതുവരെ ക്രമീകരിച്ചതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.*

## 3.8.1.കൊല്ലം നഗരസഭ

***മുൻകൂർ നൽകിയ 74,77,628/-രൂപ ക്രമീകരിക്കാത്തത്***

*ഓഡിറ്റ് റിപ്പോർട്ട് 2007-08, ഖണ്ഡിക: 3-42*

അഡ്വാൻസ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ 1989-90 മുതൽ മുൻകൂർ നൽകിയ 74,77,628/-രൂപ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് ഭരണവകുപ്പ് അന്വേഷണം നടത്തി നടപടി സ്വീകരിക്കേണ്ടതാണ്.

## 3.8.2.ജി.സി.ഡി.എ

***മുൻകൂർ ക്രമീകരിക്കുന്നില്ല***

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08 ഭാഗം 2 - ഖണ്ഡിക: 27*

മുൻകൂർ രജിസ്റ്ററുകളുടെ പരിശോധനയിൽ അതോറിട്ടിയുടെ നിയന്ത്രണത്തിലല്ലാത്ത സ്ഥാപനങ്ങൾക്ക് ഭീമമായ തുകകൾ മുൻകൂറായി നൽകിയിട്ടുണ്ടെന്ന് ബോധ്യപ്പെട്ടു. കാൽ നൂറ്റാണ്ട് പിന്നിട്ടിട്ടും ഈ തുകകൾ ക്രമീകരിക്കുന്നതിന് അതോറിറ്റിയുടെ ഭാഗത്തുനിന്നും

യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. 31.03.2008 വരെ ക്രമീകരിക്കാത്ത മുൻകൂർ തുക 5,46,46,806/-രൂപയാണ്.

***ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:*** *ശ്രീ.സി.വി.ജേക്കബ്,*
*അസിസ്റ്റന്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (റവന്യൂ),*

# 3.9. മുൻകൂർ തുക നൽകിയിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്ത പദ്ധതികൾ

*ദേശീയ ജോലിക്ക്കൂലി ഭക്ഷ ണം പരിപാടി ഉൾപ്പെടെ വിവിധ പദ്ധതികൾക്ക് മുൻകൂർതുക നൽകിയിട്ടുംപ്രവൃത്തി പൂർത്തീകരിക്കാത്ത തുമൂലം വൻതുകപാഴ്ചെലവായിമാറി. മൊബിലൈസേഷൻ അഡ്വാൻസ് നൽകി വർഷങ്ങൾ കഴിഞ്ഞിട്ടുംപ്രവൃത്തികൾ പൂർത്തീകരിക്കാത്തവയും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.*

## 3.9.1.കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് -എറണാകുളം ജില്ല

/ ***പണം മുൻകൂർ കൈപ്പറ്റിയിട്ടും പൂർത്തിയാക്കാത്ത മരാമത്ത് പണികൾ:***
*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003-04, ഖണ്ഡിക: 3-21*

അഡ്വാൻസ്/പാർട്ട് ബിൽ തുക കൈപ്പറ്റി പണി പൂർത്തിയാക്കാത്ത ഗുണഭോക്തൃ സമിതി കൺവീനർമാർക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്. (ത.ഭ.വകുപ്പിന്റെ സർക്കുലർ നം. 15687/ഡി.പി.1/01/16.5.2002)

| ക്രമ. നം. | പ്രോജക്ടിന്റെ പേര് | അഡ്വാൻസ്തുക/ പാർട്ട് ബിൽ തുക |
|---|---|---|
| 1 | തത്തപ്പിള്ളി കുളം പുനരുദ്ധാരണം | 50,000.00 |
| 2 | വല്യത്ത കോളനി തോട് സംരക്ഷണം | 50,000.00 |
| 3 | കാരിക്കാപ്പിള്ളി റോഡ് (എസ്.ജി. ആർ.വൈ) | 50,000.00 |
| 4 | മഹിളപ്പടി സംഘപറമ്പ് റോഡ് | 90,185.00 (പാർട്ട് ബിൽ) |
| | **ആകെ** | 2,22,185.00 |

## 3.9.2.നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്- വയനാട് ജില്ല

***ദേശീയ ജോലിക്ക് കൂലി ഭക്ഷണം പരിപാടി***
*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക: 3-5*

ഈ പ്രോഗ്രാമിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ആറ് പ്രവൃത്തികൾ ഇതുവരെയായും പൂർത്തീകരിച്ചിട്ടില്ല. മുൻകൂർ നൽകിയത് പാഴ്ചെലവായി. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | മുൻകൂർ നൽകിയ തുക |
|---|---|---|---|
| 1 | തോരാമംഗലം ജലസേചനകുളം | 250000 | 62500 |
| 2 | വാളംവയൽ കുളം നിർമ്മാണം | 1000000 | 100000 |
| 3 | തോട്ടാമൂല വയൽ ജലസേചന കുളം | 1000000 | 100000 |
| 4 | കല്ലൂട്ട് മൂല ജലസേചന കുളം | 1000000 | 34100 |
| 5 | പിലാക്കാവ് ജലസേചന കുളം | 400000 | 37800 |
| 6 | മാനിക്കുനി ചെക്ക് ഡാം | 1424000 | 100000 |
| | | ആകെ | 434400 |

## 3.9.3.തരിയോട് ഗ്രാമ പഞ്ചായത്ത്- വയനാട് ജില്ല

### *കുടുംബശ്രീ മുഖേന വീട് നിർമ്മാണം – വീടുകൾ പൂർത്തീകരിച്ചിട്ടില്ല*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക: 3-4*

2005-06-ൽ ജില്ലാപഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെട്ട 4 വീടുകളുടെയും ഗ്രാമ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെട്ട 4 വീടുകളുടെയും നിർമ്മാണം സുൽത്താൻ ബത്തേരിയിലെ സ്വാമിവിവേകാനന്ദ എഡ്യൂക്കേഷണൽ ആന്റ് കൾച്ചറൽട്രസ്റ്റ് മാനേജിംഗ് ട്രസ്റ്റി ശ്രീ.സി.എ. സജീവൻ മുഖേന നടത്തിയിട്ടുണ്ട്. കുടുംബശ്രീയെ ചുമതലപ്പെടുത്തിയ പ്രവൃത്തി ഇയാളെ ഏൽപ്പിക്കുകയായിരുന്നു. ഇദ്ദേഹവുമായി സാധുവായ കരാർ പഞ്ചായത്ത് സെക്രട്ടറിയോ/ കുടുംബശ്രീ ചാർജ്ജ് ഓഫീസറോ ചമച്ചിട്ടില്ല. കരാറുകാരന് 6,20,000/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല. ചെയ്ത പ്രവൃത്തിയുടെ മൂല്യം 2,34,500/- രൂപ മാത്രമേയുള്ളൂ. പണിപൂർത്തീകരിക്കാത്തതിനാൽ മൂല്യനിർണ്ണയ തുകയേക്കാൾ അധികം നൽകിയ 3,85,500/-രൂപ ഓഡിറ്റിൽ നിരാകരിക്കുകയും 2,34,500/-രൂപ തടസ്സത്തിൽ വെയ്ക്കുകയും ചെയ്യുന്നു. വീട് പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

***ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:*** *ശ്രീ.സി.ടി.രഘുനാഥൻ, സെക്രട്ടറി,*
*അംബിക എസ്റ്റേറ്റ്, കൊയിലാമൂല,*
*പൊഴുതന (പി.ഒ), വയനാട്*

## 3.9.4.വൈത്തിരി ഗ്രാമപഞ്ചായത്ത് - വയനാട് ജില്ല

### *ദേശീയ ജോലിക്ക് കൂലി ഭക്ഷണം പരിപാടി – മുൻകൂർ നൽകി പ്രവൃത്തി നടപ്പാക്കിയിട്ടില്ല:*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക: 3-2*

ജോലിക്ക്കൂലി ഭക്ഷണം പരിപാടി അനുസരിച്ച് വട്ടക്കുന്ന് ആദിവാസി കോളനി ചെക്ക് ഡാം, കരിമ്പിൻ കണ്ടി ജലസേചനം എന്നീ പ്രവൃത്തികൾ ഏറ്റെടുത്തിരുന്നു. ബഹു.ജില്ലാകളക്ടറുടെ 05.05.05-ലെ ബി.1-4257/04-ാം നമ്പർ ഉത്തരവ്പ്രകാരം പ്രവൃത്തികൾ നിർത്തിവെക്കാൻ

ആവശ്യപ്പെട്ടു. ടി പ്രവൃത്തികൾക്കായി മുൻകൂർ ഇനത്തിൽ 85,000/-രൂപ നൽകി. സെക്രട്ടറി യുടെയും കൺവീനറുടെയും സംയുക്തഅക്കൗണ്ടിൽ 55 ,000/-രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. എന്നാൽ പ്രവൃത്തികൾ ഒന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല. മുൻകൂർ ഇനത്തിൽ നൽകിയ തുക നിരാകരിക്കുകയും സംയുക്ത അക്കൗണ്ടിൽ ഉള്ള തുക തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

***ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:*** *ശ്രീ.സി.പി.ദേവസ്യ, ജൂനിയർ സൂപ്രണ്ട് (സെക്രട്ടറി ഇൻചാർജ്)*

## 3.9.5.എടവക ഗ്രാമ പഞ്ചായത്ത് - വയനാട് ജില്ല

### *ദേശീയ ജോലിക്ക് കൂലി ഭക്ഷണം പരിപാടി – മുൻകൂർ നൽകി പ്രവൃത്തി നടപ്പാക്കിയിട്ടില്ല:*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക: 3-8*

ബഹു: ജില്ലാകളക്ടർ അവർകളുടെ 05.10.05 ലെ ബി.1-4899/04 ഡി.ആർ.ഡി.എ നമ്പർ ഉത്തരവ് പ്രകാരം നാഷണൽ ഫുഡ് ഫോർ വർക്ക് പ്രോഗ്രാം നിർത്തലാക്കിയപ്പോൾ, പ്രവൃത്തി തുടങ്ങാതെ അനുവദിച്ച തുകകൾ സെക്രട്ടറിയുടെയും കൺവീനറുടെയും സംയുക്ത അക്കൗണ്ടിൽ നീക്കിയിരിപ്പുള്ളതായി കാണുന്നു. എടവക ഗ്രാമ പഞ്ചായത്തിൽ 37500/-രൂപ പിൻവലിച്ചിട്ടും പ്രവൃത്തി നടത്തിയതായി കാണുന്നില്ല. സംയുക്ത അക്കൗണ്ടിൽ പാഴ്നിക്ഷേപ മായി സൂക്ഷിച്ചിരിക്കുന്ന 56250/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക പഞ്ചായത്ത് ഫണ്ടിൽ തിരികെ അടക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | അഡ്വാൻസ് തുക/ ചെക്ക് | ചെലവഴിച്ച തുക | സെക്രട്ടറിയുടെ/ കൺവീനറുടെ സംയുക്ത അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക | പ്രവൃത്തിയുടെ പൂർത്തീകരണ വിവരം |
|---|---|---|---|---|---|---|
| 1 | കൂലോട്ട്മൂല വയൽ കുളം | 75000 | 18750/ 613406/ 23.06.05 | 7500 | 11250 | യാതൊരു പ്രവൃത്തിയും ചെയ്തിട്ടില്ല. |
| 2 | കോഴിഞ്ഞിലേരി വയൽ കുളം | 75000 | 18750/ 613407/ 20.07.05 | 7500 | 11250 | -- |
| 3 | വള്ളിയൂർ ചെക്ക് ഡാം | 225000 | 56250/ 613402/ 29.04.05 | 22500 | 33750 | -- |
| | ആകെ | | | 37500 | 56250 | |

***ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:*** *ശ്രീ.കെ.കെ.ചന്ദ്രശേഖരൻ, സെക്രട്ടറി*

## 3.9.6.കോട്ടത്തറ ഗ്രാമ പഞ്ചായത്ത് - വയനാട് ജില്ല

### *ജോലിക്ക് കൂലി ഭക്ഷണം പരിപാടി മുൻകൂർ തുക നൽകി. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല:*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക: 3-3*

ജോലിക്ക്കൂലി ഭക്ഷണം പരിപാടി അനുസരിച്ച് കോട്ടത്തറ ഗ്രാമപഞ്ചായത്ത്, പുതുശ്ശേരി കുന്ന് കുളം നിർമ്മാണം, മരവയൽ കുറിച്ച്യ കോളനി കുളം, മരവയൽ കുറുമ കോളനി കുളം, കരിങ്കുറ്റി കോളനി കുളം എന്നീ പ്രവൃത്തികൾ നടപ്പാക്കാൻ തീരുമാനിക്കുകയും കൺവീനർ മാർക്ക് മുൻകൂർ ആയി 65,500/-രൂപ നൽകുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(ആർ.റ്റി)3475/05.തസ്വഭവ തീയതി: 22.08.05 പ്രകാരം മുഴുവൻ പ്രവൃത്തികളും നിർത്തി വെയ്ക്കപ്പെട്ടു. സെക്രട്ടറിയുടെയും കൺവീനറുടെയും സംയുക്തഅക്കൗണ്ടിൽ 1 ,36,900/- രൂപ നീക്കിയിരുപ്പുമുണ്ട്.

## 3.9.7.തൃശൂർ ജില്ല

### *മൊബിലൈസേഷൻ അഡ്വാൻസ് നൽകി – പണി പൂർത്തിയാക്കിയിട്ടില്ല:*

തൃശൂർ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും പണി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിനോ അല്ലാത്തപക്ഷം 12% പലിശ സഹിതം തുക ഈടാക്കുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | പഞ്ചായത്ത് | പ്രവൃത്തിയുടെ പേര് | ഓഡിറ്റ് വർഷം | ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|---|
| 1 | കടങ്ങോട് ഗ്രാമ പഞ്ചായത്ത് | വെള്ളത്തേരി അംഗൻവാടി | 03-04 | 3-20 | 24762 | ശ്രീ.ശങ്കരൻ കുട്ടി, ജൂനിയർ സൂപ്രണ്ട്, ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ |
| | | പുത്തൻതോട് - കട്ടോമ്പിച്ചാൽ സംരക്ഷണം | 03-04 | 3-20 | 16350 | |
| | | പുത്തൻതോട് സംരക്ഷണം | 03-04 | 3-20 | 14000 | |
| | | ഒന്നാം വാർഡ് മിച്ചഭൂമി പൈപ്പ് ലൈൻ നീട്ടൽ | 03-04 | 3-20 | 17500 | |
| | | എയ്യാൽ ഭാഗം പൈപ്പ്ലൈൻ നീട്ടൽ | 03-04 | 3-20 | 10400 | |
| | | ചിണ്ടുംകടവ് രാജീവ് നഗർ കുടിവെള്ള പദ്ധതി. | 03-04 | 3-20 | 8850 | |
| | | പൈംകുളം പുനരുദ്ധാരണം കൺവീനർ, കെ.ഹരികൃഷ്ണൻ | 02-03 | 3-4 | 40866 | വി.ആർ.ധർമ്മ രാജൻ സ്പെ. ഗ്രേ.സെക്രട്ടറി, വരന്തരപ്പിള്ളി |
| | | ശ്മശാനം റോഡ് പ്രവൃത്തി കൺവീനർ, കെ.വി.സത്യൻ | 02-03 | 3-8 | 3729 | |
| | | അയ്യപ്പകുളം പുനരുദ്ധാരണം | 02-03 | 3-9 | 12500 | |

| | | | | | | |
|---|---|---|---|---|---|---|
| | കടങ്ങോട് ഗ്രാമ പഞ്ചായത്ത് | കാലടിമന താഴ്പ്പാടം കൺവീനർ: സി.എ.രാധാകൃഷ്ണൻ | 02-03 | 3-9 | 5000 | ശ്രീമതി. രേവമ്മ.ടി.ആർ. (റിട്ട.) സെക്രട്ടറി, രാജരേഖ, കോട്ടയിൽവീട് പൂത്തോൾ.പി.ഒ, തൃശ്ശൂർ |
| | | പന്നികുളം പുനരുദ്ധാരണം കൺവീനർ: വി.സുരേന്ദ്രൻ | 02-03 | 3-9 | 10000 | |
| | | പൈപ്പ് ലൈൻ നീട്ടൽ(ജനറൽ) കൺവീനർ, സുനിൽകുമാർ | 02-03 | 3-9 | 19500 | |
| | | പൈപ്പ് ലൈൻ നീട്ടൽ (എസ്.സി) കൺവീനർ: സി.എ.രാജൻ | 02-03 | 3-9 | 62473 | |
| | | കൈകുളങ്ങര ഗ്രന്ഥശാല നന്നാക്കൽ | 02-03 | 3-9 | 28520 | |
| | | പൈംകുളം പുനരുദ്ധാരണം കൺവീനർ: എ.എസ്.മണികണ്ഠൻ | 02-03 | 3-9 | 20000 | |
| | | പട്ടികജാതി കുടിവെള്ളം | 02-03 | 3-9 | 62500 | വി.ആർ.ധർമ്മരാജൻ, സ്പെ.ഗ്രേ. സെക്രട്ടറി, വരന്തരപ്പിള്ളി |
| | | ചിറമനങ്ങാട്-കുറിഞ്ഞൂർ റോഡ് | 02-03 | 3-9 | 45000 | ശ്രീമതി.രേവമ്മ. ടി. ആർ.(റിട്ട.) സെക്രട്ടറി, രാജരേഖ,കോട്ടയിൽ വീട്പൂത്തോൾ. പി.ഒ, തൃശ്ശൂർ |
| | | ചിറമനങ്ങാട് അംഗൻവാടി കെട്ടിടം കൺവീനർ: ചീരൻജോസ് | 02-03 | 3-9 | 48250 | |
| | | മണ്ണാൻകുന്ന് സാംസ്കാരിക നിലയം, കൺവീനർ: ജമാലുദ്ദീൻ | 02-03 | 3-9 | 25000 | ശ്രീമതി.തങ്കമണി, ജൂനിയർ സൂപ്രണ്ട്, കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ. |
| | | പുലിക്കപ്പാടം കോളനി റോഡ് കൺവീനർ, കെ.എം.അമീർ | 02-03 | 3-9 | 11500 | |
| | | ഹെൽത്ത് സെന്റർ റോഡ് അറ്റകുറ്റപ്പണി | 01-02 | 3-7 | 30000 | എൻ.ആർ.ജയൻ സെക്രട്ടറി, നാട്ടിക ഗ്രാമ പഞ്ചായത്ത്, തൃശൂർ. |

| | | | | | | |
|---|---|---|---|---|---|---|
| 2 | മതിലകം ബ്ലോക്ക് പഞ്ചായത്ത് | വാർഡ് 12-ലെ (കൈപ്പമംഗലം പഞ്ചായത്ത്) റോഡിന്റെ പാർശ്വഭിത്തി കെട്ടൽ | 02-03 | 3-9 | 55491 | ശ്രീ.കെ. ആർ. ദേവദാസ്, ബി.ഡി.ഒ. |
| | | മതിലകം പഞ്ചായത്ത് താലം-കഴുവിലങ്ങ് റോഡ് സൈഡ് കെട്ടൽ | 02-03 | 3-10 | 27500 | |
| | | പെരിഞ്ഞനം പഞ്ചായത്ത് അറവാ തോടിന്റെ സൈഡ് കെട്ടൽ | 02-03 | 3-10 | 41000 | |
| | | കൾവർട്ട് നിർമ്മാണം | 03-04 | 3-12 | 36385 | |
| ആകെ | | | | | 677076 | |

## 3.9.8. പത്തനംതിട്ട ജില്ലാ പഞ്ചായത്ത്

### (എ). തേക്കുംമല വനിതാ കമ്മ്യൂണിറ്റി – കം – ട്രെയിനിംഗ് സെന്റർ നിർമ്മാണം:

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003-04, ഖണ്ഡിക: 2-23*

2002-03-ലെ വാർഷിക പദ്ധതി പ്രകാരം തേക്കുംമല വനിതാ കമ്മ്യൂണിറ്റി-കം-ട്രെയിനിംഗ് സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിനായി 99,975/-രൂപയ്ക്കുള്ള ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ചു. പ്രവൃത്തിയുടെ കൺവീനർക്ക് 16.01.04-ൽ 22,900/-രൂപ മൊബിലൈസേഷൻ അഡ്വാൻസായി നൽകി. എന്നാൽ പ്രവൃത്തി നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. കൺവീനറിൽ നിന്നും 12% പിഴപ്പലിശ സഹിതം തുക ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി 26.10.06-ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും ആയതിനുമേൽ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

***ഉത്തരവാദിയായ ഉദ്യോഗസ്ഥർ***: *1. ശ്രീമതി.കെ.സുജാത.പി.ആർ,*
*രാജി നിവാസ്, പയ്യനാമൺ (കൺവീനർ)*
*2. ശ്രീ.എം.ജി.സദാനന്ദൻ,*
*അസിസ്റ്റന്റ് എഞ്ചിനീയർ (അഡീഷണൽ ചാർജ്)*

### (ബി). അഡ്വാൻസ് കൈപ്പറ്റിയ കൺവീനർ പ്രവൃത്തി പൂർത്തിയാക്കിയില്ല:

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003-04, ഖണ്ഡിക: 2-6*

പത്തനംതിട്ട ജില്ലയിലെ തുമ്പമൺ, പന്തളം കൃഷി ഭവനുകളുടെ കീഴിൽ വരുന്ന മാവര തോടിന്റെ വീതിയും ആഴവും കൂട്ടുന്ന പദ്ധതിയുടെ ഭാഗമായി 26.03.04-ൽ 25,000/-രൂപ പ്രവൃത്തിയുടെ കൺവീനർക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ നൽകി. പ്രവൃത്തി നാളിതുവരെ പൂർത്തിയാക്കുകയോ, അഡ്വാൻസ് തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

***ഉത്തരവാദിയായ ഉദ്യോഗസ്ഥൻ***: *ശ്രീ.കെ.ശിവാനന്ദൻ, ഡെപ്യൂട്ടി ഡയറക്ടർ,*
*കൃഷി (വാട്ടർ മാനേജ്മെന്റ്)*

### *(സി). മണ്ണു സംരക്ഷണ പ്രദ്ധതികൾ – മുൻകൂർ കൈപ്പറ്റിയ കൺവീനർമാർ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല:*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക: 3-31*

ജില്ലാ മണ്ണു സംരക്ഷണ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന 19 മണ്ണ് സംരക്ഷണ പ്രവൃത്തികളുടെ കൺവീനർമാർ മുൻകൂർ കൈപ്പറ്റിയ തുക ഓഡിറ്റ് തീയതി വരെയും ക്രമപ്പെടുത്താതെഅവശേഷിക്കുന്നു. (2003 -04 മുതലുള്ളത്). പ്രവൃത്തികൾ പൂർത്തീകരിക്കാതെ 17,54,326/-രൂപ ഇപ്രകാരം ക്രമപ്പെടുത്താൻ അവശേഷിക്കുന്നു. തുക പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണ്.

***ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:*** *ശ്രീ.എസ്.ബിജു, സോയിൽ കൺസർവേഷൻ ഓഫീസർ.*

## 3.10.കൂടുതൽ അന്വേഷണം ശുപാർശ ചെയ്യുന്നത്

*വഴിവിട്ടരീതിയിൽ പ്രവൃത്തി നിർവ്വഹിച്ചതും ധനസഹായം ദുരുപയോഗംചെയ്തതും, സ്റ്റാഫ് പാറ്റേൺ പരിഗണിക്കാതെയുള്ള അധ്യാപക നിയമനം എന്നിവ സംബന്ധിച്ചും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട നിരീക്ഷണങ്ങളിന്മേൽ അധിക ബാധ്യത വന്നിട്ടുണ്ടോ എന്നറിയുന്നതിന് വിവിധ ജില്ലകളിലെ താഴെപ്പറയുന്ന ഓഡിറ്റ് പരാമർശങ്ങളിൽ കൂടുതൽ അന്വേഷണം ശുപാർശചെയ്യുന്നു.*

### 3.10.1.വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത്-തൃശ്ശൂർ ജില്ല

***കൊയ്ത്തുമെതി യന്ത്രം – അധികചെലവ്***

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004-05, ഖണ്ഡിക: 3-1*

2002-03 വർഷത്തിൽ പ്രാവർത്തികമാക്കാൻ നിശ്ചയിച്ച് അംഗീകാരം വാങ്ങിയ ഈ പ്രോജക്ടിന്റെ പ്രധാന ഇനമായ കൊയ്ത്തുമെതി യന്ത്രം വാങ്ങാൻ കാംകോയ്ക്ക് തുക നൽകിയത് 27.03.2003-ൽ മാത്രമാണ്. മുൻകൂർ തുക 1265500/-രൂപ നൽകി 7 മാസം കഴിഞ്ഞ് കൊയ്ത്തു മെതി യന്ത്രം നൽകാൻ കഴിയില്ലെന്നറിയിക്കുകയും വീണ്ടും മൂന്നര മാസം മാത്രം കഴിഞ്ഞ് വാങ്ങിയ തുക തിരിച്ചു നൽകുകയും ചെയ്തു. കാംകോയ്ക്ക് എതിരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

റെയ്ഡ്കോയ്ക്ക് 25.03.04-ൽ യന്ത്രത്തിന്റെ വിലയായ 15,38,628/-രൂപ നൽകിയെങ്കിലും 01.10.04-ൽ മാത്രമാണ് യന്ത്രം കൈമാറിയത്. റെയ്ഡ്കോയുടെ പേരിലും കാലതാമസം വരുത്തിയതിന്റെ പേരിൽ നടപടി എടുത്തിട്ടില്ല.

മെതിയന്ത്രത്തിന്റെ പ്രവർത്തനം പരിശോധിച്ചതിൽ സ്പെയർ പാർട്ട്സിന്റെ ചെലവ് ഭീമമായിരുന്നു എന്ന് കാണുന്നു. 01.10.04 മുതൽ 30.09.07 വരെയുള്ള കാലയളവിലെ ചെലവിൽ സ്പെയർപാർട്ട്സിന്റെ മാത്രം ചെലവ് 8,66,170/-രൂപയായിരുന്നു. സ്പെയർപാർട്ട്സ്

ചെലവിന്റെ യഥാസ്ഥിതി വിശദമായ പരിശോധന ആവശ്യപ്പെടുന്നതാണ്. മാറ്റിയ പഴയ സാധനങ്ങൾ സ്റ്റോക്ക് എടുത്തതിന്റെ സാക്ഷ്യപത്രം ഇല്ലാതെയാണ് സ്പെയർപാർട്ട്സിന്റെ ചെലവ് നടത്തിയത്

മൂന്നര വർഷംമാത്രം പ്രവർത്തനംനടത്തി നിർത്തിവച്ച നിലയിൽ പഞ്ചായത്ത് കോമ്പൗണ്ടിൽ കിടക്കുന്ന ഈ മെഷീന്റെ അവസ്ഥ സംബന്ധിച്ച് വിശദമായ സാങ്കേതിക പരിശോധന നടത്തേണ്ടതാണ്. വിശദപരിശോധനയ്ക്കായി മൊത്തം ചെലവ്തുക 15,38,628/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3.10.2. തിരൂർ ബ്ലോക്ക് പഞ്ചായത്ത് - മലപ്പുറം ജില്ല

### *സ്വയംസഹായ സംഘങ്ങൾക്ക് ധനസഹായം നൽകിയത് ദുരുപയോഗം ചെയ്തത് സംബന്ധിച്ച്*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക: 2(7)*

സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം നൽകിയതിന്റെ ചെലവ് സംബന്ധമായ വിശദാംശം നേരിൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണപ്പെട്ടു.

*(i).* ***കക്ക സംസ്കരണ പാക്കേജ് (പ്രൊ.നം.32/03)***: *ഒരു ലക്ഷം രൂപ ചെലവഴിച്ചുവെങ്കിലും ഏകദേശം 1000/-രൂപ പോലും വില മതിക്കാത്ത ഒരു ഓല ഷെഡ്ഡും മൺചൂളയും മാത്രമാണ് പരിശോധനയിൽ കാണപ്പെട്ടത്.*

*(ii.)* ***നാളികേര സംസ്കരണം (പ്രൊ.നം.030/03)***: *3 ലോഡ് കരിങ്കല്ല് തനിയെ പാക്ക് ചെയ്ത രൂപത്തിൽ അട്ടിവെച്ചത് മാത്രമാണ് പരിശോധനയിൽ കാണപ്പെട്ടത്.*

*(iii).* ***ആട് ഫാമിന് ഭൗതിക സാഹചര്യം ഒരുക്കൽ (പ്രൊ.നം.031/05)***: *4,01,000/- രൂപ ചെലവഴിച്ചു വെങ്കിലും കെട്ടിടത്തിന്റെ തറയും കുറച്ച് പില്ലറുകൾ കെട്ടിയതും മാത്രമാണ് സൈറ്റിൽ കാണപ്പെട്ടത്.*

സംഘങ്ങൾക്ക് നൽകിയ ധനസഹായത്തിന്റെ വിനിയോഗം സംബന്ധിച്ച് അന്വേഷണം വേണ്ടതാണ്.

## 3.10.3. കണ്ണൂർ നഗരസഭ

### *മാലിന്യം നീക്കുന്നതിന് എസ്കവേറ്റർ ഉപയോഗിച്ചത് – വഴിവിട്ട നടപടികൾ*

*ഓഡിറ്റ് റിപ്പോർട്ട് 2006-07, ഖണ്ഡിക 3-6*

നഗരസഭയിലെ മാലിന്യ സംസ്ക്കരണം നടക്കുന്ന ചേലോറ ട്രഞ്ചിങ് ഗ്രൗണ്ടിൽ കുഴികൾക്കരികിൽ മാലിന്യം എത്തിക്കാൻ എസ്കവേറ്റർ ഉപയോഗിക്കാനുള്ള നടപടികൾ എച്ച്-1 19672/06 നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുണ്ട്. മഴക്കാലത്തെ അടിയന്തിര സാഹചര്യം പരിഗണിച്ച് ടെണ്ടർ ക്ഷണിക്കാതെ ഹാന്റ് ക്വട്ടേഷൻ വാങ്ങിയാണ് കരാറുകാരനെ കണ്ടെത്തിയത്. ലഭിച്ച രണ്ട് ക്വട്ടേഷനുകൾ സമർപ്പിച്ചവർ ഒരേ സ്ഥാപനത്തിന്റെ പ്രതിനിധികളാണ് എന്ന് ക്വട്ടേഷനുകളിലെ ഒരേ ടെലഫോൺനമ്പർ വ്യക്തമാക്കുന്നു. 08.08.06 ന് ചെയർമാൻ മുൻകൂർ അനുമതി

നൽകുകയും 09.08.06-ന് വർക്ക് ഓർഡർ നൽകുകയും ചെയ്ത പ്രവൃത്തി 03.08.06 മുതൽ ആരംഭിച്ചതായും പേമെന്റ് നടത്തിയതായും കാണുന്നു. എന്നാൽ വിതരണ പ്രതിവേട് പ്രകാരം ഫയൽ സെക്ഷൻ കൈപ്പറ്റുന്നത് 14.08.06 ന് മാത്രമാണ്. ഫയൽ കൈകാര്യം ചെയ്തവർ ഒപ്പിട്ട തീയതികളിൽ ഉടനീളം തിരുത്തലുകളുണ്ട്. മഴക്കാലത്തെ പ്രത്യേക സാഹചര്യം ചൂണ്ടിക്കാണിച്ച് ആഗസ്റ്റിൽ ആരംഭിച്ച പ്രവൃത്തി അടുത്ത മാർച്ച് വരെ ഇതേകരാറുകാരനെ ഉപയോഗിച്ച് നടത്തി 612 മണിക്കൂർ ടിപ്പർ പ്രവർത്തിപ്പിച്ചതിന് 478360/-രൂപ ഇദ്ദേഹത്തിന് നൽകി. നിശ്ചിത മണിക്കൂർ മെഷീൻ പ്രവർത്തിപ്പിച്ചതിനുള്ള കരാറുകാരന്റെ അവകാശവാദം അതേ പടി അംഗീകരിച്ച് തുക അനുവദിക്കുകയായിരുന്നു. തുക നൽകുമ്പോൾ ആദായ നികുതി ഈടാക്കിയിട്ടില്ല. ഈ കരാറുകാരൻ സർക്കാർ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയ ആളാണ് എന്ന് ഫയലിൽ രേഖകളുണ്ട്. ഈ പ്രവൃത്തി യഥാർത്ഥത്തിൽ ആവശ്യമായിരുന്നില്ല എന്ന് നഗരസഭ യിലെ അസി.എഞ്ചിനീയറും ( പ്രവൃത്തിയുടെ നിർവ്വഹണത്തിൽ വ്യാപകമായ അഴിമതി നടന്നുവെന്ന് നഗരസഭാ സെക്രട്ടറിയും ഫയലിൽ നോട്ട് എഴുതിയിട്ടുണ്ട്. വഴിവിട്ടതും സംശയം ജനിപ്പിക്കുന്നതുമായ നടപടികൾ സംബന്ധിച്ച് വകുപ്പു തല അന്വേഷണം ആവശ്യമാണ്.

| ക്രമ നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും വിലാസവും | ചെലവു തുക |
|---|---|---|
| 1 | ശ്രീ.ടി.സന്തോഷ്, അഴകത്ത് ഹൗസ്,തെക്കേവിള പി.ഒ, കൊല്ലം ജില്ല. | 40000 |
| 2 | ശ്രീ.ബി.ഇന്ദ്രബാലൻപിള്ള, ഗൗരി, കോട്ടക്കകം, തൃക്കടവൂർ, പെരിനാട് പി.ഒ, കൊല്ലം ജില്ല. | 438360 |
| | ആകെ | 478360 |

## 3.10.4.തൃശ്ശൂർ നഗരസഭ

### *വിവിധ വൈദ്യുതീകരണ പ്രവർത്തനങ്ങൾ – നിലവിലുള്ള നിയമങ്ങൾ പാലിച്ചില്ല*

*വൈദ്യുതി വിഭാഗം-2004-05വർഷത്തെ ചെലവ് ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക: 2-10*

2004-05 വർഷത്തെ കേരള വികസന പദ്ധതിയിൽപ്പെടുത്തിയ വിവിധ ഇലക്ട്രിക്കൽ വേലകൾ 08.06.2004-ലെ 4-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം 'കിറ്റ്കോ'യെ ഏൽപ്പിച്ചിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റോ, റഫ്കോസ്റ്റ് എസ്റ്റിമേറ്റോപോലും തയ്യാറാക്കാതെ ഒന്നാംഘട്ട നിർവ്വഹണത്തിനായി വൗച്ചർ നം.62/20.01.2005 പ്രകാരം 2,40,21,200/-രൂപ 20.01.2005-ലെ കരാറടിസ്ഥാനത്തിൽ കിറ്റ്കോയ്ക്ക് മുൻകൂർ നൽകിയിട്ടുണ്ട്. ആകെ അടങ്കൽ തുക 12,01,06,000/-രൂപ എന്ന് കണക്കാക്കി അതിന്റെ 20% തുകയാണ് മുൻകൂർ നൽകിയിരിക്കുന്നത്.

ചട്ടങ്ങൾ ഒന്നുംതന്നെ പാലിക്കാതെയാണ് പദ്ധതിയ്ക്ക് തുടക്കം ഇട്ടിട്ടുള്ളത്.

1997-ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധന ങ്ങൾ വാങ്ങലും) ചട്ടങ്ങളിലെ ചട്ടം 6(1) പ്രകാരം മതിയായ തുക ബജറ്റിൽ വകയിരുത്താതെയും 217-ാം വകുപ്പുപ്രകാരം ഭരണാനുമതി ലഭിക്കാതെയും വിശദമായ പ്ലാനും എസ്റ്റിമേറ്റും

തയ്യാറാക്കാതെയും 7-ാം ചട്ടപ്രകാരം സാങ്കേതികാനുമതി ലഭിക്കാതെയും യാതൊരു മുനിസിപ്പാലിറ്റിയും ഒരു പൊതുമരാമത്ത് പണിയും ആരംഭിക്കുവാൻ പാടുള്ളതല്ല.

08.08.2001-ലെ സർക്കാർ ഉത്തരവ് (സാധാരണ) നം.2515/2001/ത.സ്വ.ഭവ. അനുസരിച്ച് കിറ്റ്കോയെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസിയായി അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനം പൊതുമരാമത്ത്, ഷെഡ്യൂൾ നിരക്കിൽ പ്രവൃത്തികൾ റ്റെടുത്ത് നടപ്പാക്കണം എന്നിരിക്കെയാണ് എസ്റ്റിമേറ്റ് പോലും തയ്യാറാക്കാതെ രണ്ടരക്കോടി രൂപയോളം മുൻകൂർ നൽകിയിരിക്കുന്നത്.

കരാർപ്രകാരം, ജോലി പൂർത്തീകരിക്കേണ്ടത് കരാർ തീയതിയായ 20.01.2005 മുതൽ 15 മാസം ആണ്. കരാർ വ്യവസ്ഥയിലെ 3(4) (പേജ് നം.5) അനുസരിച്ച് പദ്ധതിയുടെ അടങ്കൽ തുകയുടെ 1% പലിശ 5 മാസത്തേയ്ക്കും അത് കഴിഞ്ഞാൽ പദ്ധതി പ്രിമൈസ് കൈവശപ്പെടു ത്താവുന്നതാണ് എന്നുമാണ് കരാർ തെറ്റിയാലുള്ള വ്യവസ്ഥ. എന്നാൽ പിഴ ഈടാക്കുന്ന തിന് യാതൊരു നടപടിയും നഗരസഭ സ്വീകരിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ, മുൻകൂർ നൽകിയ 2,40,21,200/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുകയും വിശദമായ അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുകയും ചെയ്യുന്നു.

***ഉത്തരവാദിയായ ഉദ്യോഗസ്ഥർ:*** *1. ശ്രീ.എസ്.ജയകുമാർ, അസിസ്റ്റന്റ് സെക്രട്ടറി,*
*ലക്ഷ്മി നിവാസ്, കാഞ്ഞിരംകുളം, തിരുവനന്തപുരം.*
*2. ശ്രീ.വി.കെ.രാജൻ, അസിസ്റ്റന്റ് സെക്രട്ടറി,*
*കുന്നംകുളം മുനിസിപ്പാലിറ്റി.*

## 3.10.5. ഹോർട്ടികൾച്ചർകോളേജ്, വെള്ളാനിക്കര-തൃശ്ശൂർ ജില്ല

***സ്റ്റാഫ് പാറ്റേൺ പരിഗണിക്കാതെയുള്ള അധ്യാപക നിയമനം:***
*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക: 4*

നിലവിലുള്ള അംഗീകൃത സ്റ്റാഫ് പാറ്റേൺ ലംഘിച്ചുകൊണ്ട് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ തുടങ്ങിയ കേഡറുകളിൽ സയന്റിഫിക് സ്റ്റാഫിനെ അധികമായി നിയമിച്ചതിനാൽ ഭീമമായ സാമ്പത്തിക ബാധ്യത ഹോർട്ടികൾച്ചർ കോളേജിനും സർവ്വകലാശാലയ്ക്കും ഉണ്ടായി. അധികമായി നിയമിച്ചവരുടെ അടിസ്ഥാന ശമ്പളത്തിന്റെയും തൻവർഷം നിലവിലുള്ള ഡി.എ.യുടെയുംഅടിസ്ഥാനത്തിൽ കണക്കാക്കുമ്പോൾ തൻവർഷം മാത്രം 36.83 ലക്ഷത്തിലധികം രൂപയുടെ അധികബാധ്യത ഇതുമൂലം ഉണ്ടായിട്ടുണ്ടെന്നു കാണുന്നു. ടി നിയമനങ്ങളുടെ സാധുത, ആയവമൂലം തുടർച്ചയായി വരുന്നഅധികബാധ്യത എന്നിവയെക്കുറിച്ച് അന്വേഷണവും നടപടികളും സർവ്വകലാശാലാ ഭരണവിഭാഗത്തോട് നിർദ്ദേശിക്കുന്നു.

# 3.11.ധനദുർവിനിയോഗം/പാഴ്ചെലവുകൾ

*വിവിധ പദ്ധതി പ്രവൃത്തികളും പദ്ധതിയേതര പ്രവൃത്തികളും നടപ്പിലാക്കിയതിലൂടെ വൻതോതിലുള്ള സാമ്പത്തിക ദുർവിനിയോഗവുംപാഴ്ചെലവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടായതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അത് സംബന്ധിച്ച വിശദവിവരമാണ് ഇതോടൊപ്പം ചേർത്തിരിക്കുന്നത്.*

## 3.11.1.മേത്തല ഗ്രാമ പഞ്ചായത്ത്-തൃശ്ശൂർ ജില്ല

***വെള്ളക്കരം -പഞ്ചായത്തിന് പിഴ പലിശ:***

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2001-02, ഖണ്ഡിക: 3-1*

2001-2002 സാമ്പത്തിക വർഷാവസാനത്തിൽ ഗ്രാമപഞ്ചായത്തിന് വെള്ളക്കരം ഇനത്തിൽ 27,28,947/-രൂപയും പിഴപലിശ 93,965/-രൂപയും വാട്ടർ അതോറിറ്റിക്ക് നൽകേണ്ടതായിരുന്നു. സാമ്പത്തിക വർഷാരംഭത്തിൽ പാസ്സാക്കിയ ബജറ്റ് പ്രകാരം 400000/-രൂപ വെള്ളക്കരം അടവാക്കുന്നതിനുവേണ്ടി മാറ്റിവെച്ചിരിക്കുന്നതായി കാണുന്നു. മണൽ വിൽപനയിൽ നിന്നു മാത്രം 1745900/-രൂപ മേൽസാമ്പത്തിക വർഷത്തിൽ പഞ്ചായത്തിനു ലഭിച്ചിട്ടുണ്ട്. മാത്രമല്ല 2001-2002 വർഷത്തെ സാമ്പത്തിക പത്രിക പ്രകാരം 3121450/-രൂപ വർഷാന്ത്യ ബാലൻസ് ഇനത്തിൽ ഉള്ളതായി കാണുന്നു. ഇത്രയും വരുമാനം ലഭ്യമായിട്ടും വാട്ടർ അതോറിറ്റിക്ക് വെള്ളക്കരമിനത്തിൽ നൽകേണ്ടതായ തുക നൽകാതിരിക്കുന്നതും തത്ഫലമായി ഭീമമായ പിഴപലിശ അടവാക്കേണ്ടി വരുന്നതും ഒട്ടും ആശാസ്യമായ നടപടിയല്ല.

***ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:*** *1. ശ്രീ.എം.കെ.രവീന്ദ്രനാഥൻ, സെക്രട്ടറി.*
*2. ശ്രീ.എം.ആർ.സത്യശീലൻ, സെക്രട്ടറി.*

## 3.11.2.തിരുവനന്തപുരം നഗരസഭ

***ഷാസു പദ്ധതിയിൽ വൻ സാമ്പത്തിക നഷ്ടം:***

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004-05, ഖണ്ഡിക: 2.20*

ചേരി പുനരുദ്ധാരണത്തിന്റെ ഭാഗമായി കേന്ദ്രസർക്കാരിന്റെ നെഹ്റു തൊഴിൽദാന പദ്ധതിയുടെ കീഴിൽ തിരുവനന്തപുരം കോർപ്പറേഷന്റെ യു.പി.എ.വിഭാഗം നടപ്പാക്കിയതാണ് ഷാസു. (SHASU - Scheme for Housing And Shelter Upgradation) അയൽക്കൂട്ടങ്ങൾ വഴി അപേക്ഷക്ഷണിച്ച് ADS വഴി തെരഞ്ഞെടുക്കപ്പെടുന്ന അർഹരായ ഓരോ ഗുണഭോക്താവിനും വായ്പയായി 9,950/-രൂപയും സബ്സിഡിയായി 1000/-രൂപയും (60:40 അനുപാതത്തിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ലഭ്യമാക്കുന്നു)അനുവദിക്കുന്നു. കെ.യു.ഡി.എഫ്.സി-യിൽ നിന്ന് ലഭിക്കുന്ന വായ്പ 10 വർഷത്തെ കാലയളവിൽ 10.5% പലിശയോടെ 40 പാദവർഷത്തവണകളായി കോർപ്പറേഷനിൽ തിരിച്ചടയ്ക്കേണ്ടതാണ്.

കെ.യു.ഡി.എഫ്.സി-യുമായി നഗരസഭ കരാറിലേർപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 724 ഗുണഭോക്താക്കൾക്കായി 9950/-രൂപ നിരക്കിൽ 72,03,800/-രൂപ കെ.യു.ഡി.എഫ്.സി തിരുവനന്തപുരം നഗരസഭയ്ക്ക് നൽകി.

വായ്പ അടച്ചുതീർത്ത 133 ഗുണഭോക്താക്കൾക്ക് 1000/-രൂപ നിരക്കിൽ സബ്സിഡി ലഭ്യമാക്കാതെ എൻ.എസ്.ഡി.പി. ഫണ്ടിൽ നിന്ന് 3000/-രൂപ നിരക്കിൽ ആകെ 3,99,000/-രൂപ നൽകിയ നഗരസഭയുടെ നടപടിയ്ക്ക് സർക്കാരിൽ നിന്നും സാധൂകരണം തേടിയിട്ടില്ല.

ലഭിച്ച വായ്പയ്ക്ക് മതിയായ ഗുണഭോക്താക്കളെ കണ്ടെത്താതിരുന്നതിനാലും ആവശ്യമില്ലാത്ത തുക തിരിച്ചടയ്ക്കാതിരുന്നതിനാലും വിതരണം ചെയ്യാത്ത വായ്പാതുകയ്ക്ക് പലിശയായി വൻതുകഅടക്കുക വഴി നഗരസഭയ്ക്ക് നഷ്ടമുണ്ടായി. ഈ നഷ്ടം പിന്നീടുള്ള വർഷങ്ങളിലും തുടരുകയാണ്. പലിശയിനത്തിൽ 31.03.2005 വരെ അടച്ച 1,10,628/-രൂപ നിരാകരിയ്ക്കുന്നു. സബ്സിഡി തുക 3,99,000/-രൂപ തടസ്സപ്പെടുത്തുന്നു.

***ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:*** *ശ്രീ.റ്റി.കെ.രവീന്ദ്രൻ, സെക്രട്ടറി, തിരുവനന്തപുരം നഗരസഭ.*

## 3.11.3.കോട്ടയം നഗരസഭ

### *(എ). നഗരസഭ വക മാമ്മൻമാപ്പിള ഹാൾ – അഡീഷണൽ പവർ അലോക്കേഷന് യഥാസമയം നടപടി സ്വീകരിക്കാത്തത് മൂലം നഷ്ടം:*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക: 3-4 (ഡി)*

മാമ്മൻമാപ്പിള ഹാളിനുവേണ്ടിയുള്ള ഹൈടെൻഷൻ വൈദ്യുത സപ്ലൈ കരാർ അനുസരിച്ചുള്ള പവർ അലോക്കേഷൻ 150 കെ.വി.എ.ആണ്. മാക്സിമം ഡിമാൻഡ് 150 കെ.വി.എ. യിൽ അധികരിച്ചാൽ അപേക്ഷ നൽകി പവർ അലോക്കേഷൻ വർദ്ധിപ്പിച്ച് വാങ്ങേണ്ടതും പുതുക്കിയ ഹൈടെൻഷൻ എഗ്രിമെന്റ് വയ്ക്കേണ്ടതുമാണ്. ഇതിന്റെ അഭാവത്തിൽ 150 കെ. വി.എ.യിൽ അധികരിക്കുന്ന ഓരോ കെ.വി.എ.യ്ക്കും നിലവിലുള്ള 350/-രൂപയ്ക്കു പുറമേ പ്രതിമാസം 175/-രൂപ അധികമായി വൈദ്യുതി ബോർഡിന് നൽകേണ്ടതുണ്ട്. 2/05 മുതൽ 3/08 വരെയുള്ള എല്ലാ മാസങ്ങളിലും വൈദ്യുതി ചാർജ് 150 കെ.വി.എ.യിൽ അധികരിച്ചിട്ടുള്ളതും തന്മൂലം 1,74,300/-രൂപ ഇലക്ട്രിസിറ്റി ബോർഡിന് അധികഫീസായി ടി കാലയളവിൽ നൽകേണ്ടിവരുകയും ചെയ്തു. അഡീഷണൽ പവർ അലോക്കേഷന് അപേക്ഷിക്കാത്ത പക്ഷം പവർകണക്ഷൻ വിഛേദിക്കുമെന്ന് കോട്ടയം ഇലക്ട്രിക്കൽ സർക്കിൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 20.05.06-ലെ കത്ത് പ്രകാരം മുന്നറിയിപ്പ് ലഭിച്ചതിനുശേഷം 02.08.06-ൽ 50 കെ.വി.എ അഡീഷണൽ പവർഅലോക്കേഷന് അപേക്ഷിച്ചുവെങ്കിലും തുടർനടപടികളൊന്നും നാളിതുവരെ സ്വീകരിച്ചിട്ടില്ല. ആയതിന് നടപടികൾ സ്വീകരിക്കുന്നതിന് ഉത്തരവാദികളായ

മുനിസിപ്പൽ എഞ്ചിനീയർ,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നന്നും നഗരസഭയ്ക്ക് നഷ്ടമായ 1,74,300/-രൂപ തുല്യമായി ഈടാക്കേണ്ടതാണ്.

***ഉത്തരവാദിയായ ഉദ്യോഗസ്ഥർ***: *1. ശ്രീ.ജോസ് മൈക്കിൾ, മുനിസിപ്പൽ എഞ്ചിനീയർ -87150/-രൂ.*
*2.ശ്രീ.എം.മുരളീകൃഷ്ണൻ,അസി.എക്സി.എഞ്ചിനീയർ-87150/-രൂ*

### *(ബി). മാമ്മൻ മാപ്പിളഹാൾ – പവർ ഫാക്ടർ ക്ഷയം*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക: 3-4 (ഇ)*

13.04.05-ലെ ബി.ഒ.(എഫ്.എം) 1172/2005 നമ്പർ ഉത്തരവ് പ്രകാരം കെ.എസ്.ഇ.ബി. 01.04.05 പ്രാബല്യത്തിൽ റഗുലേറ്ററി കമ്മീഷന്റെ റ്റി.ഒ.ഡി.മീറ്ററിംഗ് പ്രാവർത്തികമാക്കുന്നതിനുള്ള ഉത്തരവ് നടപ്പാക്കുകയുണ്ടായി. ഇതനുസരിച്ച് പവർ ഫാക്ടർ 0.9 നും 01.00 നും ഇടയിൽ മെച്ചപ്പെടുത്തിയാൽ ഓരോ 0.01 യൂണിറ്റ് വർദ്ധനയ്ക്കും എനർജി ചാർജ്ജിന്റെ 0.15% ഇളവായി നൽകാനും 0.9 നും താഴെ വരുന്ന ഓരോ 0.01 യൂണിറ്റിനും ചാർജ്ജിന്റെ 1% പിഴ ഈടാക്കാനും ഉത്തരവായി. നഗരസഭാ ഹാളിൽ (മാമ്മൻമാപ്പിള ഹാൾ) കപ്പാസിറ്റർ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ പവർ ഫാക്ടർ 0.90 ൽ പോലും നിലനിർത്താൻ കഴിഞ്ഞില്ലെന്ന് മാത്രമല്ല 0.59 വരെ താഴുകയും ചെയ്തു. തന്മൂലം 4/05 മുതൽ 3/08 വരെ ഈ ഇനത്തിൽ 1,33,925/-രൂപ നഗരസഭ പിഴ അടയ്ക്കേണ്ടിവന്നു. ഈ നഷ്ടത്തിനുത്തരവാദികളായ മുനിസിപ്പൽ എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും നഗരസഭാ ഫണ്ടിന് നഷ്ടമായ തുക തുല്യമായി ഈടാക്കേണ്ടതാണ്.

***ഉത്തരവാദിയായ ഉദ്യോഗസ്ഥർ***: *1. ശ്രീ.ജോസ് മൈക്കിൾ,*
*മുനിസിപ്പൽ എഞ്ചിനീയർ -66,963/-രൂപ*
*2. ശ്രീ.എം.മുരളീകൃഷ്ണൻ,*
*അസി.എക്സി.എഞ്ചിനീയർ -66,962/-രൂപ*

## 3.11.4.കേരള കാർഷിക സർവ്വകലാശാല-തൃശ്ശൂർ ജില്ല.

### *ലെയറിങ്മോസ് വാങ്ങിയതിലെ അധികച്ചെലവ്*

*ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക: 11*

3,41,187/- രൂപ ചെലവഴിച്ച് തൻവർഷം വാങ്ങിയ 6823.75 കി.ഗ്രാം ലെയറിങ് മോസ് മുഴുവനായും വിതരണം ചെയ്തതായി സ്റ്റോക്ക്രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ തൻവർഷം നടന്ന 33494 എണ്ണം ലെയറിങ്ങിന് ആവശ്യമായ സാമാന്യമായഅളവ് മോസ് 1674.7 കി.ഗ്രാം ആണ്. മാർക്കറ്റിൽ ദുർലഭമായ ലെയറിങ് മോസ് അധികരിച്ച അളവിൽ വാങ്ങിയതിനാലും ലെയറിങ് എണ്ണത്തിന്റെ അനുപാതവുമായി പൊരുത്തപ്പെടാത്ത വിധം മുഴുവൻ മോസും വിതരണം ചെയ്തതിനാലും അധികമായി വാങ്ങിയ മോസിന്റെ വിലയായ 2,57,452/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

❋❋❋❋❋